പുസ്തകം 79
ലക്കം 6
ജൂൺ 2007
ഇഹ്സാൻ 1386
ജ. അവ്വൽ - ജ. ആഖിർ 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) 6520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


لا اله الا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം**


4 ***യുഗശബ്ദം***

5 ***മുഖക്കുറിപ്പ്***

6 ***മനുഷ്യനും മലക്കുകളും***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഖുത്വ്ബ**

7 ***സാഹിബ് സാദ ഹദ്റത്ത് മിർസാ വസിം അഹ്മദ്***
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് - V

**ലേഖനം**

12 ***മൂസാനബി(അ)യുടെ വടി: ദിവ്യാൽഭുതത്തിന്റെ യാഥാർത്ഥ്യമെന്ത്?***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

15 ***ദൈവത്തിന്റെ മഹിമാ വിലാസം വാഗ്ദത്ത മസീഹിലൂടെ***
മഹ്മൂദ് കൽക്കുളം

19 ***ഹദ്റത്ത് അഹ്മദി (അ)-നു വെളിപാടുകൾ ലഭിച്ചുതുടങ്ങുന്നു***
എ. ക്യു. മഹ്ദി

23 ***ജാഹിലിയ്യാ മരണം വിധിക്കപ്പെട്ടവർ***
മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

25 ***ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബ്***
മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്

**കവിത**

14 ***'ബിയാസ്" ശാന്തമായൊഴുകുന്നു***
എസ്. വി. മുഹമ്മദ് ഫസൽ

**അനുസ്മരണം**

28 ***ഓർമ്മകളിലെ മിയാൻ സാഹിബ്***
കെ.എ. അബ്ദുൽ കലാം, കൊച്ചി

**ജീവചരിത്രകുറിപ്പ്**

29 ***ഡോ.മുഫ്തി മുഹമ്മദ് സാദിഖ്***
അത്താഉൽ മുജീബ് റാശിദ്

**അഭിമുഖം**

33 ***മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായുള്ള അഭിമുഖം***

**കുറിപ്പുകൾ**

39 ***കാലാവസ്ഥാ വ്യതിയാനവും, മനുഷ്യന്റെ ജീവിതശൈലിയും***
***വാർത്തകൾ, പുസ്തകാവലോകനം***



Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

എന്നാൽ ഏതൊരു ആത്മാവിനേയും അവധി എത്തിക്കഴിഞ്ഞാൽ അല്ലാഹു അതിനെ പിന്നോട്ടു നിർത്തുകയില്ല. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു. (63:12)

## നബിവചനം


ഒരു മനുഷ്യന്റെ പ്രാർത്ഥനയുടെ ദൈർഘ്യവും പ്രഭാഷണത്തിന്റെ ഹ്യസ്വതയും അയാളുടെ അറിവിന്റെ ഉരക്കലുകളാണ്.

നിങ്ങൾ നിങ്ങളുടെ പ്രാർത്ഥനകളെ ദീർഘിപ്പിക്കുക പ്രഭാഷണം ചുരുക്കുക.

(മുസ്ലിം)

**യുഗശബ്ദം**

# ഇത് മനുഷ്യന്റെ കഴിവിൽപെട്ടതാണോ?



**വാഗ്ദത്ത മസീഹ് (അ)**

വാളും കുന്തവുമൊന്നുമില്ലാതെ വർത്തമാനകാലം നമ്മെ എങ്ങനെ ആകർഷിച്ചുവെന്നും ഹൃദയങ്ങളെ നാമെങ്ങനെ വശീകരിച്ചുവെന്നും നിങ്ങൾ കാണുന്നില്ലേ? ഇത് മനുഷ്യന്റെ കഴിവിൽപെട്ടതാണോ? ആകാശത്തിൽ നിന്നുള്ള ഒരാകർഷണം കണ്ണുള്ളവരെല്ലാം അത് കാണുന്നു. പ്രദോഷത്തിൽ നിഷേധിയായവൻ പ്രഭാതത്തിൽ വിശ്വാസിയായി മാറുന്നു. ഇത് മനുഷ്യന്റെ കഴിവിൽപ്പെട്ടതാണോ? റമളാനിൽ സൂര്യചന്ദ്രന്മാർ സാക്ഷി പറയാൻ ഇറങ്ങിവന്നു. അപ്പോൾ സഹായികളുടെ ഒരു പാതത്തെ നിനക്കുവേണ്ടി തയ്യാറാക്കുമെന്നുള്ള സന്ദേശം ലഭിക്കുന്നു. റഹ്മാനായ റബ്ബ് പറഞ്ഞതുപോലെ അതിന്റെ പുലർച്ചയുണ്ടാകുന്നു. ഇത് മനുഷ്യന്റെ കഴിവിൽ പെട്ടതാണോ? എന്റെ അടിത്തറ പിഴുതെറിയാൻ എതിരാളികൾ എല്ലാവിധത്തിലും ശ്രമിച്ചു. അപ്പോൾ നമുക്ക് ഉന്നതി ലഭിച്ചു. നാം പെരുകാൻ തുടങ്ങി എതിരാളികൾ എല്ലാം നഷ്ടപ്പെട്ട ലജ്ജിതരായിത്തീർന്നു. ഇത് മനുഷ്യന്റെ കഴിവിൽപെട്ടതാണോ?

മുഖക്കുറിപ്പ്

# ഇസ്‌ലാമിക സംസ്കാരവും മിതത്വത്തിന്റെ മധ്യരേഖയും

ഇസ്‌ലാമിക സംസ്കാരം എന്നത് സാമാന്യമായി, പെരുമാറ്റത്തിലും സ്വഭാവത്തിലും ഉണ്ടാവേണ്ട മധ്യമ നിലപാടാണ്. കൂടാതെ സന്ദർഭത്തിനനുസരിച്ച് വിവേകത്തോടെയും ഔചിത്യബോധത്തോടെയുമുള്ള പ്രവർത്തനവുമാണ്. ഖുർആൻ പറയുന്നു. ***' നിന്റെ നടപ്പിൽ മിതത്വം കൈക്കൊള്ളുക. നിന്റെ ശബ്ദം അല്പം താഴ്ത്തുക. (31:20).*** മനുഷ്യന്റെ നടപ്പും ഭാവവും അടക്കവും അനക്കവുമെല്ലാം ഈ മിതത്വത്തിന്റെ മധ്യമ നിലപാടിൽ ഉറച്ചതായിരിക്കണമെന്നാണ് ഇസ്‌ലാമിന്റെ താൽപര്യം. ആർഭാഢങ്ങളും ധൂർത്തുമാണ് ഇന്ന് സമൂഹത്തിലെ തിന്മയായി വളരുന്നത്. അതുപോലെ സമ്പത്ത് ചിലവഴിക്കുന്നതിലുള്ള പിശുക്കും. മധ്യമമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ച രണ്ട് പ്രതിലോമ നിലപാടുകളാണിവ. ഒരു വിശ്വാസി ചിലവഴിക്കുന്നതിന്റെ രേഖാചിത്രം ഖുർആൻ സമർപ്പിക്കുന്നു. ***'ചെലവഴിക്കുമ്പോൾ അമിതമാക്കുകയോ ലുബ്ധ് കാണിക്കുകയോ ചെയ്യാത്തവരുമാണവർ (25:68)***

മിതത്വവും മധ്യവർത്തിത്വവുമാണ് മതാചാരങ്ങളുടെ നിദാനമെന്ന് വിശുദ്ധഖുർആൻ പറയുന്നു. മതാചാരങ്ങളെ പറ്റി ഇസ്‌ലാമിന്റെ പ്രഖ്യാപിത നിലപാട് ഖുർആൻ രേഖപ്പെടുത്തുന്നു. ***'നിങ്ങൾക്ക് ഒരു വിധത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല.*** (5:7). ആചാരാനുഷ്ഠാന സംബന്ധമായി മതങ്ങൾ പൊതുവേ ആചരിക്കേണ്ട മിതത്വത്തിന്റെ തത്ത്വവും ഖുർആൻ എല്ലാ മതസ്ഥരേയും അഭിസംബോധന ചെയ്ത് പറയുന്നുണ്ട്! ***ഗ്രന്ഥാനുസാരികളേ നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെസ്സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത് (4:172)***

മതവിശ്വാസികൾ ഈ മധ്യനിലപാട് കൈവിട്ടതിന്റെ ഫലമാണ് മതതീവ്രവാദം സമൂഹത്തിൽ വലിയ വിപത്തായി മാറിയിരിക്കുന്നത്. തീവ്രവാദവും വിപ്ലവവും സ്വയം ഒരു പ്രവർത്തന പരിപാടിയായി സ്വീകരിച്ച ഭൗതിക സാമൂഹിക പ്രസ്ഥാനങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. എന്നാൽ, മതങ്ങൾ അനുവർത്തിക്കേണ്ട നിലപാട് അതല്ല. ജനങ്ങളിൽ സ്പർദ്ധയുണ്ടാക്കാനും അക്രമം പ്രവർത്തിക്കാനും ഒരിക്കലും ദൈവത്തേയും മതത്തേയും കരുവാക്കരുതെന്ന് ഖുർആൻ പറയുന്നു. *'നന്മ ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്നും ഒഴിഞ്ഞുനിൽക്കുന്നതിനായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.* (2:225) നാശം പ്രവർത്തിക്കാനും മറ്റു വ്യഥായത്നങ്ങൾക്കും വേണ്ടി ഗൂഢാലോചന ചെയ്യുന്നവരെ അല്ലാഹു ഭത്സിക്കുന്നത് കാണുക. ***'അവരുടെ കൂടിയാലോചനകളിൽ യാതൊരു നന്മയുമില്ല; ദാനധർമ്മം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടേതൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ചുകൊണ്ട് ആരെങ്കിലും അങ്ങനെ ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്.*** *(4:115).* ഒരു സമുദായത്തോട് വിരോധമുണ്ടായാൽ പോലും നീതിയുടെ മധ്യനിലപാടിൽ നിന്നും ഒരിക്കലും വ്യതിചലിക്കാൻ പാടില്ലയെന്നും ഖുർആൻ വിശ്വാസികളെ ഉണർത്തുന്നു. ***'വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതിപാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. (5:9)*** ●

# മനുഷ്യനും മലക്കുകളും

**ഹദ്റത്ത് അഹ്മദ് (അ)**

ഇസ്‌ലാമിക നിയമത്തിൽ ചില പ്രത്യേക മലക്കുകൾ ചില പ്രത്യേക വ്യക്തികളേക്കാൾ ഔന്നത്യം വഹിക്കുന്നില്ല എന്ന കാര്യം നാം ഓർക്കേണ്ടതാണ്. തീർച്ചയായും രണ്ടാമത് പറഞ്ഞ കൂട്ടർ ആദ്യം പറഞ്ഞവരേക്കാൾ ഉയർന്ന പദവിയിലുള്ളവരാണ്. ആദ്യം പറഞ്ഞ മലക്കുകൾ ഭൗതികവും ആത്മീയവുമായ വ്യവസ്ഥകളിൽ മധ്യവർത്തികളായി പ്രവർത്തിക്കുന്നു എന്നത് അവരുടെ ഔന്നത്യത്തിന്റെ സൂചനയല്ല. വിശുദ്ധ ഖുർആൻ പറയുന്നതനുസരിച്ച് അവർ ഈ കൃത്യം നിർവ്വഹിക്കുന്നത് സേവകർ എന്ന നിലക്കാണ്. ഖുർആൻ പറയുന്നത് പോലെ *'അവൻ സൂര്യനേയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവ്വഹിക്കുന്നവിധത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തിത്തന്നിരിക്കുന്നു.* (വി: ഖുർആൻ 14:34) ഒരു പോസ്റ്റ്മാൻ ഒരു ഭരണാധികാരിയുടെ എഴുത്ത് ഗവർണർക്കോ ഗവർണർ ജനറൽക്കോ എത്തിക്കുന്നു. അതിനർത്ഥം ഭരണാധികാരിക്കും ഗവർണർജനറലിന്നുമിടയിൽ ഒരു ഏജന്റ് ആയി വർത്തിക്കുന്ന ഒരു പോസ്റ്റ്മാൻ, ഗവർണർ ജനറലിനേക്കാൾ സമുന്നതമായ ഒരു പദവി വഹിക്കുന്നയാളാണെന്നല്ല. ഇത് തന്നെയാണ് മധ്യവർത്തിയുടേയും സ്ഥിതി. ഭൂമിയിലെ ഭൗതികവും ആത്മീയവുമായ വ്യവസ്ഥയിലേക്ക് സർവ്വശക്തനായവന്റെ കല്പനകൾ വഹിച്ച് അവർ സ്വയം അത് നിർവ്വഹിക്കുന്നു. മഹത്വവാനായ ദൈവം വിശുദ്ധ ഖുർആനിൽ ചില സ്ഥലങ്ങളിൽ അക്കാര്യം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ആകാശഭൂമികൾക്കിടയിൽ എന്തെല്ലാം സൃഷ്ടിക്കപ്പെട്ടുവോ അതെല്ലാം മനുഷ്യന്റെ നന്മക്കായിട്ടു മാത്രമാണ്. മനുഷ്യനാകട്ടെ പദവിയിലും സ്ഥാനത്തിലും അവയേക്കാളെല്ലാം ഉയർന്നു നിൽക്കുകയും ചെയ്യുന്നു. മനുഷ്യൻ അവരാൽ സേവിക്കപ്പെടുകയും ചെയ്യുന്നു. ഖുർആൻ പറയുന്നത് പോലെ.

*'അവൻ സൂര്യനേയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവ്വഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിലേർപ്പെടുത്തിത്തന്നിരിക്കുന്നു.* (വി: ഖുർആൻ 14:34). മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു:

*'നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക. തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായി രൂപപ്പെടുത്തുകയും അവനിൽ എന്റെ വചനത്തിൽ നിന്ന് ഒരംശം ഞാൻ അവതരിപ്പിക്കുകയും ചെയ്താൽ നിങ്ങളെല്ലാവരും അനുസരിച്ചുകൊണ്ട് അവന്റെ മുമ്പാകെ കുനിയുവീൻ. അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം അനുസരിച്ചു. പക്ഷേ ഇബ്‌ലീസ് അനുസരിച്ചില്ല* (വി.ഖുർആൻ 38: 72-75).

**മനുഷ്യന് സുജൂദ് ചെയ്യുക എന്നതിന്റെ യഥാർത്ഥ അർത്ഥം.**

മനുഷ്യന് മുമ്പിൽ സാഷ്ടാംഗങ്ങളും പ്രണിപതിച്ചുകൊണ്ട് സ്വയം നിൽക്കുന്നത്പോലെ താഴ്മയോടും സമർപ്പിതമായ നിലയിലും സേവനാർത്ഥം നിലകൊള്ളുവാൻ മലക്കുകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ പൂർണ്ണനായ മനുഷ്യന് മുന്നിൽ എല്ലാ മലക്കുകളും പ്രണിപതിച്ചു നിന്നു. എന്നാൽ ഈ സൗഭാഗ്യത്തിൽ നിന്നും ഇബ്‌ലീസ് അകറ്റപ്പെട്ടു.

മലക്കുകളോട് ആദമിന് സുജൂദ് ചെയ്യണമെന്ന ഈ ആജ്ഞ ആദമിന്റെ ആവിർഭാവ സമയവുമായി ബന്ധപ്പെട്ട ഒന്നല്ല. അത് തികച്ചും മറ്റൊരു ആജ്ഞയായിരുന്നു. മനുഷ്യൻ മാനവൻ എന്ന നിലക്ക് അവന്റെ കഴിവും പ്രാപ്തിയും പൂർണ്ണ നിലയിലെത്തുകയും പക്വത പ്രാപിക്കുകയും ദൈവത്തിന്റെ ചൈതന്യം അവനിൽ കുടികൊള്ളുകയും ചെയ്യുമ്പോൾ അത്തരം ഒരു പരിപൂർണ്ണ മനുഷ്യനിൽ അവർ സുജൂദ് ചെയ്യണം എന്നതായിരുന്നു ആ ആജ്ഞ. മലക്കുകൾ സ്വർഗ്ഗീയ പ്രകാശവുമായി അത്തരം വ്യക്തികളിൽ ഇറങ്ങുകയും അവർക്ക് വേണ്ടി അനുഗ്രഹത്തിന്നായി അർത്ഥിക്കുകയും ചെയ്യും എന്നു പറയാവുന്നതാണ്. ദൈവം അവന്റെ തിരഞ്ഞെടുത്ത വരിഷ്ഠദാസന്മാരുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തുന്ന ഒരു അനശ്വരനിയമനത്തെ പറ്റിയുള്ള സൂചനയാണിത്. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഒരാൾ ആത്മീയ പക്വത

*(ശേഷം 18-ാം പേജിൽ)*

ഖുത്ബ

# സാഹിബ് സാദ ഹദ്റത്ത് മിർസാ വസിം അഹ്മദ്

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V

### ബയ്ത്തുൽ ഫുതൂഹ് ലണ്ടനിൽ വെച്ച് ഖലീഫത്തുൽ മസീഹ് 4-5-2007ന് നടത്തിയ ഖുത്ബ

ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബിന്റെ കഠിനമായ രോഗത്തെക്കുറിച്ചറിഞ്ഞിട്ട് കഴിഞ്ഞ ജുമുഅ ദിവസം ഞാൻ ദുആ ചെയ്യാൻ പറഞ്ഞിരുന്നു. അതിനുശേഷം ആത്മാർത്ഥരായ പലയാളുകളുടേയും കത്തും എനിക്ക് വന്നിരുന്നു. വളരെ വേദനയോടുകൂടി ജനങ്ങൾ ദുആ ചെയ്തു. പക്ഷേ, അല്ലാഹുവിന്റെ വിധി അതിജയിക്കുകയാണുണ്ടായത്. രണ്ട് ദിവസത്തിനുശേഷം അദ്ദേഹം തന്റെ യഥാർത്ഥ യജമാനന്റെ തിരുസന്നിധിയിൽ ഹാജരായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ സേവനങ്ങളും ത്യാഗങ്ങളും സവിശേഷ ഗുണങ്ങളും മുന്നിൽ വെച്ചുകൊണ്ട് അദ്ദേഹത്തിനായി ചെയ്യപ്പെട്ട പ്രാർത്ഥനകൾ തീർച്ചയായും പരലോകത്ത്, അല്ലാഹുവിന്റെ തിരുസന്നിധിയിൽ അദ്ദേഹത്തിന്റെ പദവികളുടെ ഉയർച്ചയ്ക്ക് കാരണമാകും. ഇൻശാ അല്ലാഹ്

നിസ്വാർത്ഥമായി ത്യാഗം ചെയ്യുകയും എപ്പോഴും അർപ്പണചൈതന്യത്തോടെ പ്രവർത്തിക്കുകയും, ദരിദ്രരെ സഹായിക്കുകയും അവർക്ക് പ്രയോജനപ്പെടുകയും ജമാഅത്തിന്റെ അഭിമാനം കാത്തുസൂക്ഷിക്കുകയും ഖിലാഫത്തിൽ അനുരക്തനായിത്തീരുകയും ചെയ്ത അദ്ദേഹത്തോട് അല്ലാഹു സന്തോഷത്തോടെ പെരുമാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇൻശാ അല്ലാഹ്.

തന്റെ പ്രിയപ്പെട്ടവരുടെ സമീപത്ത്, അഅ്ലാ ഇല്ലിയ്യീനിൽ അദ്ദേഹത്തിന് അല്ലാഹു ഇടം നല്കുന്നതാണ്. ഇപ്പോഴും അനുശോചനമറിയിച്ചുകൊണ്ട് നിരവധി കത്തുകൾ വരുന്നുണ്ട്. ചിലർ നേരിൽ വന്നും ദുഃഖത്തിൽ പങ്കുചേരുന്നു. അല്ലാഹു എല്ലാവർക്കും അതിന് നല്ല പ്രതിഫലം നല്കുമാറാകട്ടെ. ഈ ലോകത്ത് വന്നവരെല്ലാം ഇവിടെ നിന്ന് തിരിച്ചുപോകേണ്ടവരുമാണ്. ഇത് അല്ലാഹുവിന്റെ നടപടിക്രമമാണ്. ഇത് ലോകാരംഭം മുതൽ നടന്നുവരുന്നതാണ്. ലോകം നിലനില്ക്കുവോളം ഇതുപോലെ നടന്നുകൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ, തന്റെ ജീവിതം അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിനും, അവന്റെ ദീനിനു സേവനം ചെയ്യുന്നതിനുംവേണ്ടി കഴിച്ചുകൂട്ടുന്നവരും അല്ലാഹുവിന്റെ സൃഷ്ടികളെ ഓർത്ത് വിഷമിക്കുന്നവരും, അവർക്കുവേണ്ടി കർമ്മത്തിലൂടെ മാതൃക കാണിക്കുന്നവരും സൗഭാഗ്യവാന്മാരാണ്. ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബും തീർച്ചയായും അത്തരക്കാരിൽ ഒരാളായിരുന്നു. അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തെത്തുടർന്ന് ഞാൻ പറഞ്ഞതുപോലെ, അനുശോചനം പ്രകടിപ്പിച്ചുകൊണ്ട് കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. ദാറുൽമസീഹ് ഖാദിയാനിലുണ്ടായിരുന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്താനപരമ്പരയുടെ ഒരടയാളം ഇപ്പോൾ ഇല്ലാതായിരിക്കുന്നു എന്നും കത്തുകളിൽ എഴുതിക്കാണുന്നു. ഹദ്റത്ത് സാ ഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബ്, ഖാദിയാനിലെ അഹ്മദികളുമായി പ്രത്യേകിച്ചും, ഇന്ത്യയിലെ അഹ്മദികളുമായി പൊതുവെയും അവർക്ക് തൃപ്തിപ്പെടുംവിധമുള്ള ബന്ധം സ്ഥാപിച്ചിരുന്നു എന്ന കാര്യം ശരിതന്നെയാണ്. അവിടന്ന് പറയുന്ന കാര്യങ്ങളെ ഗൗരവമായി അവർ കണ്ടിരുന്നു.

പാകിസ്താനും ഇന്ത്യയും തമ്മിലുള്ള കുഴപ്പങ്ങൾ കാരണം ഒരു ദീർഘകാലം ഖലീഫയുണ്ടായിരുന്ന സ്ഥലവുമായി നേരിട്ട് ഖാദിയാന് ബന്ധമുണ്ടായിരുന്നില്ല. ഇന്നത്തെപ്പോലെ വാർത്താവിനിമയബന്ധങ്ങളും ഇല്ലാതിരുന്ന കാലവും ഉണ്ടായിട്ടുണ്ട്. ഉണ്ടായിരുന്നതുതന്നെ പലപ്പോഴും വിച്ഛേദിക്കപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, ദർവേശുമാർ ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള സ്നേഹത്തിന്റേയും കൂറിന്റേയും മാതൃക അസാധാരണമായ നിലയിലാണ് കാഴ്ചവച്ചത്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പൗത്രനും, ഹദ്റത്ത് മുസ്ലിഹ് മൗഊദി(റ)ന്റെ മകനും

തങ്ങളുടെ ഇടയിലുണ്ടെന്നത് അവർക്ക് സമാധാനം നൽകിയിരുന്നു. ഈ മകനും ഖിലാഫത്തിനോടുള്ള സ്നേഹവും വ്യവസ്ഥിതിയോടുള്ള അനുസരണവും അമീറിനെ അനുസരിച്ചുകൊണ്ടുള്ള മാതൃകയും തന്റെ പ്രവർത്തനത്തിലൂടെ കാണിച്ചുകൊണ്ട് എപ്പോഴും, ജമാഅത്തും ഖിലാഫത്തുമാണ് സർവ്വവും എന്ന ബോധം ജമാഅത്തംഗങ്ങളിൽ ഉണ്ടാക്കിത്തീർത്തു. അതുമായി ബന്ധപ്പെട്ടു കൊണ്ടിരുന്നാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുമെന്ന് അവരെ ഉപദേശിച്ചു.

ഏകദേശം 30 വർഷം അവിടന്ന് ഹദ്റത്ത് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് ജട്ടിന്റെ ഇമാറത്തുകാലത്ത് അങ്ങേയറ്റം വിനയത്തോടും ആത്മാർത്ഥ തയോടുംകൂടി ഒരു സാധാരണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ തന്നിലർപ്പിത മായ ജോലി നിർവ്വഹിച്ചു. പിന്നീട് 1977-ൽ ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അദ്ദേഹത്തെ നാസിർ അഅ്ലായും അമീർ മഖാമി ഖാദിയാനുമായി നിയമിച്ചു. ഈ സുപ്രധാന ചുമതലയും വളരെ നല്ലവണ്ണം അദ്ദേഹം നിറവേറ്റി. ദർവേശായിക്കൊണ്ട് ഖാദിയാനിൽ പോവുകയും ദർവേശിന്റെ നിലയിൽ തന്നെ ജീവിക്കുകയും ചെയ്തു. താൻ ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ പൗത്ര നാണെന്ന് കരുതിയില്ല. വാസ്തവത്തിൽ വിവാഹത്തിനായി പാകിസ്താനിൽ വന്ന പ്പോൾ അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു പ്രാവശ്യം അദ്ദേഹത്തോട് പറഞ്ഞു: (വിവാഹം കഴിഞ്ഞിട്ട് അല്പദിവസമേ ആയിരുന്നുള്ളൂ. അദ്ദേഹം തന്റെ ഭാര്യയെ ഖാദി യാനിലേക്ക് കൊണ്ടുപോകാനുള്ള പേപ്പറുകളും മറ്റും ശരിയാക്കുന്ന തിരക്കി ലായിരുന്നു. അക്കാലത്ത് ഇരുരാജ്യത്തിങ്ങളുടെയും സ്ഥിതി പെട്ടെന്ന് മോശ മാകാറുണ്ടായിരുന്നു. ദീർഘകാലം അത് തുടർന്നിരുന്നു. അല്പം സമാധാന മായിട്ട് കുറച്ചുകാലമേയായിട്ടുള്ളൂ. അങ്ങനെ അന്തരീക്ഷം വഷളായിരുന്ന ഒരു സന്ദർഭത്തിൽ ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ) മിയാ സാഹിബിനോട് പറ ഞ്ഞു.) സ്വന്തം മകനോട് പറഞ്ഞു, "ഭാര്യയും, പേപ്പറുകളുമെല്ലാം ശരിയായി ക്കൊള്ളും, അതിനെക്കുറിച്ച് നീ ചിന്തിക്കേണ്ട. എത്രയും വേഗം തിരിച്ചുപോ കുക. നീ പോകുന്നില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കുടുംബ ത്തിലെയാരും ഖാദിയാനിൽ ഉണ്ടാകുകയില്ല. അതുകൊണ്ട് എത്രയും വേഗം ടിക്കറ്റ് ബുക്ക് ചെയ്യുക." (അവിടന്ന് റോഡ് മുഖേനയല്ല പാകിസ്താനിൽ വന്ന ത്. വിമാനത്തിലായിരുന്നു. അപ്പോൾ അവസ്ഥ അങ്ങനെയായിരുന്നു.) വിമാന ടിക്കറ്റ് ലഭിച്ചില്ലെങ്കിൽതന്നെ ചാർട്ടർ വിമാനത്തിൽ പോകേണ്ടിവന്നാൽ അതിനു ബുക്ക് ചെയ്യുക. എന്തായാലും പെട്ടെന്ന് പോകേണ്ടത് നിർബന്ധമാണ്. ഇല്ലെ ങ്കിൽ ഖാദിയാൻ ശൂന്യമായിപ്പോയെന്ന് ജനങ്ങൾക്ക് തോന്നും. മസീഹ് മൗഊദി (അ)ന്റെ കുടുംബം ഇത്തരം ഘട്ടത്തിൽ അവരുടെ മാതൃക കാണിക്കുന്നില്ലെ ങ്കിൽ, ത്യാഗം ചെയ്യുന്നില്ലെങ്കിൽ പിന്നെ ജനങ്ങൾ എങ്ങനെയാണ് ത്യാഗം ചെയ്യുക?"

ഏകദേശം ഈ വാക്കുകളിലാണ് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബ് 2005-ൽ ഞാൻ ഖാദിയാനിൽ പോയപ്പോൾ എന്നോട് ഈ സംഭവ ങ്ങളെല്ലാം പറഞ്ഞത്. 21-ാം വയസ്സിൽ 'ദിയാരെ മസീഹി'ന്റെ സംരക്ഷണത്തി ന്നായി അയക്കപ്പെട്ട ആ യുവാവ്, ഭൗതികാടിസ്ഥാനത്തിൽ നോക്കിയാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കാരണത്താൽ, ഖാദിയാനിലെ പൈതൃക മായ സ്വത്തിന്റെ ഉടമസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് കാലത്തിന്റെ ഖലീഫയായിരുന്നു. പിതാവ് മകനോട് പറഞ്ഞു: "നിന്റെ ഖാദിയാനിലുള്ള താമസം ഖാദിയാനിലെ ദർവേശുമാരുടെ ധൈര്യം ഉയരുന്നതിന് കാരണമായി ത്തീരും. നിന്റെ സാന്നിധ്യം അവിടെ അനിവാര്യമാണ്." അമീറിന്റെ അനുസര ണത്തിൽ നിന്ന് വെളിയിൽ താമസിക്കണം എന്ന വിചാരം മിയാസാഹിബിന് ഉണ്ടായതേയില്ല. എന്നല്ല: അത് അമീറിനെ അനുസരിച്ചുകൊണ്ടുള്ള തന്റെ മാതൃകയും ഉന്നതമായ നിലയിൽ താൻ കാഴ്ചവയ്ക്കണമെന്ന വിചാരം കൂടുതലായി ഉണ്ടാക്കുകയാണ് ചെയ്തത്. ഓരോ ദർവേശും തന്നെ കണ്ടുകൊണ്ട് ആദ്യത്തേക്കാൾ കൂടു തൽ അമീറിനെ അനുസരിക്കുന്നതിൽ മാതൃക കാണിക്കുന്നതിനുവേണ്ടിയാ യിരുന്നു അത്. ഇത് തീർച്ചയായും ആ 'ഉലുൽഅസം' പിതാവിന്റെ ഉപദേശ ത്തിന്റെ ഫലമായിരുന്നു. പ്രത്യേകിച്ച് അല്ലാഹുവിന്റെ ചിഹ്നങ്ങളെ കാത്തു സൂക്ഷിക്കുന്നതിനുവേണ്ടി അയക്ക പ്പെട്ട ഈ ദർവേശ് മകന് അദ്ദേഹം നല്കിയ തർബിയ്യത്തിന്റെ ഫലമായി രുന്നു. അതിൽ വളരെ പ്രധാനപ്പെട്ട ഒരുപദേശം ഇങ്ങനെയുമുണ്ടായിരുന്നു: "നാസിർ ആ ണെന്നുള്ള വിചാരം നിന്റെ മനസ്സിൽ നീ ഒരിക്കലും കൊണ്ടുവരരുത്-യുവത്വത്തിൽ തന്നെ നാസിർ ആയിരുന്നു- മറിച്ച് എപ്പോഴും നിന്റെ മനസ്സിലുണ്ടായിരിക്കേണ്ടത് നീ മസീഹ് മൗ ഊദി(അ)ന്റെ പൗത്രനാ ണെന്നുള്ള വിചാരമാണ്. അതനുസ രിച്ച് നിന്റെ ജീവിതത്തെ വാർത്തെടു ക്കേണ്ടതാണ്. ഇതാണ് യഥാർത്ഥനില എന്ന് മനസ്സിലാക്കണം. ഈ രീതിയിൽ നിന്നെ സ്വയം സമർപ്പിക്കേണ്ടതാണ്."

ഹദ്റത്ത് മസീഹ് മൗഊദി (റ)ന്റെ പൗത്രൻ എന്നതിനുപുറമെ പിന്നെ എന്തു ബോധമാണുണ്ടാകേ ണ്ടിയിരുന്നത്? 'നിന്റെ താഴ്മയോടെ യുള്ള വഴി അവനിഷ്ടപ്പെട്ടു' എന്ന് പറ ഞ്ഞുകൊണ്ട് ഏതൊരു ഉദ്ദേശ്യലക്ഷ്യ ത്തോടുകൂടിയാണോ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നെ നിയോഗിച്ചത് അത് പൂർത്തിയാക്കപ്പെ ടണമായിരുന്നു. ചെറിയ ചെറിയ കാര്യ ങ്ങളിൽ സമയം പാഴാക്കിക്കളയരു തെന്നും ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റേയും ജമാഅത്തിന്റേയും അഭി മാനം നിലനിറുത്തേണ്ടതാണെന്നു മുള്ള കാര്യങ്ങളെല്ലാം ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബ് തന്റെ ചുമതലയാ യെടുത്തു. അതനുസരിച്ച് പ്രവർ ത്തിക്കുകയും നല്ലവണ്ണം നിറവേറ്റു കയും ചെയ്തു. ഖാദിയാൻ വാസിക

ളിലും ഇന്ത്യൻ ജമാഅത്തുകളിലും അത് നടപ്പിൽ വരുത്താൻ ശ്രമിച്ചു. ഓരോ ആത്മാർത്ഥ അഹ്മദിയും - അവർ ഖാദിയാനിൽ വസിക്കുന്നവരാകട്ടെ, ഇന്ത്യയിലെ മറ്റു ജമാഅത്തുകളിൽ വസിക്കുന്നവരാകട്ടെ അല്ലെങ്കിൽ എവിടെ വസിക്കുന്നവരാണെങ്കിലും, ഓരോ ഉദ്യോഗസ്ഥനും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കുടുംബത്തിലെ ഓരോ അംഗവും, ഇത്തരം മാതൃക നിലനിറുത്തേണ്ടതാണ്.

അദ്ദേഹത്തിന്റെ ജനനത്തെസ്സംബന്ധിച്ച് ഹ്രസ്വമായി പറയാം. ജിദ്ദയിലെ സേട്ട് അബൂബക്കർ യൂസുഫ് സാഹിബിന്റെ മകളായ സയ്യിദ അസീസ ബീഗം സാഹിബയുടെ മകനായി 1927-ലാണ് മിയാ സാഹിബ് ജനിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന് ഇങ്ങനെയൊരു വിവാഹം കഴിക്കണമെന്ന തീരുമാനം ആദ്യം ഉണ്ടായിരുന്നില്ല. മറ്റെവിടെയോ ബന്ധം ഉറച്ചിരുന്നു. പക്ഷേ, അല്ലാഹുവിന്റെ വിധി, ഹദ്റത്ത് അസീസബീഗം സാഹിബയുടെ വിവാഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദുമായി നടക്കണമെന്നതായിരുന്നു. ഇത് സംബന്ധമായി ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്റത്ത് ജഹാം ബീഗം സാഹിബ (റ)യ്ക്കും ഖലീഫത്തുൽ മസീഹ് സാനി(റ)യ്ക്കും മറ്റു ചിലർക്കും ചില സ്വപ്നങ്ങളുണ്ടായിരുന്നു. അല്ലാഹുവിൽ നിന്ന് തുടരെത്തുടരെ ആ വെളിപ്പെടലുണ്ടായി. അക്കാരണത്താലാണ് ഈ വിവാഹം നടന്നത്. ഇതിനെക്കുറിച്ച് ഹദ്റത്ത് മൗലവി സർവർശാഹ് സാഹിബ് (റ) മുസ്‌ലിഹ് മൗഊദിന്റെ നിക്കാഹിന്റെ വിളംബരാവസരത്തിൽ പറഞ്ഞിരുന്നു.

ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബിന്റെ ജനനത്തെക്കുറിച്ച്, ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ (റ) ഒരു സ്വപ്നം കണ്ടിരുന്നു. അത് ഞാൻ പറയാം. എന്റെ മാതൃസഹോദരി സാഹിബ് സാദി അമത്തുന്നസ്വീർ സാഹിബ ആ സ്വപ്നം ഒരു കത്തിൽ എഴുതിയറിയിച്ചിരുന്നു. അമത്തുന്നസ്വീറിന്റെ മാതാവിന് അതായത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഒരു ഭാര്യയാ സാറ ബീഗം സാഹിബായ്ക്ക് ഹദ്റത്ത് മുബാറക്കി ബീഗം സാഹിബ എഴുതിയ ഒരു പഴയ കത്താണിത്. അമത്തുന്നസ്വീർ സാഹിബ പറയുന്നു, 'ഞാൻ കരുതുന്നത്, ആ സ്വപ്നം സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബിൽ പൂർണ്ണമായും പുലർന്നു എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മൂത്ത മകളായ ഹദ്റത്ത് നവാബ് മുബാറക്കാ ബീഗം സാഹിബ, തന്റെ ജേഷ്ഠന്റെ ഭാര്യ സയ്യിദ സാറാ ബീഗം സാഹിബായ്ക്കെഴുതിയതാണ് ഈ കത്ത്. എഴുതുന്നു: അത്ഭുതം തോന്നുന്നു. ഇവിടെ താങ്കളുടെ കത്തിൽ നിന്ന് പ്രിയപ്പെട്ട അസീസ ഗർഭിണിയാണെന്നറിഞ്ഞു. ഞാൻ ഈ രാത്രി ഒരു സ്വപ്നം കണ്ടിരുന്നു. അതായത്, ഞാൻ, സഹോദരനോട് (ഖലീഫത്തുൽ മസീഹ് സാനിയോട്) സ്വപ്നത്തിൽ, ഈ സ്വപ്നം പറയുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ കൈപിടിച്ചുകൊണ്ട്, 'നിന്റെ സഹോദരന്, അസീസായുടെ വയറ്റിൽ നിന്ന് ആൺകുട്ടി ജനിക്കും' എന്ന സുവാർത്ത അറിയിച്ചിരിക്കുന്നു. ഈ സുവാർത്ത കേട്ടിട്ട് ഭായി സാഹിബ് വളരെ സന്തോഷിച്ചു. (സ്വപ്നത്തിൽ) ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) വളരെ സന്തോഷിച്ചു. അദ്ദേഹം പറഞ്ഞു. ഞാനും ആഗ്രഹിച്ചത് അസീസായിൽ നിന്നു തന്നെ ഉണ്ടാകണമെന്നാണ്.

താൻ തന്റെ ഒരു മകനെ ഈ അകൃഷ്ടമായൊരു താഴ്‌വരയിൽ താമസിപ്പിച്ചിരിക്കുന്നു എന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഒരിക്കൽ പറയുകയുണ്ടായി. അല്ലാഹു അവന് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

പ്രത്യക്ഷത്തിൽ നോക്കിയാൽ ഖാദിയാൻ പ്രദേശം ജനവാസമുള്ളതും ഹരിതാഭവുമായിരുന്നു. പക്ഷേ, ഖാദിയാനിലെ ദർവേശുമാരുടെ ജീവിതം ആരംഭകാലത്ത് അങ്ങേയറ്റം ഞെരുക്കത്തിലും ഭയാവസ്ഥയിലുമായിരുന്നു. മുഅ്മീൻ ബുദ്ധിമുട്ടുകളിൽ ഭയപ്പെടുകയില്ലെന്നത് ശരിതന്നെ. പക്ഷേ, ചുറ്റുപാടുമുള്ള അമുസ്‌ലിംകൾ സൃഷ്ടിച്ച ഭീകരാന്തരീക്ഷം ആശങ്കാജനകമായിരുന്നു. അവിടെ താമസിക്കുന്നവർക്കും തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി ശരിയായ നിലയിൽ നിർവഹിക്കുവാൻ കഴിയുമോ എന്ന ആശങ്കയുണ്ടായിരുന്നു. ലോകത്തെ മറ്റു ജമാഅത്തുകൾക്കും, ഖലീഫയ്ക്കു തന്നെയും ഈ ചിന്തയുണ്ടായിരുന്നു. അവരിലർപ്പിതമായ ചുമതലയിൽ നിന്ന് അവരെ ഏതെങ്കിലും ഭയം അകറ്റാതിരിക്കാൻ വേണ്ടി അവരെല്ലാം ദുആ ചെയ്തുകൊണ്ടിരുന്നു. ദിയാരെ മസീഹിലെ അല്ലാഹുവിന്റെ ചിഹ്നങ്ങൾ കാത്തുരക്ഷിക്കുന്നതിനായി അയക്കപ്പെട്ട അവർ അത് പൂർണ്ണമായും നിർവഹിക്കുന്നവരായിത്തീരാൻ പ്രാർത്ഥിച്ചു.

അക്കാലത്ത് കാര്യങ്ങളെല്ലാം അങ്ങേയറ്റം വഷളായിരുന്നു. എത്രമാത്രമെന്നാൽ, ഖാദിയാനിൽ വസിക്കുന്നവരെ സംബന്ധിച്ച് സംശയദൃഷ്ടിയോടെയാണ് ഭരണാധികാരികൾ നോക്കിക്കണ്ടിരുന്നത്. പാകിസ്താനിൽ നിന്ന് ഇന്ത്യയിലേക്ക് വരുന്നവരും ഹിന്ദുക്കളും സിക്കുകാരും മറ്റുള്ളവരും വളരെ ശത്രുതാമനോഭാവത്തോടെയാണ് അവരെ കണ്ടിരുന്നത്. സാഹചര്യം കിട്ടിയാൽ അവരെ നശിപ്പിക്കണം എന്ന ശ്രമത്തിലായിരുന്നു അവർ. അന്ന് വെളിയിൽ നിന്ന് ഖാദിയാനിലേക്ക് ഭക്ഷണസാധനങ്ങൾ കൊണ്ടുവരുന്നതും നിലച്ചിരുന്നു. സൂക്ഷിച്ചുവെച്ചിരുന്ന കുറച്ചു സാധനങ്ങളാണ് ഉപയോഗിച്ചിരുന്നത്. അന്തരീക്ഷവും അങ്ങേയറ്റം ഭീകരമായിരുന്നു. ശതക്കണക്കിന് മാത്രമുണ്ടായിരുന്ന ഖാദിയാൻ വാസികൾക്ക്, വാസ്തവത്തിൽ 'വാദിൻ ഗയ്‌രി ദീ സർഇൻ' - അകൃഷ്ടമായ ഒരു താഴ്‌വര - തന്നെയായിരുന്നു അന്ന് ഖാദിയാൻ. പിന്നീട് മെല്ലെ, മെല്ലെ സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബിന്റേയും മറ്റ് ദർവേശുമാരുടേയും പരിശ്രമവും പ്രാർത്ഥനയും കാലത്തിന്റെ ഖലീഫയുടെ ദുആയും ജമാഅത്തിന്റെ

ദുആയും അതിന്റെ ഫലം കാണിക്കാൻ തുടങ്ങി. ചുറ്റുപാടുള്ളവരുമായി ബന്ധങ്ങൾ വളർന്നു. അവരുടെ ഹൃദയവും അലിയാൻ തുടങ്ങി.

പിന്നീട് ദർവേശുമാർ മുമ്പത്തെ അപേക്ഷിച്ച് സ്വാതന്ത്ര്യത്തോടെ ശ്വാസമെടുക്കാൻ തുടങ്ങി. പക്ഷേ, ദാരിദ്ര്യവും സാമ്പത്തികഞെരുക്കവും ഒരുപാട് കാലം വരെ നിലനിന്നു. അക്കാലഘട്ടത്തിൽ ദർവേശുമാർക്ക് ജമാഅത്തിന്റെ ഫണ്ടിൽ നിന്ന് ചെലവിനുള്ളത് നിശ്ചയിച്ചിരുന്നുവെങ്കിലും അത് വളരെ തുച്ഛമായിരുന്നു. ഭക്ഷണത്തിനുതന്നെയും അത് തികയുമായിരുന്നില്ല. പക്ഷേ, ചെലവ് അത്ര മാത്രമേ കിട്ടുകയുള്ളുവെന്നും അത് ജമാഅത്തിന്റെ ഫണ്ടിൽ നിന്ന് ആയിരിക്കുകയില്ലെന്നും ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ വ്യക്തിപരമായ അമാനത്തിൽ നിന്നായിരിക്കും അത് ലഭിക്കുകയെന്നും ഹദ്റത്ത് മിയാൻ സാഹിബിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ നിർദ്ദേശമുണ്ടായിരുന്നു. പിന്നീട് പതുക്കെ പതുക്കെ അവസ്ഥകൾ മാറി. ആളുകൾക്ക് വരുമാനമുണ്ടാകാൻ തുടങ്ങി. മിയാസാഹിബിനും കൃഷിസ്ഥലത്തുനിന്നും വരുമാനം ഉണ്ടാകാൻ തുടങ്ങി. എന്തായാലും ആദ്യകാല ദർവേശുമാർ ജീവിച്ച അക്കാലഘട്ടം അങ്ങേയറ്റം ഞെരുക്കത്തിന്റേയും ഭയത്തിന്റേതുമായിരുന്നു. അതവരുടെ അസാധാരണമായ ത്യാഗമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ മക്കളിൽ അല്ലാഹുതആല ദർവേശീപരവും ത്യാഗപരവുമായ ജീവിതം കഴിക്കാൻ അവസരം നല്കിയ വ്യക്തിയുടെ മാതൃഗൃഹം അറേബ്യയുമായി ബന്ധപ്പെട്ടത്, അല്ലാഹുവിന്റെ അഗാധമായ യുക്തിയിലധിഷ്ഠിതമായ കാര്യമായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ സ്ഥലം ഇസ്മാഈലി ത്യാഗത്തിന്റെ മാതൃക, സ്ഥാപിതമായ സ്ഥലത്തിനടുത്തായിരുന്നു. ഞാൻ ഇപ്പോൾ കേൾപ്പിച്ച ഹദ്റത്ത് നവാബ് മുബാറക്കാബീഗം സാഹിബ കണ്ട സ്വപ്നത്തിൽ നിന്നും മനസ്സിലാകുന്നത്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ 'ഞാനും ആഗ്രഹിച്ചത് അസീസായിൽ നിന്നുതന്നെ ഉണ്ടാകണമെന്നാണ്' എന്ന വാക്കുകളും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വെളിപെടലും, സുവാർത്ത അറിയിക്കലും എല്ലാം വിളിച്ചോതുന്നത്, ഈ മകനെക്കൊണ്ട് അല്ലാഹു എന്തോ അസാധാരണമായ ജോലി എടുപ്പിക്കാൻ ആഗ്രഹിച്ചിരുന്നുവെന്നാണ്. ആ ജോലി ത്യാഗത്തിന്റേതായിരുന്നു. അല്ലാഹു അത് സ്വീകരിക്കുമാറാകട്ടെ.

ഈ ത്യാഗം വരിക്കാൻ ഹദ്റത്ത് മിയാ സാഹിബിനുണ്ടായിരുന്ന ആവേശം എത്രമാത്രമായിരുന്നു എന്ന് അദ്ദേഹത്തിന്റെ 'ഞാൻ ദുആ ചെയ്തു. അല്ലാഹു എന്നെ ഇവിടെത്തന്നെ താമസിപ്പിക്കുമാറാകട്ടെ' എന്ന വാക്കുകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ മക്കളും മസീഹ് മൗഊദി(അ)ന്റെ കുടുംബാംഗങ്ങളും ഊഴത്തിന്റെ അടിസ്ഥാനത്തിൽ ഖാദിയാനിൽ വന്ന് കുറച്ചു മാസം വീതം താമസിക്കുക എന്നതായിരുന്നു ആദ്യത്തെ തീരുമാനം. പിന്നീട് അവസ്ഥകൾ മാറിമറിഞ്ഞു. വരവും പോക്കും നിലച്ചു. പാകിസ്താനിലുള്ളവർ പാകിസ്താനിലും ഖാദിയാനിലുള്ളവർ ഖാദിയാനിലും താമസിക്കണം എന്ന നിലയായി. അങ്ങോട്ടും ഇങ്ങോട്ടുമുള്ള പോക്കുവരവ് നിർത്തലാക്കുക എന്ന നിയമം പാസായി. തന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് മിയാ വസിം അഹ്മദ് സാഹിബ് ഒരിക്കൽ പറഞ്ഞു:

"എന്റെ ഉൽക്കടമായ ആഗ്രഹവും ദുആയും ഞാൻ ഖാദിയാനിൽത്തന്നെ താമസിച്ച് സേവനം ചെയ്യണമെന്നായിരുന്നു. അതിനുവേണ്ടി ഒരിക്കൽ ഞാനെന്റെ മുസ്വല്ലയുമെടുത്ത് ഖാദിയാനിലെ ഖസ്റെ ഖിലാഫത്തിന്റെ (ഖലീഫ ഇരുന്നിരുന്ന സ്ഥലം) വലിയ മുറിയിൽ പോയി. അവിടെ വെച്ച് ഞാൻ നഫ്ൽ നമസ്കരിക്കാൻ തുടങ്ങി. ദുആ സ്വീകാര്യമാകുമ്പോൾ അല്ലാഹു അതിനുള്ള സാഹചര്യം ഒരുക്കുന്നുവെന്ന് പറയുന്നതുപോലെ, എനിക്ക് വളരെ വേദനയോടെ ദുആ ചെയ്യാൻ സന്ദർഭം ലഭിച്ചു. എനിക്കുതന്നെ തോന്നി അല്ലാഹു അത് സ്വീകരിക്കുമെന്ന്, ഞാൻ ദുആ ചെയ്തുകൊണ്ട് അല്ലാഹുവിനോട് പറഞ്ഞു, ഞാൻ ഖാദിയാനിൽ നിന്ന് പോകുന്നില്ല. ഇവിടെത്തന്നെ താമസിക്കാനുള്ള സാഹചര്യം നീ ഒരുക്കിയാലും." പറയുന്നു: "ഖാദിയാനിലെ അമുസ്‌ലിംകൾ സർക്കാരിൽ പരാതി ബോധിപ്പിച്ചു. പാകിസ്താനിൽ നിന്ന് ആളുകൾ ഇവിടെ വരികയും ഇവിടെ നിന്ന് അവിടെ പോകുകയും ചെയ്യുന്നു. ഇവിടെ വരുമ്പോൾ ഇവിടത്തെ സർക്കാരിനോട് കൂറുപുലർത്തുകയും അവിടെ ചെല്ലുമ്പോൾ അവരോട് കൂറുപുലർത്തുകയും ചെയ്യുന്ന പ്രവണത ശരിയല്ല. അതുകൊണ്ട് ഇത് നിർത്തൽ ചെയ്യേണ്ടതാണ്. അങ്ങനെ അവരുടെ പരാതിയിന്മേൽ സർക്കാർ അങ്ങോട്ടുമിങ്ങോട്ടുമുള്ള പോക്കുവരവിൽ നിയന്ത്രണമേർപ്പെടുത്തി. അങ്ങനെ മിയാൻ സാഹിബ് ഖാദിയാനിലെ സ്ഥിരവാസിയായി. അദ്ദേഹത്തിന് അല്ലാഹു ഖാദിയാനിൽ താമസിക്കാനുള്ള സാഹചര്യമൊരുക്കിക്കൊടുത്തു.

1952-ൽ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്റത്ത് ജഹാം ബീഗം സാഹിബ (റ) വഫാത്തായപ്പോൾ സ്ഥിതിഗതികൾ മോശമായ കാരണത്താൽ മിയാൻ സാഹിബിന് പാകിസ്താനിൽ പോകാൻ കഴിഞ്ഞില്ല. അങ്ങനെ ആ വിഷമം അവിടന്ന് ഇന്ത്യയിൽ തനിച്ചിരുന്ന് സഹിച്ചു. അക്കാലത്ത് പഠനാർത്ഥം അവിടന്ന് ലഖ്നൗവിൽ ആയിരുന്നുവെന്നാണ് തോന്നുന്നത്. തഫ്സീർ പഠിക്കുന്നതിനായി കുറച്ചു നാൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) മിയാൻ സാഹിബിനെ ലഖ്നൗവിൽ അയച്ചിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദി (റ)ന് തന്റെ മുജാഹിദ് ദർവേശ് മകനോട് അദ്ദേഹത്തിന്റെ ത്യാഗം കാരണത്താൽ വലിയ ബന്ധമുണ്ടായിരുന്നു. വിവാഹം കഴിഞ്ഞയുടനെ ചില കാരണങ്ങളാൽ എത്രയും വേഗം തിരി

ച്ചുപോകാൻ ഖലീഫത്തുൽ മസീഹ് സാനി(റ) പറഞ്ഞ സംഭവം ഞാൻ കേൾപ്പിച്ചല്ലോ. വിമാന ടിക്കറ്റ് കിട്ടിയിരുന്നു. രണ്ടു ദിവസം കഴിഞ്ഞാണ് ഖാദിയാനിയിലേക്ക് മടങ്ങേണ്ടിയിരുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) നേരിട്ട് ലാഹോറിലേക്ക് വരികയാണ് ചെയ്തത്. അല്ലാതെ രണ്ട് ദിവസമുണ്ടല്ലോ നീ റബ്വയിലേക്ക് വരിക എന്ന് പറഞ്ഞില്ല. ഖലീഫത്തുൽ മസീഹ് സാനി(റ) ലാഹോറിൽ വരികയും പല ഉപദേശങ്ങളും നിർദ്ദേശങ്ങളും മിയാൻ സാഹിബിന് കൊടുക്കുകയും അല്ലാഹു സുഖമായി മിയാൻ സാഹിബിനെ ഖാദിയാനിലെത്തിക്കുന്നതിനായി ധാരാളം പ്രാർത്ഥിക്കുകയും തന്റെ സാന്നിധ്യത്തിൽ യാത്രയയക്കുകയും ചെയ്തു. ഹദ്റത്ത് ഡോക്ടർ ഹശ്മത്തുല്ലാ സാഹിബ് പിന്നീട് മിയാൻ സാഹിബിനോട് പറഞ്ഞു (ഇത് മിയാൻ സാഹിബ് തന്നെ എന്നോട് പറഞ്ഞതാണ്) 'ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ലാഹോറിലെ വാൾട്ടൻ എയർപോർട്ടിൽ എന്നെ വിമാനം കയറ്റിയയ്ക്കുന്നതിനായി വന്നു. വിമാനം കണ്ണിൽ നിന്ന് മറയുന്നതുവരെ അവിടന്ന് അതിലേക്ക് നോക്കിക്കൊണ്ടിരുന്നു. ദുആ ചെയ്തുകൊണ്ടിരുന്നു.'

സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബിന്റെ ബീഗം സാഹിബ പറയുന്നു: എന്റെ കടലാസുകളെല്ലാം ശരിയായി. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം ഞാൻ ഖാദിയാനിലേക്ക് പോകാനൊരുങ്ങുകയായിരുന്നു. അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പ്രത്യേകമായ നിലയിൽ എന്നെ ഉപദേശിച്ചു: "ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാല്പാദങ്ങൾ ധാരാളമായി പതിഞ്ഞ ഉമ്മുനാസിറിന്റെ വീട്ടിൽ താമസിക്കണം. അതിന്റെ മുറ്റത്ത് ഹുസൂർ ദർസ് കൊടുക്കാറുണ്ടായിരുന്നു." ഈ ദർസ് കൊടുത്തത് മുസ്‌ലിഹ് മൗഊദ് (റ) ആണെന്നാണ് തോന്നുന്നത്. ഇവിടെ അത് വ്യക്തമാകുന്നില്ല.

സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഭൂസ്വത്തുക്കൾ തിരിച്ചുവാങ്ങുന്നതിനുവേണ്ടി ഹദ്റത്ത് മിയാൻ വസിം അഹ്മദ് സാഹിബ് ചെയ്ത സേവനങ്ങൾ വളരെ വ്യക്തമാണ്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കുടുംബാംഗവും അവിടത്തെ പൗത്രനും ആയ കാരണത്താൽ സർക്കാർ അഞ്ചുമന്റെ സ്വത്തുക്കൾ ജമാഅത്തിന് തിരിച്ചുനല്കി. ഇല്ലെങ്കിൽ പല തന്ത്രങ്ങളും അവർക്ക് മെനഞ്ഞെടുക്കാമായിരുന്നു. ഇതിനായി അവിടന്ന് വലിയ വലിയ ഓഫീസർമാരുമായി ബന്ധപ്പെട്ടു. എന്നല്ല അക്കാലത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവുമായും ബന്ധപ്പെട്ടിരുന്നു. അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുകയും നല്ല ഫലം കാണുകയും ചെയ്തു.

1963-ൽ മിയാൻ സാഹിബിന്റെ വന്ദ്യമാതാവ് സയ്യിദ അസീസ ബീഗം സാഹിബ വഫാത്തായി. വളരെ ബുദ്ധിമുട്ടിയാണ് പാകിസ്താനിൽ പോകാൻ മിയാൻ സാഹിബിന് അനുവാദം കിട്ടിയത്. അങ്ങനെ മറയടക്കാൻ പോകുന്ന നേരത്ത് അദ്ദേഹം അവിടെ എത്തിച്ചേർന്നു.

1965-ൽ പാകിസ്താനും ഇന്ത്യയും തമ്മിൽ യുദ്ധമുണ്ടായി. അതിനാൽ വാർത്താവിനിമയബന്ധം തികച്ചും നിലച്ചുപോയി. ഇന്ത്യയിലേയും ഖാദിയാനിലേയും തപാലും ടെലിഫോണും കമ്പിയുമെല്ലാം തകരാറിലായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(അ)ന്റെ രോഗവിവരം അറിഞ്ഞതും പിന്നീട് ആ മഹാത്മാവിന്റെ ദേഹവിയോഗത്തെക്കുറിച്ച് അറിയാനിടയായതും പാകിസ്താൻ റേഡിയോ മുഖേനയായിരുന്നുവെന്ന് മിയാൻസാഹിബ് പറഞ്ഞു. പിന്നീട് ജമാഅത്തുമായി ബന്ധപ്പെട്ടെങ്കിലും ശ്രീലങ്കയിൽ നിന്നാണ് വാർത്ത സ്ഥിരീകരിക്കപ്പെട്ടത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ വഫാത്ത് സമയത്ത് മിയാൻ സാഹിബ് ഖാദിയാനിലായിരുന്നു. റിപ്പോർട്ടിൽ വന്നിരിക്കുന്നു, ഖലീഫത്തുൽ മസീഹ് സാനിയുടെ മരണവിവരം അറിഞ്ഞപ്പോൾ മിയാൻ സാഹിബ് ഖാദിയാനിലെ എല്ലാ ദർവേശുമാരേയും മസ്ജിദ് മുബാറക്കിൽ ഒരുമിച്ചുകൂട്ടി. കഠിനമായ ഈ വിഷമസന്ധിയിൽ ക്ഷമ കൈക്കൊള്ളാനും സഹനം പാലിക്കാനും ദുആ ചെയ്യാനും അവരെ ഉപദേശിച്ചു. എന്നിട്ട് പറഞ്ഞു. "അല്ലാഹുവേ, ഹദ്റത്ത് അബ്ബാജാന്റെ അന്ത്യനേരമെത്തുമ്പോൾ എനിക്ക് അദ്ദേഹത്തിന്റെ അടുക്കൽ ഉണ്ടാകാൻ ഭാഗ്യം നല്കേണമേ എന്ന ദുആയും ആഗ്രഹവും എപ്പോഴും എനിക്കുണ്ടായിരുന്നു. എന്നാൽ, എനിക്ക് പോകാൻ പറ്റാത്ത അവസരത്തിലാണ് ഹുസൂറിന്റെ വേർപാട് സംഭവിച്ചിട്ടുള്ളത്. അപ്പോൾ അല്ലാഹു എനിക്ക് ഇങ്ങനെ മനസ്സിലാക്കിത്തന്നു, ഖാദിയാനിലേയും ഇന്ത്യയിലേയും എല്ലാ അഹ്മദികളും ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ മക്കളെപ്പോലെതന്നെയാണ്. വേർപാടിന്റെ ദുഃഖം എല്ലാവർക്കും ഒരുപോലെയുണ്ടായിരിക്കുന്നു. നീയും അവരോടൊപ്പം അവർ സഹിക്കുന്നതുപോലെ ഈ ദുഃഖം സഹിക്കുക. നിന്റെ ഖാദിയാനിലെ വാസം അവർക്ക് സമാധാനത്തിനും സന്തോഷത്തിനും കാരണമാകും."

1971-ൽ ഇരുരാജ്യങ്ങളുടേയും അവസ്ഥ വീണ്ടും വഷളായി. ചില ഓഫീസർമാർ ഖാദിയാനിലെ അഹ്മദികളെ ബലാൽക്കാരമായി അവിടെ നിന്ന് ഒഴിപ്പിക്കാൻ ശ്രമിച്ചു. കീഴുദ്യോഗസ്ഥന്മാരായിരുന്നു ഈ കല്പന പുറപ്പെടുവിച്ചിരുന്നത്; 'നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്ന തന്ത്രമാണ് അവർ ആവിഷ്കരിച്ചത്. തങ്ങൾക്ക് ഖാദിയാനിൽ വന്ന് സംരക്ഷിക്കാൻ പറ്റുകയില്ലെന്നും അതുകൊണ്ട് മുഹല്ല അഹ്മദിയായും ദാറുൽ മസീഹുമെല്ലാം ഉപേക്ഷിച്ച് തങ്ങൾ പറയുന്ന സുരക്ഷിതമായ സ്ഥലത്തേക്ക് മാറിത്താമസിക്കണമെന്നും അങ്ങനെയായാൽ സംരക്ഷണം എളുപ്പമാക്കാൻ കഴിയുമെന്നും അവർ പറഞ്ഞു.

വിവ: **മുഹമ്മദ് ഇസ്മായിൽ**

(തുടരും)

# മൂസാനബിയുടെ വടി: ദിവ്യാൽഭുതത്തിന്റെ യാഥാർത്ഥ്യമെന്ത്

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**മൂസാനബി (അ) മാന്ത്രികർക്ക് മുമ്പിൽ വടിയെറിഞ്ഞപ്പോൾ സർപ്പമായി മാറിയ പ്രതിഭാസത്തിന്റെ യാഥാർത്ഥ്യം വിശകലനം ചെയ്യുന്നു**

### ഹിപ്നോട്ടിസം

ഒരു ഹിപ്നോട്ടിസ്റ്റിന് മറ്റൊരാളുടെ മനസ്സിനെ കേന്ദ്രീകരിച്ചുകൊണ്ട് പ്രതീതികൾ സൃഷ്ടിക്കാൻ സാധിക്കും. വാസ്തവത്തിൽ ആ പ്രതീതി ഹിപ്നോട്ടിസ്റ്റ് താൻ ഹിപ്നോട്ടിസത്തിന് വിധേയനാക്കിയ വ്യക്തിയിൽ സൃഷ്ടിച്ചതാണ്. മനോശക്തി ചികിത്സയിൽ (Psychic healing) സാധാരണ കണ്ടുവരുന്നത് ചികിത്സക്ക് വിധേയനാകുന്ന ആളുടെ മനസ്സിലെ രഹസ്യങ്ങൾ മനസ്സിന്റെ മുകൾപരപ്പിലേക്ക് കൊണ്ടുവരികയാണ്. അല്ലെങ്കിൽ വിധേയന്റെ മനശ്ശക്തിയെ ഉദ്ദീപിപ്പിച്ചുകൊണ്ട് അയാളെ ചികിത്സിക്കുകയാണ്.

അങ്ങനെ സംഭവിക്കാൻ കാരണം പലപ്പോഴും മനോനില ക്രമരഹിതമായ രോഗികൾക്ക് അവരെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ചിന്തകൾ അഭിമുഖീകരിക്കാനുള്ള ധൈര്യമില്ലാതെ വരുന്നതാണ്. ആ ചിന്തകൾ അയാൾ മനസ്സിന്റെ അഗാധതയിൽ കുഴിച്ചിടാൻ ശ്രമിക്കുന്നു. പക്ഷേ, അവ മതിയായ ആഴത്തിലാവുന്നില്ല. അവ ബോധമനസ്സിനും അബോധമനസ്സിനും മദ്ധ്യേ ഒരിടത്ത് അസ്വസ്ഥമായി നിൽക്കുന്നു. പുറമെ നിന്നുള്ള ചെറിയ ഒരു സഹായം വഴി അയാൾക്ക് ആ ചിന്തകളെ മനസ്സിന്റെ ഉപരിതലത്തിലേക്ക് കൊണ്ടുവരുവാൻ സാധ്യമാകുകയും അങ്ങനെ അയാൾക്ക് ആ അസ്വസ്ഥതയിൽ നിന്നും മോചനം ലഭിക്കുകയും ചെയ്യുന്നു. ചെവിക്കുള്ളിൽ എന്തെങ്കിലും ഒരു ചെറിയ വസ്തു അകപ്പെട്ടാൽ അത് അവിടെ നിന്ന് നീക്കം ചെയ്യപ്പെടാഞ്ഞാൽ നമുക്ക് അത് അസഹനീയമായ വേദനയും അസ്വസ്ഥതയും ഉളവാക്കുന്നു. ഒരു ശസ്ത്രക്രിയാവിദഗ്ധൻ തന്റെ കത്തികൊണ്ട് ചെയ്യുന്ന പ്രവൃത്തിയാണ് ഒരു ഹിപ്നോട്ടിസ്റ്റ് തന്റെ ആജ്ഞകൊണ്ട് ഒരു മനോരോഗിയിൽ നിർവ്വഹിക്കുന്നത്.

### ടെലിപതി (Telepathy)

ആജ്ഞാനിർദ്ദേശങ്ങളില്ലാതെ നിർവ്വഹിക്കപ്പെടുന്ന അതീന്ദ്രിയമായ ആശയവിനിമയമാണ് ടെലിപതി. ശബ്ദം, ദർശനം, മുതലായ അറിയപ്പെടുന്ന യാതൊരു ഭൗതിക മാധ്യമവും കൂടാതെ ഒരാളുടെ ചിന്ത മറ്റൊരാളിലേക്ക് പ്രേഷണം ചെയ്യപ്പെടുന്നു. ഒരേ ആവൃത്തിയിൽ (Frequency) കമ്പനം ചെയ്യുന്ന രണ്ട് ട്യൂണിങ്ങ് ഫോർക്കുകളിൽ സംഭവിക്കുന്നത് പോലെയുള്ള ഒരു പ്രതിഭാസമാണിത്. ഒന്ന് കമ്പനം ചെയ്യുമ്പോൾ മറ്റേതും അനുകമ്പനം (Resonate) ചെയ്യപ്പെടുന്നു.

ഹിപ്നോട്ടിസവും ടെലിപതിയും ഒരു യാഥാർത്ഥ്യമാണെങ്കിൽ (അവ രണ്ടും പ്രാവർത്തികമാണെന്നതിന് ധാരാളം തെളിവുകളുണ്ട്) ദൈവത്തിന് എന്തുകൊണ്ട് തന്റെ ആജ്ഞകൾ മനുഷ്യനിലേക്ക് അതേപോലെയുള്ള പ്രവർത്തനം വഴി വിനിമയം ചെയ്തുകൂടാ?

### ഉപബോധമനസ്സിന്റെ മറ്റുചില അനുഭവങ്ങൾ

സ്വപ്നം എന്നത് യഥാർത്ഥത്തിൽ എക്കാലത്തും എല്ലാ ദേശക്കാരും പങ്കുവെക്കുന്ന ഒരു സാർവ്വലൗകിക പ്രതിഭാസമാണ്. എങ്കിലും സ്വപ്നങ്ങൾ ഒരേ തരത്തിൽ മാത്രം പെട്ടതല്ല. പലപ്പോഴും സ്വപ്നങ്ങൾ മനുഷ്യമനസ്സിന്റെ ഉല്പന്നമാണ്. ഒരു മനുഷ്യൻ അഭിമുഖീകരിക്കുന്നതും അവന്റെ ആശങ്കകളും പ്രശ്നങ്ങളും പ്രതിഫലിക്കുന്നതുമായ വിവരശകലങ്ങളുടെ ദിനംപ്രതി ഉള്ളിലേക്കുള്ള ഒഴുക്ക് ഉപബോധമനസ്സിൽ പ്രതികരണങ്ങൾ ഉണ്ടാക്കുന്നു. ഇന്ന് സ്വപ്നങ്ങളെപ്പറ്റിയുള്ള പഠനം ഫ്രോയിഡിയൻ കാലഘട്ടത്തിലെ സിദ്ധാന്തവത്ക്കരണത്തേക്കാൾ വളരെയേറെ മുന്നോട്ടുപോയിരിക്കുന്നു. അത്യന്താധുനികമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ സ്വപ്ന

ങ്ങളെപറ്റി ധാരാളം ഗവേഷണങ്ങൾ നടത്തപ്പെടുന്നു.

മതപരമായ വീക്ഷണത്തിൽ സ്വപ്നങ്ങൾ രണ്ട് വിധത്തിലുണ്ട്. ഒന്ന് മാനസിക ഘടകങ്ങൾ സൃഷ്ടിക്കുന്ന സ്വപ്നം. മറ്റൊന്ന് അഗാധമായ ഗർഭിതാർത്ഥങ്ങളുള്ള ദിവ്യമായ ഉറവിടത്തിൽ നിന്നുള്ള സ്വപ്നങ്ങൾ. അത്തരം സ്വപ്നങ്ങൾ ഒരുപക്ഷേ, ഭാവിയുടെ ഗർഭത്തിലുള്ള ദുരന്തങ്ങളെസ്സംബന്ധിച്ച സൂചനകളോ സന്തോഷകരമായ സുവിശേഷങ്ങളോ ആയിരിക്കാം. അത്തരം സ്വപ്നദർശകന് ആ പ്രത്യേക സ്വപ്നത്തെപ്പറ്റി അതിനു മുമ്പ് യാതൊരറിവും ഉണ്ടാകുന്നില്ല. അങ്ങനെയുള്ള സ്വപ്നങ്ങൾ അദൃശ്യവാനും ബോധാത്മനും, സർവ്വാതിശായിയും ബാഹ്യസ്ഥനുമായ ഒരു അസ്തിത്വത്തിന്റെ സാധ്യതയെസ്സംബന്ധിച്ച തീക്ഷ്ണമായ കേന്ദ്രീകരണം പ്രദാനം ചെയ്യുന്നു. അതായത് ആ ബാഹ്യാസ്തിത്വം ഇച്ഛിക്കുന്നുവെങ്കിൽ അവനുദ്ദേശിക്കുന്ന വിഷയങ്ങൾ മനുഷ്യനിലേക്ക് വിനിമയം ചെയ്യപ്പെടുന്നതാണ്.

ഈ കാര്യം തെളിയിക്കാൻ മതപരമായ അനുഭവങ്ങളിൽ നിന്ന് മതിയായ തെളിവുകൾ ഉദ്ധരിക്കാവുന്നതാണ്. പക്ഷേ, മതത്തിൽ വിശ്വസിക്കാത്ത ആളുകൾക്ക് അത്തരം തെളിവുകളുടെ സാധ്യത അംഗീകരിക്കാൻ പ്രയാസമായിരിക്കും. ഒരു അതിമാനുഷമായ ബോധശക്തി മനുഷ്യമനസ്സുമായി പ്രതിപ്രവർത്തിക്കാൻ സാധിക്കുമെന്ന കാര്യം ഒരാൾ അംഗീകരിക്കുന്നുവെങ്കിൽ അത് ദൈവാസ്തിത്വത്തിൽ വിശ്വസിക്കുന്നതിന് സമാനമായിരിക്കും. ഇതിനോടു വലിയൊരു സംഘം സെക്കുലർ ചിന്തകന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും തീവ്രമായ അലർജിയായിരിക്കും എന്നതാണ് വാസ്തവം.

രണ്ടാമത്തെ പ്രശ്നം, മിക്ക മതങ്ങളിലും ഈയൊരു പ്രതിഭാസം പ്രകൃത്യാതീതവും വിചിത്രവും അത്ഭുതകരവുമായ ഒരു രീതിയിലാണ് പറഞ്ഞുവെച്ചിട്ടുള്ളത്. അതിന്റെ വിശ്വാസ്യത ഉൾക്കൊള്ളാൻ ശാസ്ത്രജ്ഞന്മാർക്ക് പ്രയാസമായിരിക്കും. ഭൂതകാലത്തെ വിശുദ്ധന്മാരുടേയും പ്രവാചകന്മാരുടേയും ആത്മീയാനുഭവങ്ങളിലെ നാടകീയത അവരുടെ അനുയായികളുടെ ഭാഗത്തു നിന്നുള്ളതാണ്. അത് അവരുടെ സ്വീകാര്യതക്കോ അക്കാര്യത്തിലുള്ള സത്യത്തിന്റെ സ്വീകാര്യതക്കോ നിദാനമാകുന്നില്ല. ദിവ്യാത്മാക്കളുടെ ദൈവികമായ വിനിമയങ്ങളെ ഇത്തരം നാടകീയവത്ക്കരണം അസ്പഷ്ടവും അവ്യക്തവുമാക്കി മാറ്റിയിരിക്കുന്നു. എത്രത്തോളമെന്നാൽ, മനുഷ്യനിർമ്മിതമായ വിചിത്രഭാവനയും ദിവ്യമായ ആത്മീയാനുഭവവും തമ്മിൽ വ്യക്തമായി വേർതിരിച്ചറിയാൻ ഇത് മൂലം കഴിയാതെ പോവുന്നു.

ദിവ്യഗ്രന്ഥങ്ങളിൽ വെച്ച് പ്രക്ഷിപ്തങ്ങൾക്കും കലർപ്പുകൾക്കും വിധേയമല്ലാത്ത വിശുദ്ധ ഖുർആൻ ആത്മീയാനുഭവങ്ങളെക്കുറിച്ചും ആത്മീയകാര്യങ്ങളെക്കുറിച്ചും പറയുന്നു. പ്രകൃത്യാതീതമായ രീതിയിൽ അത്ഭുതങ്ങൾ ഉണ്ടാവണമെന്ന അവിശ്വാസികളുടെ ആവശ്യങ്ങൾ നിരാകരിച്ചുകൊണ്ട് ആത്മീയതയുടെ പ്രകൃതിയെക്കുറിച്ചും അതിന്റെ യുക്തിപരതയെക്കുറിച്ചും ഖുർആൻ വിവരിക്കുന്നു. ഖുർആനിക വചനങ്ങളുടെ വെളിച്ചത്തിൽ ഇത് പഠിക്കുമ്പോൾ ദിവ്യാത്ഭുതങ്ങളും (Miracles) ദൃഷ്ടാന്തങ്ങളും ഒരിക്കലും തന്നെ പ്രകൃതിനിയമങ്ങളെ ലംഘിക്കുന്നില്ല.

ഉദാഹരണത്തിന് ഏറെ അറിയപ്പെടുന്ന മോശേയുടെ (അ) ദിവ്യാത്ഭുതം തന്നെയെടുക്കാം. പ്രകൃത്യാതീത സംഭവമായി ഗ്രന്ഥാനുസാരികൾ വിശ്വസിക്കുന്ന ഈ പ്രതിഭാസം ഖുർആൻ വളരെ ലളിതമായും യുക്തിപരമായും വസ്തുനിഷ്ഠാപരവുമായ രീതിയിലാണ് പ്രതിപാദിച്ചിട്ടുള്ളത്. എങ്കിലും അതിനടിയിലെ അത്യഗാധമായ അർത്ഥം ഗ്രഹിക്കണമെങ്കിൽ ബഹിർഭാഗസ്ഥമായ ഒരു ഉപരിവീക്ഷണത്തേക്കാൾ കവിഞ്ഞ ഒരു ഉൾക്കാഴ്ച ആവശ്യമാണ്. അതൊരു ഗൂഢാർത്ഥ ഭാഷാപ്രയോഗമല്ല. എങ്കിലും അതൊരു പ്രകൃത്യാതീതമായ അത്ഭുതമാണെന്ന മുൻധാരണയോടുകൂടി വായിക്കുന്നവർക്ക് യഥാർത്ഥ അർത്ഥം പിടികിട്ടാതെ പോവും. ഈ ദിവ്യാത്ഭുതത്തെ (Miracle) ക്കുറിച്ചുള്ള ഖുർആനിക പ്രതിപാദനം എന്താണെന്ന് നോക്കാം.

അദ്ദേഹം പറഞ്ഞു: നിങ്ങൾ എറിയുക. അങ്ങനെ അവർ എറിഞ്ഞപ്പോൾ ജനങ്ങളുടെ കണ്ണുകളെ അവർ മയക്കുകയും അവരെ സംഭീതരാക്കുകയും ചെയ്തു. അവർ വലിയൊരു മാന്ത്രികവിദ്യയാണ് കൊണ്ടുവന്നത്. നാം മൂസാക്ക് ബോധനം നൽകി: 'നിന്റെ വടി എറിയുക' എന്ന്. അപ്പോൾ അതാ അവർ കൃത്രിമമായി ചമയ്ക്കുന്നതിനെ അത് വിഴുങ്ങി. അങ്ങനെ സത്യം സ്ഥാപിക്കപ്പെടുകയും അവരുടെ പ്രവർത്തനം വ്യർത്ഥമാക്കപ്പെടുകയും ചെയ്തു. (വി.ഖു. 7:117-119).

ഫറോവയുടെ മാന്ത്രികർ തങ്ങളുടെ മാന്ത്രികവിദ്യ എറിഞ്ഞ ഒരു സംഭവത്തെയാണ് ഇവിടെ ഖുർആൻ പ്രതിപാദിക്കുന്നത്. അവർ എറിഞ്ഞത് കയറിലേക്കല്ല, പ്രേക്ഷകരുടെ കണ്ണിലേക്കാണ്. മെസ്മറിസത്തിന്റെ വളരെ വ്യക്തമായ ഒരു വിവരണമാണിത്. പ്രകൃതിനിയമങ്ങളുടെ ഒരു ലംഘനവും ഇതിലില്ല. ഈ മാസ്മരികമായ കണ്ണിന്റെ മതിഭ്രമത്തെ നേരിടാൻ അവരുടെ മായാവിദ്യയെ തകർത്തുകൊണ്ട് ദൈവം അത്യുന്നതമായ തന്റെ ഇച്ഛാശക്തി മൂസാനബി(അ) ലൂടെ പ്രകടമാക്കുകയുണ്ടായി. മൂസാനബി(അ)യുടെ വടി യഥാർത്ഥത്തിൽ കയറിനെ വിഴുങ്ങിയെന്ന് ഖുർആൻ പറയുന്നില്ല. ഖുർആൻ പറയുന്നത് മൂസാ (അ)യുടെ വടി മാന്ത്രികർ കൃത്രിമമായി ചമച്ചതിനെ വിഴുങ്ങി എന്നാണ്. അതായത് കയറിനെ സർപ്പമാക്കി മാറ്റിയ വ്യാജ പ്രതീതിയെയാണ് മൂസാനബി(അ)യുടെ വടി വിഴുങ്ങിയതെന്നാണ് ഖുർആൻ പറയുന്നത്.

ഇതേ സംഭവം ഖുർആനിലെ മറ്റൊരു അദ്ധ്യായത്തിലും പ്രതിപാദിക്കുന്നത് ഇക്കാര്യത്തിലേക്ക് കൂടുതൽ

*(ശേഷം 32-ാം പേജിൽ)*

കവിത

# 'ബിയാസ്' ശാന്തമായൊഴുകുന്നു

എസ്.വി. മുഹമ്മദ് ഫസൽ

**ഒന്ന്**

ശ്യാമവസ്ത്രമുരിഞ്ഞെറിഞ്ഞീ പ്രഭാത
സൂര്യൻ, പൊന്നാടയണിഞ്ഞുദിച്ചുയർന്നു
മഞ്ഞിൻ പുതപ്പണിഞ്ഞുറങ്ങുമീഭൂമി
യിളം വെയിലേറ്റാലസ്യം വിട്ടുണർന്നു
ആനന്ദാരവ വസന്തത്തിൻ പ്രശോഭ
യിലനേകം പക്ഷികൾ ചിറകുവീശി,
മുക്തിതൻ കിളിവാതിൽ തുറന്നനന്ത
വിഹായസ്സിലേക്കുയർന്നു മറയുന്നു
ആരവമൊഴിഞ്ഞീ കാലത്തിൻ തീരത്തെ
തഴുകിയൊഴുകുന്നു 'ബിയാസ്' വീണ്ടും

**രണ്ട്**

ഹേ ബിയാസ് നദീ, ആമോദത്തിന്നോള
മിനുക്കി എങ്ങോട്ടൊഴുകുന്നു നീ ശാന്തം
കാരുണ്യത്തിന്നമൃതം ചുരത്തീടും നിൻ
മാറ് കീറി രുധിരമൊഴുക്കിയതും
അനേകം രക്തപുഷ്പങ്ങളിതളറ്റു
വീണപ്പോൾ നിൻ കണ്ണുനീരൊഴുകിയതും
ഒരുനാളൊരു തുള്ളി ദാഹജലത്തി
ന്നായലതല്ലിക്കേണു, പിന്നെ തളർന്നു
മാറിൽ തലചായ്ച്ചുറങ്ങിയതും ഹത
ഭാഗ്യരാം വേഴാമ്പലുകൾ മറക്കുമോ
പിന്നെ തീരത്തലമുറയിട്ടലക്ഷ്യ
മലഞ്ഞ് തൂവൽപൊഴിച്ച പക്ഷികളെ
കാർമുകിലുറഞ്ഞയാകാശ ശൂന്യത
തന്നന്ധതയിൽ പൊലിഞ്ഞ താരങ്ങളെ
ഇന്നീ തീരത്തെയോരോ മൺതരിയു
മഗ്നിയായുയിർകൊണ്ടതറിയുന്നു നീ
നിന്നോരോതുള്ളിയും നിർവ്വാണമന്ത്ര
മായാത്മാവിലേക്ക് പെയ്തിറങ്ങിയതും
പടിഞ്ഞാറു നിന്നാനന്ദ ദൂതുമായി-
ളമ്മാരുതനെത്തിയതുമറിയുന്നു.

**മൂന്ന്**

അവിഘ്നമനന്തമൊഴുകും നിൻ ജീവൻ
സ്പന്ദിച്ച 'തേറു'ന്റെയുദരത്തിലോ
ഭൂവിനെ പുല്കിയാദിയിലൊഴുകിയ
തത്വാമൃത സാഗരമോ നിൻപിതാവ്!
ഗർവ്വിൻ ശിരസ്സുയർത്തി നില്ക്കുമ്മാമല
വിരിമാറ് തകർത്തോ ഒഴുകിയത്!
സൗരഭം ചിന്നുമസംഖ്യം മലരുകൾ,
തെളിനീർ തടാകങ്ങൾ, താമരപ്പൊയ്ക
കളരുവിക, ളനേക'മേദനു'കൾ
നിൻ കരസ്പർശത്താലോ ഉയിർകൊണ്ടത്

**നാല്**

ശ്യാമവർണമൊഴിഞ്ഞ വെൺമുകിലുക
ളോളങ്ങളെ വെൺമയ തരളമാക്കി,
കുളിർചൊരിയും പ്രഭാതചക്രവാളം
ഹിമമുത്തുകളാൽ പ്രശോഭിതമായി
ആനന്ദത്തിൻ തിരയിളകിയാർദ്രമാ
യൊഴുകുന്നതേത് സാഗരത്തിലേക്ക്
നമ്രശിരസ്കരാം ഗിരിവൃന്ദങ്ങളെ
യിരുകരങ്ങളാൽ പുല്കിപ്പുണർന്നു നീ
നിൻതീരത്തെ കുളിർതെന്നലിൻ സൗരഭം
ഉന്മത്തം, നിന്നോടടുപ്പിക്കുന്നു വശ്യം
പൈതലിൻ വിശുദ്ധിയർഥിക്കുമീയുഗം
നിൻകരം പൂകിപ്പിച്ചവെക്കാൻ വെമ്പുന്നു
ഹേ ബിയാസ്, മാറോടടുപ്പിച്ചെന്നുമീ
പൈതലിൻ ചുണ്ടിലമൃതം പകർന്നാലും

**അഞ്ച്**

ഓടക്കുഴലിൻ സംഗീതമീയാത്മാവിൽ
സുഗന്ധം പരത്തുന്നു; നിലാവെൺമയിൽ
താരകങ്ങൾ മിഴികൂമ്പിയ രാവിലും
നിൻമാറിലൂടൊഴുകുന്നു ദിവ്യതീർത്ഥം
അർഥിക്കുന്നേറും നൊമ്പരത്താൽ ഹൃദയം
"ഋതുക്കൾ തോറും കുളിർതെന്നൽ വീശി നീ
യീ ആരവമൊഴിഞ്ഞ തീരത്തെയെന്നും
തഴുകിയൊഴുകുക ബിയാസനന്തം"

ലേഖനം

# ദൈവത്തിന്റെ മഹിമാ വിലാസം വാഗ്ദത്ത മസീഹിലൂടെ

മഹ്മൂദ്, കൽക്കുളം.

സർവ്വാധിനാഥനായ ദൈവത്തിന് പരിപൂർണ്ണമായും കീഴൊതുങ്ങി ജീവിക്കുവാനും അവനെ മാത്രം വണങ്ങുവാനും മനുഷ്യൻ ബാധ്യസ്ഥനാണ്. ആരാധനക്കർഹമാക്കുന്ന മുഴുവൻ ശക്തിഭാവങ്ങളും അവനിൽ മാത്രം നിക്ഷിപ്തവുമാണ്. ദൈവത്തിനു മാത്രമുള്ള ചില ഗുണ മാഹാത്മ്യങ്ങൾ വി. ഖുർആൻ ഇപ്രകാരം അനാവരണം ചെയ്യുന്നു. *"അല്ലാഹു-അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ, സ്വയം നിലനില്ക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. അവന്റെ അനുമതികൂടാതെ അവനോട് ശുപാർശ ചെയ്യുന്നവനാരുണ്ട്? അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതുമെല്ലാം അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നിൽക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു." (2: 256) "ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവന്റേതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനുമാകുന്നു." (57:2,3) "അല്ലാഹുവിന് പുറമെ നിങ്ങൾ ആരെയെല്ലാം വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഒരിക്കലും ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല, അവരെല്ലാം അതിനുവേണ്ടി സംഘടിച്ചാൽപ്പോലും. അവരിൽ നിന്ന് ഈച്ച വല്ലതും തട്ടിക്കൊണ്ടുപോകുന്നതായാൽ അതിൽ നിന്നു അതിനെ അവർ വീണ്ടെടുക്കുകയുമില്ല. സഹായമർത്ഥിക്കുന്നവനും സഹായമർത്ഥിക്കപ്പെടുന്നവനും ബലഹീനർ തന്നെ. അല്ലാഹുവിന്റെ ഗുണങ്ങളെ അതർഹിക്കുന്നവിധം അവർ വിലയിരുത്തിയില്ല. അല്ലാഹു ശക്തനും പ്രതാപശാലിയുമാകുന്നു."* (22:74)

സർവ്വജ്ഞനും, സർവ്വശക്തനും സർവ്വലോകനിയന്താവുമായിരിക്കേണ്ടത്, പരകോടി സൃഷ്ടികളുടെ ബഹുമുഖ പ്രശ്നങ്ങളറിയുന്നതിനും അവ പരിഹരിക്കുമാറാകുന്നതിനും ആരാധ്യന് അനുപേക്ഷണീയമായ ശക്തി മാഹാത്മ്യങ്ങളാകുന്നു. കേവലം സ്രഷ്ടാവിനുള്ള ഈ ഗുണമഹത്വങ്ങൾ സൃഷ്ടികളിലാർക്കും നല്കുവാൻ പാടുള്ളതല്ല. ആരാധനക്കർഹൻ എന്നെന്നും ജീവിക്കുന്നവനുമായിരിക്കണം. നിർജീവവും നാശോന്മുഖവുമായതിനെ ആരാധ്യവസ്തുവാക്കുന്നത് ബുദ്ധിശൂന്യവും നിഷ്ഫലവുമാകുന്നു. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന ഗുണവും ദൈവത്തിൽ മാത്രം പരിമിതമാണ്. ഇപ്പറഞ്ഞ മുഴുവൻ ശക്തിമാഹാത്മ്യങ്ങളും ദൈവത്തിന്റേതാണെന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം വി.ഖുർആൻ അടിവരയിട്ടു പറയുന്നു. ബഹുദൈവങ്ങളുണ്ടെന്ന് വിശ്വസിക്കുക, ഏകനായ ദൈവത്തിന്റെ ഗുണമാഹാത്മ്യങ്ങൾ ഏതെങ്കിലുമളവിൽ മറ്റൊന്നിന് കല്പിക്കുക, ഒരാളെപ്പറ്റി അയാൾ, മനുഷ്യസഹജമായ അവസ്ഥകളിൽ നിന്നും കുറവുകളിൽ നിന്നും അതീതനാണെന്ന് കരുതുക തുടങ്ങിയ സൃഷ്ടിപൂജയുടെ മുഴുവൻ തരഭേദങ്ങളെയും വി.ഖുർആൻ നിരാകരിക്കുന്നു.

## ദൈവദൂതന്മാരുടെ ദൗത്യം

ദൈവദൂതന്മാരിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സുപ്രധാന ദൗത്യം ഏകദൈവതത്ത്വപ്രഘോഷണമാകുന്നു. കലർപ്പില്ലാത്ത തൗഹീദിന്റെ (ഏകദൈവസിദ്ധാന്തം) സംസ്ഥാപനമാകുന്നു അവരുടെ ദൗത്യത്തിന്റെ കാതൽ. വികലവും അന്ധവുമായ സാങ്കല്പികവിശ്വാസത്തിന്റെ നിർമ്മാർജനം ദൈവദൂതന്മാർ മുഖേനയാണ് യാഥാർത്ഥ്യമാവുന്നത്. ദിവ്യവും സ്വച്ഛവുമായ അറിവുകളുടെ അടി

സ്ഥാനത്തിൽ, സുദൃഢമായ ആസ്തി ക്യബോധത്തിലേക്ക് അവർ മാനവസമൂഹത്തെ ആനയിക്കുന്നു. ദൈവിക ഗുണമാഹാത്മ്യങ്ങളും മനുഷ്യരുമായുള്ള ദൈവത്തിന്റെ സമീപനരീതികളും അവന്റെ മഹത്വത്തിന്നനുരോധമായ നിലയിൽ അവർ ലോകസമക്ഷം വിവരിച്ചു കാട്ടുന്നു. ദൈവത്തിന്റെ മഹോന്നതിയെ സ്ഥാപിച്ചുറപ്പിക്കുന്നവിധം, വിശ്വാസപരവും കർമ്മപരവുമായ ചിന്താപദ്ധതികൾക്ക് അവർ അടിത്തറപാകുന്നു. *"അല്ലാഹുവിനെ ആരാധിക്കുക, ദുശ്ശക്തികളെ വർജ്ജിക്കുക എന്ന സന്ദേശവുമായി എല്ലാ സമുദായങ്ങളിലും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്."* (വി.ഖു. 16:37) ദൈവദൂതന്മാർ ബീജാവാപം ചെയ്ത തൗഹീദിൽ നിന്നുള്ള വ്യതിയാനമാണ് ഗുരുതരമായ സൃഷ്ടിപൂജയിലേക്കു വഴി തുറക്കുന്നത്. അങ്ങനെ ജനങ്ങൾ സന്മാർഗത്തിൽ നിന്ന് വ്യതിചലിക്കാൻ തുടങ്ങുന്നു. എന്നാൽ സകല പരിധികളും ഉല്ലംഘിക്കുന്ന വിധത്തിൽ സന്മാർഗവ്യതിയാനം മൂർത്തരൂപം പ്രാപിക്കുമ്പോൾ, സ്രഷ്ടാവിന്റെ കാരുണ്യകടാക്ഷം തുടർന്നും വെളിപ്പെടുന്നു." *ഇവർക്കു മുമ്പേ പൂർവ്വികരിൽ അധികമാളുകളും വഴിപിഴച്ചുപോയിരുന്നു. തീർച്ചയായും നാം അവരിൽ മുന്നറിയിപ്പുകാരെ അയച്ചുകൊടുത്തു"* (വി.ഖു. 37:72-73) അലംഘനീയമായ ദൈവത്തിന്റെ ഈ നടപടിക്രമം മനുഷ്യകുലത്തിന് അനുഗ്രഹമാണെന്നതിൽ സന്ദേഹമില്ല. ചുരുക്കത്തിൽ, സൃഷ്ടിപൂജയുടെ സൂക്ഷ്മാൽ സൂക്ഷ്മതരമായ വശങ്ങളെക്കുറിച്ചു മനുഷ്യരിൽ അവബോധമുണ്ടാക്കുന്നത് കാലാകാലങ്ങളിൽ ആഗതരാകുന്ന ദൈവദൂതന്മാരാകുന്നു.

## ദൈവത്തിന്റെ മഹിമാ വിലാസം വാഗ്ദത്ത മസീഹിലൂടെ

ദൈവത്തിന്റെ മഹോന്നതമായ പവിത്രസ്ഥാനത്തിന് വിഘ്നമുണ്ടാക്കുന്നവിധം സൃഷ്ടിപൂജയുടെ ചിന്താഗതികൾ രൂപംകൊണ്ടപ്പോൾ, അവന്റെ മഹിമാവിലാസവും ഏകത്വഭാവവും ലോകത്ത് പുനഃസ്ഥാപിക്കുക എന്നതായിരുന്നു വാഗ്ദത്ത മഹ്ദീമസീഹിലർപ്പിതമായ ദിവ്യദൗത്യം. ശിർക്കിന്റെ സൂക്ഷ്മവും അദൃശ്യവുമായ തലങ്ങളിലേക്ക് അദ്ദേഹം വെളിച്ചം വീശി. ഇതുസംബന്ധിച്ച് അദ്ദേഹം പറയുന്നു: "ഇസ്‌ലാമിന്റെ മുദ്രാവാക്യമായ കലിമയുടെ താൽപര്യം നാം വിഗ്രഹാരാധനയിൽ നിന്നും ഒഴിഞ്ഞിരിക്കണമെന്നുള്ളതു മാത്രമല്ല. മറ്റു പല മിഥ്യാദൈവങ്ങളുമുണ്ട്. അവയെല്ലാം വർജ്ജിക്കണമെന്നും അത് പഠിപ്പിക്കുന്നു. ഉദാഹരണമായി, സ്വേച്ഛകൾക്കു വഴങ്ങുക, കാമവികാരങ്ങൾക്കു അടിമപ്പെടുക, ദുർമ്മാർഗത്തെ പിൻപറ്റുക തുടങ്ങിയവയെല്ലാം മനുഷ്യർ ഹൃദയങ്ങളിൽ പൂജിക്കുന്ന ഒരു തരം വിഗ്രഹങ്ങൾ തന്നെയാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' അഥവാ 'അല്ലാഹുവല്ലാതെ ആരാധ്യനായി യാതൊന്നുമില്ല' എന്ന കലിമ ഇത്തരം വിഗ്രഹങ്ങളെയെല്ലാം നിരാകരിക്കുന്നു. ഈ പരിശുദ്ധ കലിമ അല്ലാഹുവൊഴികെ യാതൊന്നിനെയും ആരാധ്യമായി കരുതരുതെന്നാണ് പഠിപ്പിക്കുന്നത്. അതിനാൽ മനുഷ്യൻ തന്റെ അകത്തും പുറത്തുമുള്ള എല്ലാ ആരാധ്യവസ്തുക്കളെയും അകറ്റി തന്റെ ഹൃദയത്തെ ഏകദൈവത്തിന് മാത്രമായി പാവനമാക്കിവെക്കേണ്ടത് ആവശ്യമാണ്. സ്ഥൂലവും ദൃശ്യവുമായ വിഗ്രഹങ്ങളുള്ളതുപോലെതന്നെ സൂക്ഷ്മവും അദൃശ്യവുമായ വിഗ്രഹങ്ങളുമുണ്ട്. ഉദാഹരണമായി, വല്ല കാര്യവും സാധിക്കുന്നതിന് ദൈവസഹായത്തെ വിചാരിക്കപോലും ചെയ്യാതെ കേവലം സാധനാശക്തിയെ മാത്രം ആശ്രയിക്കയാണെങ്കിൽ ആ ആശ്രയസാധനം ഒരുതരം വിഗ്രഹമാകുന്നു. പക്ഷേ, അതു അതിസൂക്ഷ്മമായ ഒന്നത്രെ... മനുഷ്യർ തങ്ങളുടെ കക്ഷങ്ങളിൽ വഹിച്ചുകൊണ്ടു നടക്കുന്ന ആ അദൃശ്യവിഗ്രഹങ്ങളെ വർജ്ജിക്കുക അത്ര എളുപ്പമല്ല. ആ വിഗ്രഹങ്ങളാകട്ടെ, ദൈവാനുഗ്രഹമാകുന്ന സൂക്ഷ്മദർശിനി മുഖേനയല്ലാതെ ഗോചരമാകാത്ത അതിസൂക്ഷ്മങ്ങളായ കീടങ്ങളാകുന്നു. അവ മനുഷ്യർക്ക് വളരെ ഉപദ്രവം ചെയ്യുന്നവയുമാണ്. ഹൃദയത്തിൽ മറഞ്ഞു കിടക്കുന്ന ആ വിഗ്രഹങ്ങൾ ദൈവത്തോടും സമസൃഷ്ടികളോടുമുള്ള കർത്തവ്യധർമ്മങ്ങളിൽ നിന്നു മനുഷ്യനെ വ്യതിചലിപ്പിച്ചുകളയുന്ന സ്വേച്ഛാവികാരങ്ങളല്ലാതെ മറ്റൊന്നുമല്ല. ആലിംകളെന്നും ഫാസിൽമാരെന്നും അറിയപ്പെടുന്നവരും ഹദീസിന്റെ വിദ്വാന്മാരുമായുള്ള പണ്ഡിതന്മാർകൂടിയും തങ്ങളിലുള്ള ഈ വിഗ്രഹങ്ങളെ തിരിച്ചറിയാൻ ശക്തരാകാതെ അവയെ പൂജിച്ചുപോരുന്നു. ഈ വിഗ്രഹങ്ങളെ അകറ്റിനിർത്തുക വാസ്തവത്തിൽ വീരോചിതമായ പ്രവൃത്തിയാണ്." (മൽഫൂസാത്ത്).

ദൈവത്തിന്റെ പ്രതാപഗരിമയെപ്പറ്റി വാഗ്ദത്ത മഹ്ദീമസീഹ് (അ) ഇങ്ങനെ വിവരിക്കുന്നു. "അല്ലയോ ശ്രോതാക്കളേ, കേട്ടുകൊൾവീൻ. അല്ലാഹു നിങ്ങളിൽ നിന്ന് ആഗ്രഹിക്കുന്നത് എന്താണ്? നിങ്ങൾ അവന്റേതായിത്തീരുക എന്നു തന്നെ. നിങ്ങൾ അവനോടു ആകാശത്തിലും ഭൂമിയിലും ആരേയും പങ്കുചേർക്കരുത്. നമ്മുടെ ദൈവം മുമ്പ് ജീവിച്ചിരുന്നതുപോലെ ഇന്നും ജീവിച്ചിരിക്കുന്നു. മുമ്പ് സംസാരിച്ചിരുന്നതുപോലെ ഇപ്പോഴും സംസാരിക്കുന്നു. മുമ്പ് കേട്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനുമാകുന്നു... അവന്റെ വിശേഷഗുണങ്ങളെല്ലാം അനാദികാലം മുതൽക്കേ ഉള്ളതും ശാശ്വതങ്ങളുമാകുന്നു. അവന്റെ ഒരു ഗുണവും നിഷ്ക്രിയമല്ല. ഇനി ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ എല്ലാ സമ്പൂർണ്ണസവിശേഷഗുണങ്ങളുടെയും സമുച്ചയമാകുന്നു. അവൻ എല്ലാ യഥാർത്ഥ സ്തുതികളുടെയും പ്രതിബിംബവും സർവ്വവിധ സദ്ഗുണങ്ങളുടെയും ഉറവിടവുമാകുന്നു. അവൻ എല്ലാ ശക്തികളുടെയും സമാഹാരവുമാകുന്നു. അവൻ എല്ലാ നന്മകളുടെയും ഉത്ഭവസ്ഥാനവും എല്ലാ ഓരോ വസ്തുവിന്റെയും മടക്കസ്ഥാനവുമാകുന്നു. എല്ലാ ഓരോ രാജ്യത്തിന്റെയും അധിപനും അവൻ തന്നെ. അവൻ എല്ലാവിധ സമ്പൂർണ്ണതക

ളാലും സവിശേഷപ്പെട്ടവനാകുന്നു. അവൻ എല്ലാവിധ ന്യൂനതകളിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും പരിശുദ്ധനാകുന്നു. ആകാശഭൂമിയിലുള്ളവരെല്ലാം അവനെ മാത്രമെ ആരാധിക്കാവൂ എന്ന കാര്യത്തിൽ അവൻ പ്രത്യേകപ്പെട്ടവനാകുന്നു. അവന് മുന്നിൽ ഒരു കാര്യവും അസാദ്ധ്യമായതല്ല... അവൻ ഭൗതികനേത്രങ്ങൾ കൂടാതെ കാണുന്നവനും ഭൗതിക കർണ്ണങ്ങൾ കൂടാതെ കേൾക്കുന്നവനും ഭൗതികജിഹ്വയില്ലാതെ സംസാരിക്കുന്നവനുമാകുന്നു. ഇതുപോലെ തന്നെ ഇല്ലാത്ത അവസ്ഥയിൽ നിന്നു ഉണ്ടാക്കുക എന്നത് അവന്റെ പ്രവൃത്തിയാണ്. അവന്റെ ദിവ്യശക്തികളെ നിഷേധിക്കുന്നവൻ ബുദ്ധിഹീനനത്രെ. അവന്റെ അതിഗഹനമായ ശക്തിപ്രഭാവങ്ങളെ മനസ്സിലാക്കാത്തവൻ അന്ധനാകുന്നു. തന്റെ വാഗ്ദാനങ്ങൾക്കും പ്രതാപങ്ങൾക്കും എതിരല്ലാത്ത എല്ലാ കാര്യങ്ങളും അവൻ പ്രവർത്തിക്കുന്നവനും പ്രവർത്തിക്കുവാൻ സാധിക്കുന്നുവനുമാണ്. അവൻ തന്റെ അസ്തിത്വത്തിലും ഗുണങ്ങളിലും പ്രവൃത്തികളിലും ദിവ്യശക്തികളിലും ഏകനാകുന്നു." ചുരുക്കത്തിൽ പവിത്രവും സമുന്നതവുമായ ദൈവത്തിന്റെ സ്ഥാനമാഹാത്മ്യങ്ങളും അവന്റെ സംപ്രീതി നേടുന്നതിനുള്ള വഴികളും വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) ലോക സമ ക്ഷം തുറന്നു കാട്ടുകയുണ്ടായി. നിഷ് പക്ഷമായി വിലയിരുത്തുന്നവർക്കു ഈ യാഥാർത്ഥ്യം കാണാൻ പ്രയാസമുണ്ടാവില്ല.

## കാന്തപുരം മുസല്യാരുടെ വ്യാജാരോപണങ്ങൾ

മനുഷ്യനെ തന്റെ ജീവിതലക്ഷ്യമായ ദൈവതൃപ്തിയുടെ രാജവീഥിയിലേക്കാനയിക്കുകയാണ് വാഗ്ദത്ത മസീഹ് (അ) ചെയ്തത്. എന്നാൽ വിശുദ്ധ ഖുർആൻ സംശയാതീതമായി ഊന്നിപ്പറഞ്ഞ തൗഹീദിൽപ്പോലും മായം ചേർത്ത് ആൾദൈവവാദികൾക്കും സൃഷ്ടിപൂജകർക്കും വെള്ളവും വളവും നല്കുന്നവർ, ഹദ്റത്ത് അഹ് മദ് (അ) ദൈവവാദം ഉന്നയിച്ചിരുന്നുവെന്ന പെരുങ്കള്ളം തട്ടിവിട്ടിരിക്കുകയാണ്! കാന്തപുരം ശൈഖുനായും അടിസ്ഥാനരഹിതവും നിരുത്തരവാദപരവുമായ ഈ ആരോപണമുവായി രംഗപ്രവേശം ചെയ്തിരിക്കുന്നു! 2007 ഫിബ്രവരി 18ലെ മാതൃഭൂമി ആഴ്ചപതിപ്പിൽ 'ആൾദൈവങ്ങൾ ഇസ്‌ലാമിക വീക്ഷണത്തിൽ' എന്ന തന്റെ ലേഖനത്തിലാണ് അദ്ദേഹം ഈ ദുരാരോപണമുന്നയിച്ചിരിക്കുന്നത്. അതേ ആഴ്ചപ്പതിപ്പിൽ തന്നെ, സൃഷ്ടികുലോത്തമനും പ്രവാചക ചക്രവർത്തിയുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്കെതിരിൽ ഡോ. എം. ഗംഗാധരൻ എന്ന വ്യക്തിയുടെ നിന്ദ്യവും നീചവുമായ അധിക്ഷേപം വന്നിരിക്കുന്നതും യാദൃശ്ചികമല്ല. "അവരുടെ ഹൃദയങ്ങൾ (നിഷേധമനസ്സുകൾ) പരസ്പര താദാത്മ്യം പുലർത്തുന്നു" എന്നതാണല്ലോ പ്രമാണം. സത്യാത്മാക്കൾക്കെതിരിൽ അസ്ഥിവാരമില്ലാത്തതും വ്യാജനിർഭരങ്ങളുമായ ആരോപണങ്ങളുന്നയിച്ചു കൊണ്ടിരിക്കുന്നത് നിഷേധികളുടെ സ്വഭാവമാണെന്ന് വി.ഖുർആൻ മനസ്സിലാക്കിത്തരുന്നു. യാതൊരു സന്ദേഹത്തിനും പഴുതില്ലാത്തവിധം ഏകദൈവപ്രഘോഷണം നടത്തുന്ന മതമാണ് ഇസ്‌ലാം. എന്നാൽ പരേതാത്മക്കളെ വിളിച്ചു പ്രാർത്ഥിക്കാമെന്നും ക്രിസ്ത്യാനികൾ ദൈവമായി പൂജിക്കുന്ന ഈസാനബി ഇന്നും ജീവനോടെ ആകാശത്ത് പാർത്തുവരുന്നുണ്ടെന്നും ദൈവത്തെക്കൂടാതെ മറ്റുചിലർക്കും സൃഷ്ടിക്കാനുള്ള കഴിവു നല്കപ്പെട്ടിട്ടുണ്ടെന്നും 'കോഴിപാട്സ്' എടുത്ത് മുഹ്‌യുദ്ദീൻ ശൈഖ് (ഖ.സി) അതിനെ ജീവനുള്ള കോഴിയാക്കി പറപ്പിച്ചുവിട്ടുവെന്നുമുള്ള ആൾദൈവസങ്കല്പങ്ങൾക്ക് കരുത്തും ഊർജ്ജ വും നൽകുന്ന ശിർക്ക് വിശ്വാസങ്ങൾ ഇസ്‌ലാമിന്റെ മേൽവിലാസത്തിൽ പ്രചരിപ്പിക്കുന്ന 'ശൈഖുനാ സുന്നികൾ' ഇരട്ടമുഖത്തിൽ പ്രത്യക്ഷപ്പെടുന്നത് വിചിത്രമായിരിക്കുന്നു! ദൈവപ്രോക്തമായ ഖണ്ഡിതസാക്ഷ്യങ്ങൾക്കും ദൈവത്തിന്റെ നടപടിക്രമങ്ങൾക്കും വിരുദ്ധമായ തങ്ങളുടെ ചെയ്തികൾക്ക്, അവർക്ക് പക്ഷേ ന്യായീകരണമുണ്ട്. 'അല്ലാഹു കഴിവു കൊടുത്താൽ അങ്ങനെയൊക്കെ ചെയ്യാനാവില്ലേ' എന്നാണ് മറുപടി!! നാറുന്ന വേഷവിധാനമണിഞ്ഞ് നടക്കുന്നവരിൽപ്പോലും, 'ഔലിയാഅ്' നെ കണ്ടെത്തുന്നവർ അതിനും ന്യായീകരണങ്ങൾ നിരത്തുന്നു! ഔലിയാഅ്നു സ്വബോധം നഷ്ടപ്പെടുന്ന ചില സന്ദർഭങ്ങളുണ്ടത്രെ! നിർബന്ധകർമ്മങ്ങളൊന്നും അവർക്കപ്പോൾ അനുഷ്ഠിക്കേണ്ടതില്ല! ഭക്തിക്ക് തീവ്രത കൂടുമ്പോഴാണ് അപ്രകാരം സംഭവിയ്ക്കുന്നത്. സുന്നികളുടെ വിവരണങ്ങൾ തന്നെ ശ്രദ്ധിക്കുക: "അത്ഭുതങ്ങൾ കാണിക്കുന്നുവെന്നത് മാത്രം ഒരാൾ വലിയാണെന്നതിന് തെളിവല്ല. അദ്ദേഹം സ്ഥിരബുദ്ധിയുള്ളപ്പോൾ ശരീഅത്ത് നിയമം പാലിക്കുന്നുണ്ടെങ്കിൽ, അദ്ദേഹത്തെ വലിയ്യായും, അത്ഭുതങ്ങൾ കറാമത്തുകളായും വിചാരിക്കാം. ഇവർ പക്ഷേ, ശരീഅത്ത് നിയമം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നത് അത്ര എളുപ്പമുള്ളകാര്യമല്ല. സാധാരണക്കാരിൽ ഭ്രാന്തന്മാരുണ്ടല്ലോ, അതുപോലെ അസാധാരണക്കാരായ ഔലിയാക്കളിലുമുണ്ട് ഭ്രാന്തന്മാർ. പക്ഷേ, വ്യത്യാസമുണ്ട്. സാധാരണക്കാരുടെ ഭ്രാന്തിന് കാരണം ശാരീരികമോ മാനസികമോ ആയ ഭൗതിക കാരണങ്ങളായിരിക്കും. ഔലിയാക്കളുടേതിങ്ങനെയല്ല. അവർ അല്ലാഹുവിൽ ലയിച്ചപ്പോൾ, ഭൗതികമായ ബോധം നശിച്ചു. അവർ അവരെത്തന്നെ മറന്നു. ആ ബോധ സമയത്ത് സാധാരണക്കാരനെന്നപോലെ ശരീഅത്ത് നിയമം ഔലിയാഇന്നും ബാധകമല്ല." (സമ്പൂർണ്ണ മുഹ്‌യുദ്ദീൻ മാല വ്യാഖ്യാനം പുറം. 39-40 പ്രസാധകർ, സുന്നി ബുക്ക് ഹൗസ്)

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉൽകൃഷ്ട മാതൃകയെ പിന്തുടർന്നു ജീവിക്കുന്നവർക്ക് തീവ്രഭക്തിയിൽ സ്വബോധം നഷ്ടപ്പെട്ട്, അങ്ങനെ ആരാധനാദി നിർബന്ധകർമ്മങ്ങളിൽ 'കൺസഷൻ' കിട്ടുന്ന ഒരവസ്ഥ ഏതായാലും ഉണ്ടാ

വില്ല.

തുടർന്ന് ഔലിയാക്കളുടെ ബർക്കത്തുകളെപ്പറ്റി പറയുന്നു. "പ്രചാരണരംഗത്ത് കടന്നുവരാൻ മടിച്ചുനിന്ന മുഹിയുദ്ദീൻ ശൈഖവർകൾക്ക് ബർക്കത്തിനുവേണ്ടി നബി(സ) വന്ന് വായിൽ തുപ്പികൊടുത്തു." ബർക്കത്തിനുവേണ്ടി നബി(സ) ഭക്ഷ്യവസ്തുവിൽ തുപ്പാറുണ്ടായിരുന്നത്രെ. തുടർന്ന് വിവരിക്കുന്നു: "നബി(സ)യുടെ തുപ്പുനീരിന്റെ ബർക്കത്തുകൊണ്ട് ഭക്ഷ്യവസ്തു വർദ്ധിച്ചതും അലി(റ)ക്ക് രോഗം സുഖമായതും അബ്ദുല്ലാഹിബ്നു സുബൈർ (റ) ലോകമഹാപണ്ഡിതനായതും (?) നാം കണ്ടു. എന്നാൽ ഇതുപോലെ ശൈഖവർകൾ നബി(സ)യുടെ തുപ്പുനീരാൽ അനുഗൃഹീതനായി, ഔലിയാക്കളിൽ ഏറ്റവും ഉന്നതനായി. മഹാത്മാക്കളുടെ തുപ്പുനീരിന് മാത്രമല്ല ബർക്കത്തുള്ളത്. അവരുടെ കാലിന്നടിയിലെ മണ്ണിനുപ്പോലും പ്രാധാന്യമുണ്ട്. എന്തിനധികം അവർ യാത്ര ചെയ്യുന്ന മൃഗം ചവിട്ടിയ മണ്ണിന് പോലുമുണ്ട് പ്രാധാന്യം. പ്രാധാന്യമുണ്ടെന്ന് മാത്രമല്ല, ജീവശക്തി പ്രദാനം ചെയ്യാൻ പോലും ആ മണ്ണിന് കഴിയും." (മുഹ്‌യുദ്ദീൻ മാല വ്യാഖ്യാനം. പേജ് 91)

സമൂഹത്തിൽ തുറന്നുപറയാൻ പോലും ലജ്ജിക്കുന്ന സൃഷ്ടിപൂജാ ചിന്താഗതികൾ വെച്ചുപുലർത്തുന്ന കാന്തപുരം ശൈഖുനാ ആൾദൈവ സങ്കല്പത്തിന്നെതിരിൽ ചാരിത്ര്യപ്രസംഗം നടത്തുകയാണ്. ദൈവത്തിന്റെ പ്രീതദാസന്മാരായ പ്രവാചകന്മാരും ഔലിയാക്കന്മാരും സൃഷ്ടിപൂജക്കെതിരിൽ അങ്ങേയറ്റം പടപൊരുതിയവരാണ്. സൃഷ്ടിപൂജയുടെ നേരിയ ചലനമെങ്കിലും സമൂഹത്തിൽ കടന്നുകൂടുമോ എന്ന കാര്യത്തിൽ അത്യധികം ജാഗ്രത പുലർത്തിയിരുന്നവരാണവർ. തങ്ങൾ മാനുഷികമായ അവസ്ഥകളും കുറവുകളുമുള്ളവരാണെന്ന് സമൂഹത്തോടു തുറന്നു പ്രഖ്യാപിച്ചവർ, ദൈവിക പരിശുദ്ധിയെയും മഹത്വത്തെയും ഭൂലോകത്ത് സ്ഥാപിച്ചുറപ്പിച്ചവർ. ഇത്തരം പുണ്യാത്മാക്കളെ, തങ്ങളുടെ ദുഷ്ചെയ്തികൾക്കു കൂട്ടുപിടിയ്ക്കുന്നത് കടുത്ത അനീതിയും ധിക്കാരവുമാകുന്നു. തന്റെ അനുചരവൃന്ദം സൃഷ്ടിപൂജയിലേക്കു വഴുതിപ്പോകുമോ എന്ന കാര്യത്തിലായിരുന്നു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തന്റെ അന്തിമ നിമിഷങ്ങളിൽപോലും ഉൽകണ്ഠാകുലനായത്. മരണാസന്നസമയത്ത് അവിടന്ന് തന്റെ അനുയായികളെ ഉപദേശിച്ചു: "യഹൂദികളെയും ക്രിസ്ത്യാനികളെയും അല്ലാഹു വെറുത്തിരിക്കുന്നു. അവർ തങ്ങളുടെ പ്രവാചകന്മാരുടെ മൃതകുടീരങ്ങളെ ആരാധിച്ചു തുടങ്ങി. ഞാൻ എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠനും അവരിലാരെക്കാളും വിജയശ്രീലാളിതനും ആണെന്ന് നിങ്ങൾ അറിയുമാറാകും. എന്നാൽ എന്റെ മൃതകുടീരം നിങ്ങൾ ആരാധിച്ചു തുടങ്ങരുത്. എന്റെ കബർ വെറും കബർ ആയിരിക്കട്ടെ. മറ്റുള്ളവർ തങ്ങളുടെ പ്രവാചകന്മാരുടെ കബറുകളെ പൂജിക്കുകയോ അവിടം തീർത്ഥാടന കേന്ദ്രമാക്കുകയോ ചെയ്തുകൊള്ളട്ടെ! അവിടെ അവർ നിവേദ്യം അർപ്പിക്കുകയും അർച്ചനകൾ നടത്തുകയും ചെയ്തുകൊള്ളട്ടെ. എന്നാൽ നിങ്ങൾ അപ്രകാരമൊന്നും ചെയ്യരുതേ! നിങ്ങൾ ഏക ഇലാഹിനെ, അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ." (തിരുനബി ചരിത്രം, പുറം 287-288) സൃഷ്ടിപൂജ, കബർപൂജ, പരേതരെ വിളിച്ചു പ്രാർത്ഥിക്കൽ, കബറിൽ ദീപം തെളീക്കൽ, കുത്ത്റാതീബ് തുടങ്ങിയ ബിദ്അത്തുകളിൽപെട്ട് നബി (സ) തിരുമേനിയുടെ അദ്ധ്യാപനങ്ങളിൽ നിന്നും ബഹുദൂരം അകന്നുപോയവരെ സന്മാർഗത്തിലേക്കു തന്നെ കൊണ്ടുവരികയായിരുന്നു വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്‌മദ് (അ). സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും സ്ഥാനങ്ങൾ വ്യതിരിക്തമാക്കിക്കാട്ടുകയും സ്രഷ്ടാവിന്റെ ഗുണമാഹാത്മ്യങ്ങളുടെയും ഏകതാവിലാസത്തിന്റെയും അത്യുദാത്തമായ മഹനീയതകൾ ലോകസമക്ഷം വിളംബരം ചെയ്യുകയും ദൈവത്തിന്റെ സംപ്രീതി കരഗതമാകുന്ന വഴിയിലെ വിളിയാളുമായി നിലകൊള്ളുകയും ചെയ്തു അദ്ദേഹം. ആ പുണ്യാത്മാവിന്റെ ഗ്രന്ഥങ്ങൾ നിഷ്പക്ഷദൃഷ്ട്യാ വിലയിരുത്തുന്നവർക്ക് ഈ സത്യം ഗ്രഹിക്കാൻ പ്രയാസമുണ്ടാവില്ല. ●

*(6-ാം പേജിൽ നിന്ന് തുടർച്ച)*

പ്രാപിച്ചാൽ സർവ്വശക്തനായ ദൈവം അവനിൽ പ്രതിഫലിക്കുന്നു. അതായത് അയാൾക്ക് തന്റെ അഹംഭാവം നഷ്ടമാവുകയും ദൈവത്തിന്റെ പക്കലുള്ള അനശ്വര പദവി കൈവരിക്കുകയും ചെയ്യുന്നു. പ്രത്യേകമായ രീതിയിൽ മലക്കുകൾ അയാളിൽ ഇറങ്ങുകയും ചെയ്യുന്നു. അയാളുടെ ആദ്യകാല സത്യാന്വേഷണത്തിൽ മലക്കുകൾ അദ്ദേഹത്തെ സഹായിക്കുകയും സേവിക്കുകയും ചെയ്യുന്നു. മലക്കുകളുടെ ഈ പ്രത്യേകമായ അവരോഹണം വളരെ പരിപൂർണവും അവികലുമാണ്. ആയതിനാൽ അതിനെ സുജൂദ് എന്ന് വിവരിക്കപ്പെടാവുന്നതാണ്. സുജൂദ് സൂചിപ്പിക്കുന്നത് ഒരു പരിപൂർണ്ണ മനുഷ്യനേക്കാൾ മലക്കുകൾ ഉന്നതന്മാരല്ല എന്നാണ്. ഒരു രാജകീയ സേവകനെപോലെ ഒരു പരിപൂർണ്ണ മനുഷ്യനുമുമ്പിൽ സ്വയം സുജൂദ് ചെയ്തുകൊണ്ട് അവർ ബഹുമാനം അർപ്പിക്കുന്നു. (തൗസീഹെ മറാം) ●

## ആഹാര മര്യാദ

ഇബ്നു അബ്ബാസിൽ നിന്നും നിവേദനം: റസൂൽ തിരുമേനി പറഞ്ഞു: ഭക്ഷണത്തിന്റെ നടുവിലാണ് അനുഗ്രഹമിറങ്ങാറ്. അതുകൊണ്ട് ഭക്ഷണത്തിന്റെ അരികിൽ നിന്ന് തിന്നണം. മദ്ധ്യത്തിൽ നിന്ന് അരുത്. (തിർമിദി)

# ഹദ്റത്ത് അഹ്മദി (അ)-നു വെളിപാടുകൾ ലഭിച്ചുതുടങ്ങുന്നു

ഏ. ക്യു മഹ്ദി

ഹദ്റത്ത് അഹ്മദ് (അ), സിയാൽകോട്ട് കോടതിയിൽ ഉദ്യോഗം വഹിച്ചിരുന്ന കാലം. സ്വയം തീരെ താൽപര്യമില്ലാതിരുന്നിട്ടും പിതാവിന്റെ ആഗ്രഹം മാനിച്ചു മാത്രമാണ് അദ്ദേഹം ഗവൺമെന്റ് ജോലി സ്വീകരിച്ചത്. ആ ഔദ്യോഗികജീവിതകാലത്ത് പല ക്രിസ്തീയ മിഷണറിമാരുമായി ബന്ധം പുലർത്താൻ അദ്ദേഹത്തിനവസരമുണ്ടായി.

ഒരിക്കൽ ഒരു പാതിരി, ക്രിസ്തുമതത്തിൽകൂടി മാത്രമേ മനുഷ്യനു രക്ഷ കിട്ടുകയുള്ളൂ എന്നു പറഞ്ഞപ്പോൾ, 'രക്ഷ' എന്ന വാക്കിന്റെ നിർവചനം എന്താണെന്ന് ആ ക്രിസ്തീയ പുരോഹിതനോടു ഹദ്റത്ത് അഹ്മദ് ചോദിക്കയുണ്ടായി. നിർവചനം പോയിട്ട് ഒരു സാധാരണ വിശദീകരണം പോലും 'രക്ഷ'യെപ്പറ്റി നൽകാനാവാതെ പാതിരി പിൻമാറിക്കളഞ്ഞു. ക്രിസ്തീയമതവിശ്വാസങ്ങളെന്നു പറഞ്ഞു ത്രിയേകത്വവാദത്തിന്റെ പിൻബലത്തിൽ ക്രൈസ്തവ പുരോഹിതന്മാരിൽ നല്ലൊരു ശതമാനംപേരും നടത്തുന്ന ബാലിശമായ വിശദീകരണങ്ങളിലൊന്നിലും യുക്തിസഹമായ അർത്ഥതലങ്ങൾ ഉണ്ടാവാറില്ലെന്നു അവരിൽ ബുദ്ധിയുള്ള ചില പാതിരിമാരെങ്കിലും സ്വയം മനസ്സിലാക്കുന്നുണ്ടാവണം. അത്തരത്തിലുള്ള കൗശലക്കാരനായ ഒരു പാതിരിയാവണം, 'രക്ഷ'യ്ക്ക് നിർവചനം നൽകാൻ തയ്യാറാകാതെ പിൻവാങ്ങിക്കളഞ്ഞത്.

വലിയ മതപാണ്ഡിത്യം ഇല്ലാത്ത, സാധാരണജ്ഞാനം മാത്രം കൈമുതലുള്ള ഒരു ശരാശരി അഹ്മദിയുടെ മുമ്പിൽപോലും ബുദ്ധിരാക്ഷസരെന്നു സ്വയം ധരിക്കുന്ന ചില എതിരാളികൾക്ക് സംവാദങ്ങളിലൂടെ ജയിക്കാനാവാത്ത അവസ്ഥ ഈ വർത്തമാനകാലത്തുപോലും ഉണ്ട്. ചില അസന്ദിഗ്ദ്ധഘട്ടങ്ങളിൽ 'അയാൾ ഖാദിയാനിയാണ്, അയാളോടു സംസാരിക്കാൻ നിൽക്കണ്ട, ഒരിക്കലും നമുക്കയാളോടു സംസാരിച്ചു ജയിക്കാൻ പറ്റില്ല...' എന്ന മട്ടിൽ പല എതിരാളികളും ഭയാശങ്കയോടെ പിൻമാറിപ്പോകുന്നത് ഇന്ന് സർവസാധാരണമാണ്. അഹ്മദിയുടെ ഈ വിജയത്തിനു പിന്നിൽ തീർച്ചയായും സർവശക്തന്റെ അദൃശ്യകരങ്ങളുടെ സഹായവും ഉണ്ടെന്നുള്ളത് നിഷേധിക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്.

സിയാൽകോട്ട് വച്ച് ഹദ്റത്ത് അഹ്മദു (അ)മായി സുഹൃദ്ബന്ധം സ്ഥാപിച്ചിരുന്നവരിൽ പ്രധാനിയായിരുന്നു, സ്കോച്ച് മിഷണറിയായിരുന്ന റവ: ബട്ലർ എം.എ. നിരവധി തവണ ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹവുമായി സോദ്ദേശ്യപരമായ വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. യേശു, പിതൃബന്ധം കൂടാതെ ജനിച്ചതിനാൽ ആദമിന്റെ പാപം യേശുവിൽ സംക്രമിച്ചിട്ടില്ലെന്നും പാപരഹിതനായി ജനിച്ചയാൾ ഈ ലോകത്ത് യേശുക്രിസ്തു മാത്രമാണെന്നും റവ: ബട്ലർ ഒരിക്കൽ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ മാതാവായ മറിയമിൽ മുമ്പുതന്നെ പാപം സംക്രമിച്ചു കഴിഞ്ഞിട്ടുണ്ടെന്നും, കൂടാതെ ആദം സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെടുന്നതിനിടയായ പാപം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഒരു സ്ത്രീയായ ഹവ്വയായിരുന്നതിനാൽ മാതാവുപോലും ഇല്ലാതെ ജനിച്ചെങ്കിൽ മാത്രമേ ക്രിസ്തീയ വിശ്വാസപ്രകാരം യേശു പാപരഹിതനായിരിക്കാൻ വഴിയുള്ളൂവെന്നും ഹദ്റത്ത് അഹ്മദ് (അ), തിരിച്ചടിച്ചപ്പോൾ മിഷണറി ബട്ട്ലർ നിശബ്ദനായിപ്പോയി.

വാദപരമായി നിമിഷനേരംകൊണ്ട്, തന്നെ നിശബ്ദനാക്കിക്കളഞ്ഞ ഈ വിശദീകരണം ഹദ്റത്ത് അഹ്മദിൽ നിന്നുണ്ടായപ്പോൾ, അത് ആ മിഷണറിയെ വല്ലാതെ വിസ്മയിപ്പിച്ചു. കൂടാതെ, ഹദ്റത്ത് അഹ്മദിന്റെ കുലീനമായ പെരുമാറ്റവും ജ്ഞാനം തുളുമ്പുന്ന സംഭാഷണങ്ങളും റവ: ബട്ട്ലറെ വല്ലാതെ ആകർഷിക്കുകയും ചെയ്തു. മിക്ക ദിവസങ്ങളിലും ഓഫീസ് സമയം കഴിയുന്നതിനു അൽപ്പം മുമ്പായി കോടതിയിൽ വന്ന് ഹദ്റത്ത് അഹ്മദി (അ)നെ നേരിൽ കാണുകയും, തുടർച്ചയായി സംഭാ

ഷണം നടത്തിക്കൊണ്ടുതന്നെ അദ്ദേഹത്തിന്റെ വീടുവരെ അനുഗമിക്കയും ചെയ്യുക ബട്ട്ലറുടെ സ്ഥിരം പതിവായി. മതപരമായി ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിട്ടും വ്യക്തിപരമായ നിലയിൽ ഹദ്റത്ത് അഹ്മദിനെ മി. ബട്ലർ ആദരിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു. ഇതു തുടർന്നപ്പോൾ, ഈ ക്രിസ്തീയ പുരോഹിതന്റെ നിലപാട്, ക്രിസ്തീയ മിഷന് അപമാനകരമാണെന്നു ചില സങ്കുചിത ബുദ്ധികളായ ക്രിസ്തീയ പ്രമാണിമാർക്കു തോന്നി. അവർ ബട്ട്ലറെ ഗുണദോഷിക്കാൻ ഒരുമ്പെട്ടു. എന്നാൽ ബട്ട്ലർ അവർക്കു തെല്ലും വഴങ്ങിയില്ല. അദ്ദേഹം ആ പ്രമാണിമാരോടു പറഞ്ഞതിങ്ങനെ. 'അദ്ദേഹം ഒരതുല്യവ്യക്തിയാണ്, ഒരു മഹാത്മാവ്. എനിക്കതറിയാം, പക്ഷേ നിർഭാഗ്യവശാൽ നിങ്ങൾക്കതു മനസ്സിലാക്കാൻ കഴിയുന്നില്ല.....'

റവ: ബട്ട്ലർ താമസിച്ചിരുന്നത് ഗോഹദ്പൂർ എന്ന ഗ്രാമത്തിലാണ്. ഇംഗ്ലണ്ടിലേയ്ക്ക് മടങ്ങിപ്പോകുമ്പോൾ ഹദ്റത്ത് അഹ്മദിനെക്കണ്ടു യാത്ര പറയുന്നതിനുവേണ്ടി മാത്രം സിയാൽകോട്ട് കച്ചേരിയിൽ അദ്ദേഹം വരികയും, ഏറെ നേരം സംസാരിച്ചിരിക്കയും ചെയ്തു. മാത്രമല്ല, കച്ചേരിയുടെ തലവനും ഹദ്റത്ത് അഹ്മദിന്റെ മേലുദ്യോഗസ്ഥനുമായ ഡെപ്യൂട്ടി കമ്മീഷണരോട്, താൻ മിർസാ സാഹിബിനെക്കാണാൻവേണ്ടി മാത്രമാണ് വന്നതെന്നു പറയാനും അദ്ദേഹം മടിച്ചില്ല.

1857-ൽ ഒന്നാം സ്വാതന്ത്ര്യസമരം നടക്കുന്ന കാലം. ശിപായിലഹള എന്ന പരിഹാസപ്പേരിൽ ഇംഗ്ലീഷുകാർ വിളിച്ച ആ കലാപം അടിച്ചമർത്തപ്പെട്ടപ്പോൾ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ നാട്ടുകാരോട് വലിയ ധിക്കാരവും ഗർവ്വും കാട്ടിത്തുടങ്ങി. ഈ സന്ദർഭം മുതലാക്കി, ക്രിസ്തീയ പാതിരിമാർ ഇസ്ലാമിനും ഇതരമതങ്ങൾക്കും എതിരായി ശക്തമായ ആക്ഷേപങ്ങളും ദുരാരോപണങ്ങളും ഉന്നയിച്ചുതുടങ്ങി. മറ്റുമതങ്ങളെ അവർ പുച്ഛഭാവത്തിലാണു നോക്കിക്കണ്ടത്. ബ്രിട്ടീഷ് ഭരണമായതിനാൽ ഗവൺമെന്റ് ക്രിസ്ത്യാനികൾക്ക് സഹായകമായ നിലപാടാണ് എപ്പോഴും കൈക്കൊണ്ടിരുന്നത്. വിക്ടോറിയ മഹാറാണി, നീതിയുക്തമായ ഭരണസംവിധാനത്തിന് ആഹ്വാനം ചെയ്തെങ്കിലും ക്രിസ്ത്യാനികളാണു ഇവിടെ ഭരിക്കുന്നതെന്നു ഓർക്കണമെന്ന മട്ടിലായിരുന്നു അധികാരികൾ പെരുമാറിയിരുന്നത്. ഈ നില തുടരുകയാണെങ്കിൽ, നാട്ടുകാരിലും ഇതരമതസ്ഥരിലും ഉള്ള അസംതൃപ്തി വളർന്ന് ഇനിയുമൊരു കലാപത്തിനു കൂടി വഴിതുറക്കുമെന്ന ആശങ്ക ചില യൂറോപ്യൻ മേധാവികൾ ഒരു മുന്നറിയിപ്പിന്റെ മട്ടിൽ മഹാറാണിക്കു നൽകുകയും ചെയ്തു. ക്രിസ്തീയരും മുസ്ലിംകളും ഇങ്ങനെ പരസ്പരം ശത്രുതാഭാവത്തിൽ കഴിഞ്ഞുകൊണ്ടിരിക്കെ ഒരു യൂറോപ്യൻ പാതിരി, ക്രിസ്തുമതത്തിനെതിരെ ഇസ്ലാമിനെ ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്ന ഒരു മുസ്ലിമിനെ അതായത് ഹദ്റത്ത് അഹ്മദിനെ, ആദരിക്കുന്ന കാര്യം അന്നത്തെ ക്രൈസ്തവസമൂഹത്തിനു അംഗീകരിക്കാൻ കഴിയാത്ത ഒന്നായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ പ്രതിഭാവിലാസവും അനിതരസാധാരണമായ വ്യക്തിപ്രഭാവവും സർവ്വോപരി സ്വഭാവവൈശിഷ്ട്യവും ആയിരുന്നു ആ മഹാത്മാവിനോട് ആകൃഷ്ടത തോന്നാൻ ബട്ട്ലറെ പ്രേരിപ്പിച്ചതെന്നതു വിസ്മരിക്കാനാവില്ല.

സിയാൽകോട്ട് കച്ചേരിയിൽ ഹദ്റത്ത് അഹ്മദ് (അ) നാലു വർഷക്കാലം ഉദ്യോഗത്തിൽ തുടർന്നു. അതിനുശേഷം നാട്ടിലേയ്ക്കു തിരിക്കുവാനുള്ള പിതാവിന്റെ ആജ്ഞ ലഭിച്ചപ്പോൾ, 1868-ൽ ഉദ്യോഗം രാജിവച്ച് അദ്ദേഹം ഖാദിയാനിലേയ്ക്ക് മടങ്ങി. അന്നദ്ദേഹത്തിനു 33 വയസ്സു പ്രായമുണ്ടായിരുന്നു.

മുമ്പുതന്നെ ഗവൺമെന്റ് ഉദ്യോഗം വഹിക്കുന്നതിൽ തീരെ താൽപര്യം ഇല്ലാതിരുന്ന ഹദ്റത്ത് അഹ്മദി(അ)ന്, പിതാവിന്റെ അനുവാദത്തോടെ തന്നെ ജോലി ഉപേക്ഷിക്കാൻ കഴിഞ്ഞപ്പോൾ അതിയായ സന്തോഷവും ആശ്വാസവുമാണ് തോന്നിയത്. ഇതിനിടെ അദ്ദേഹത്തിന്റെ മാതാവ് രോഗശയ്യയിലാവുകയും ചെയ്തിരുന്നു. അക്കാരണം കൊണ്ടുകൂടിയാണ് അദ്ദേഹത്തെ ഖാദിയാനിലേയ്ക്ക് മടക്കിവിളിച്ചത്. എന്നാൽ അദ്ദേഹം ഖാദിയാനിൽ എത്തും മുമ്പുതന്നെ മാതാവു പരലോകപ്രാപ്തയായി.

ഖാദിയാനിൽ, പിതാവിന്റെ സ്വത്തുക്കളുടെയും കൃഷിയിടങ്ങളുടെയും മേൽനോട്ടം വഹിക്കാനുള്ള ചുമതല വീണ്ടും അദ്ദേഹത്തിന്റെ ചുമലിലായി.

ഇതിനിടയ്ക്കാണ് കപൂർത്തല ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന്റെ മേലദ്ധ്യക്ഷനായിരിക്കാനുള്ള ഒരു ക്ഷണം അദ്ദേഹത്തിനു ലഭിച്ചത്. നന്ദിപൂർവ്വം അതും അദ്ദേഹം നിരസിച്ചു. ഇനിയൊരിക്കലും ലൗകികമായ ജോലികളിലൊന്നും താൻ ഏർപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പ്രശസ്തിയോ പ്രതാപമോ ഒന്നും അദ്ദേഹം ഒരിക്കലും ആശിച്ചിരുന്നില്ല എന്നതിന്റെ ഒരുദാഹരണമായിരുന്നു ഈ തീരുമാനം. തന്റെ പ്രവർത്തനമണ്ഡലവും വിചാരസാമ്രാജ്യവും തികച്ചും വ്യത്യസ്ഥമായിരുന്നുവെന്നും ഇതിലൂടെ തെളിയിക്കപ്പെട്ടു.

പുത്രന്റെ ഈ ലൗകികവിരക്തി പിതാവിനെ തെല്ലൊന്നുമല്ല വിഷമിപ്പിച്ചത്. തന്റെ മകൻ ജ്യേഷ്ഠസഹോദരന്റെ ദയാദാക്ഷിണ്യത്തിൽ ജീവിക്കേണ്ടി വരുമല്ലോ എന്ന വ്യഥയാണ് ആ പിതാവിനെ വല്ലാതെ അലട്ടിയത്. എങ്കിലും ഈ പുത്രൻ നയിക്കുന്ന ജീവിതം തന്നെയാണ്. യഥാർത്ഥവും മാതൃകാപരവും എന്ന് മിർസാ ഗുലാം മുർതസാ സാഹിബ് ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. തന്റെ ഒരു "സ്നേഹിതനായ ഗുലാം നബി എന്നൊരാളോട് ആ പിതാവ് ഇതു തുറന്നു പറയുകയും ചെയ്തിരുന്നു. സമ്പത്തും കുടുംബസ്വത്തുക്കളും തിരികെ കൈവശപ്പെടുത്താനുള്ള ഭൗതികശ്രമങ്ങളിൽ പരാജിതനായിക്കഴിഞ്ഞിരുന്ന അദ്ദേഹം, സ്വപു

ത്രന്റെ പവിത്രമായ ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുകയും ഇതിനകം ആത്മീയകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു തുടങ്ങുകയും ചെയ്തിരുന്നു. ഹദ്റത്ത് അഹ്മദാകട്ടെ, ഖുർആൻ വ്യാഖ്യാനങ്ങളും നബിവചനങ്ങളും സൂഫിവര്യന്മാരുടെ ചരിത്രഗ്രന്ഥങ്ങളും പിതാവിനെ വായിച്ചുകേൾപ്പിക്കുക പതിവാക്കി. പിതാവിന്റെ ഈ മാനസാന്തരം പുത്രൻ ശരിക്കും വിനിയോഗിച്ചു. തന്റെ ശിഷ്ടകാലജീവിതം ഏകാന്തധ്യാനത്തിലും ദൈവികകാര്യങ്ങളിലുമായി കഴിച്ചുകൂട്ടാനാണാഗ്രഹിക്കുന്നതെന്നു വ്യക്തമാക്കിക്കൊണ്ടും ഭൗതികജീവിതത്തിന്റെ ഭംഗുരതയെ ചൂണ്ടിക്കാട്ടിക്കൊണ്ടും ഹദ്റത്ത് അഹ്മദ് പിതാവിനു പാർസിയിൽ ഒരു കത്തെഴുതുകയും ചെയ്തു. അതിൽ ശേഖ് സഅദി തുടങ്ങിയവരുടെ ഭക്തിഗീതങ്ങളിൽ നിന്നുള്ള വരികളും താൻ തന്നെ എഴുതിയ ചില കവിതകളിൽ നിന്നുള്ള ഉദ്ധരണികളും ചേർത്തിരുന്നു.

സത്യത്തിന്റെ കാര്യത്തിൽ ഹദ്റത്ത് അഹ്മദ് യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ലെന്നു മാത്രമല്ല, സത്യത്തിനുവേണ്ടി എന്തപമാനവും സഹിക്കാൻ തയ്യാറുമായിരുന്നു. മിഥ്യാഭിമാനമോ പൊങ്ങച്ചമോ ആ പുണ്യപുരുഷനെ സ്പർശിക്കപോലും ചെയ്തിരുന്നില്ല.

ഹദ്റത്ത് അഹ്മദിന്റെ ഒരു സതീർത്ഥ്യനായിരുന്നു മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി. പിൽക്കാലത്ത് മൗലവി സാഹിബ്, ഹദ്റത്ത് അഹ്മദിന്റെ എതിരാളിയായിത്തീർന്നു. മൗലവി സാഹിബ് അറബി പരീക്ഷ പാസ്സായി ബട്ടാലയിൽ തിരികെ വന്ന സമയമായിരുന്നു അത്, 1868-ൽ. അദ്ദേഹം 'അഹ്ലേ ഹദീസ്' എന്ന കക്ഷിക്കാരനായിരുന്നു. ചില നവീനാശയങ്ങളുടെ ഒരു വക്താവായിരുന്നു അദ്ദേഹം. ഏകദേശം ചേകന്നൂർ മൗലവിയെപ്പോലെ. ആ ആശയങ്ങൾ ബട്ടാലയിൽ സംസാരവിഷയമായപ്പോൾ യാഥാസ്ഥിതികരായ മൗലവിമാർ അതിനെതിരെ രംഗത്തു വന്നു. ആ മൗലവിമാരിൽ ചിലർ ഹദ്റത്ത് അഹ്മദിനെ നേരിൽ വന്നു കണ്ട്, ഈ 'വഹ്ഹാബി മൗലവി'യുടെ അനിസ്ലാമികമായ പുത്തൻ ആശയങ്ങളെക്കുറിച്ച് ആവലാതിപ്പെടുകയും, അദ്ദേഹവുമായി ഒരു സംവാദം നടത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ചില അടുത്ത സ്നേഹിതന്മാർ കൂടി സമ്മർദ്ദം ചെലുത്തിയപ്പോൾ ബട്ടാലവി സാഹിബുമായി സംസാരിക്കാൻ ഹദ്റത്ത് അഹ്മദ് തയ്യാറായി. ബട്ടാലയിലെ മൗലവി സാഹിബിന്റെ വീട്ടിൽ വച്ചാണ്, സംവാദം നടത്താൻ തീരുമാനിച്ചത്. ഒട്ടനവധി പേർ അവിടെ സമ്മേളിച്ചിരുന്നു. തന്റെ പുതിയ വാദങ്ങൻ എന്തൊക്കെയാണെന്ന് മൗലവി സാഹിബിനോട് ഹദ്റത്ത് അഹ്മദ് ചോദിച്ചു.

"ഖുർആൻ ആണ് സകലോന്നതമായ പ്രമാണമെന്നും ഹദീസുകളാണ് പിന്നെ സ്വീകാര്യമായിട്ടുള്ളതെന്നും ഇവയ്ക്കെതിരിൽ ആരുടെ 'ഖൗലും' സ്വീകാര്യമല്ല എന്നതാണ് തന്റെ വാദമെന്നും മൗലവി ഹുസൈൻ സാഹിബ് പറഞ്ഞു. (പിൽക്കാലത്ത് ഈ നിലപാടിൽ നിന്നും അദ്ദേഹം മാറുകയും ഖുർആനുമേൽ ഹദീസുകൾക്ക് പ്രാമുഖ്യമുണ്ടെന്ന് മൊഴിമാറ്റി പറയുകയും ചെയ്യുകയുണ്ടായി).

പരിശുദ്ധ ഖുർആനാണ് ഏറ്റവും വലിയ പ്രമാണഗ്രന്ഥമെന്നും അതുകഴിഞ്ഞു മാത്രമാണ് ഹദീസുകൾക്കു പ്രസക്തിയെന്നുമുള്ള മൗലവി സാഹിബിന്റെ വാദത്തോട് താൻ പൂർണ്ണമായും യോജിക്കുന്നുണ്ടെന്നും, ഇത് തികച്ചും സത്യപൂർണ്ണവും സ്വീകാര്യവുമായ വിശ്വാസമാണെന്നും, ഈ വിഷയം സംബന്ധിച്ചു മൗലവി സാഹിബുമായി ഒരു വിവാദം നടത്തേണ്ട കാര്യമേ ഇല്ലെന്നും ഹദ്റത്ത് അഹ് മദ് പ്രസ്താവിച്ചപ്പോൾ അവിടെ കൂടിയിരുന്നവരിൽ ഭൂരിഭാഗത്തിനും അതു വല്ലാത്ത മാനസിക ചലനം സൃഷ്ടിച്ചു. എന്നാൽ, കൂട്ടത്തിൽ നിന്നും രണ്ടുകൂട്ടർ മാത്രം അദ്ദേഹത്തിനു എതിരായി നിലകൊണ്ടു. അവരിൽ ഒരു കൂട്ടരായ, വിവാദത്തിനു കൂട്ടിക്കൊണ്ടു ചെന്നവർക്ക് ജാള്യതയാണു അനുഭവപ്പെട്ടത്. സ്വാഭാവികമായും അവർ ചിന്താക്കുഴപ്പത്തിലുമായി. തൗഹീദിനും (ഏകദൈവവിശ്വാസം) ദൈവത്തിന്റെ പരിശുദ്ധിക്കും ഭംഗകരമായ വിശ്വാസാദർശങ്ങളെ പിൻതാങ്ങുവാൻ ആ മഹാത്മാവിനെ കിട്ടുകയില്ലെന്ന്, അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോയവർ മനസ്സിലാക്കിയില്ല എന്നതാണ് അവർക്കു സദസ്സിൽ അപമാനകരമായ അവസ്ഥ സൃഷ്ടിച്ചത്. അവർ അഹ്മദി(അ)നെതിരെ അമർഷവും പ്രതിഷേധവും പ്രകടിപ്പിക്കാൻ മുതിർന്നപ്പോൾ, രണ്ടാമത്തെ കൂട്ടർ, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ആൾക്കാർ, അദ്ദേഹത്തിനെതിരെ 'താങ്കൾ തോറ്റു.... താങ്കൾ തോറ്റു....' എന്നു ആർത്തുവിളിച്ച് ആഹ്ലാദം കൊള്ളുകയായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഇരുഭാഗക്കാരുടെയും അസംതൃപ്തിക്ക് പാത്രീഭൂതനായിട്ടും, അദ്ദേഹം തന്റെ നിലപാട് മാറ്റാതെ, സ്വന്തം വാക്കുകളിൽ തന്നെ ഉറച്ചു നിൽക്കുകയായിരുന്നു.

സത്യത്തോടുള്ള ഈ മഹാത്മാവിനുണ്ടായിരുന്ന നിലപാട് ഇതായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ സത്യത്തിൽ ഉറച്ചുനിൽക്കുവാൻ അസാമാന്യധൈര്യവും മനക്കരുത്തും വേണമല്ലോ. പ്രതിയോഗിയെ എങ്ങനെയെങ്കിലും തോൽപ്പിക്കണമെന്ന ആഗ്രഹം മാത്രമാണ് ഇത്തരം വാദപ്രതിവാദ രംഗങ്ങളിൽ മതപണ്ഡിതന്മാർ സാധാരണ പ്രകടിപ്പിച്ചു കാണാറുള്ളത്. ഒന്നിനും കഴിഞ്ഞില്ലെങ്കിൽ എന്തെങ്കിലും ഉച്ചാരണത്തെറ്റോ, വ്യാകരണപ്പിഴയോ ചൂണ്ടിക്കാട്ടിയെങ്കിലും സ്വന്തം ഭാഗം ജയിക്കാൻ ശ്രമിക്കാറാണു പതിവ്. സത്യവും ന്യായവും വെളിപ്പെട്ടാൽ അതിനുമുമ്പിൽ ശിരസ്സു നമിക്കാനുള്ള ധാർമ്മികബോധം നമ്മുടെ പണ്ഡിതന്മാർ അനുകരിക്കാൻ ശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ മതപരമായ വിവാദങ്ങളും ചേരിതിരിവുകളും പരസ്പരശത്രുതയും ഉണ്ടായിക്കൊണ്ടിരിക്കുമെന്നതിൽ സംശയമില്ല.

ഹദ്റത്ത് അഹ്മദിന്റെ ഈ പ്രവൃത്തിയിൽ ദൈവം തൃപ്തിപ്പെടുകയും, അന്നുരാത്രിതന്നെ ഒരു ദർശനത്തോടൊപ്പം ഒരു ദിവ്യവെളിപ്പാടുണ്ടാവുകയും ചെയ്തു.

'ദൈവം നിന്റെയീ പ്രവൃത്തിയിൽ സംതൃപ്തനായിരിക്കുന്നു. അവൻ നിനക്ക് വളരെയധികം അനുഗ്രഹങ്ങൾ നൽകും. രാഷ്ട്രത്തലവന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുംവരെ നിന്നിൽ അനുഗ്രഹങ്ങൾ ചൊരിയപ്പെടും.....'

ഇതത്രെ ഹദ്റത്ത് അഹ്മദിനുണ്ടായ ആദ്യത്തെ വാചിക വെളിപാട്. ആ പുണ്യാത്മാവ് ലോകത്തൊരിടത്തും അറിയപ്പെടാതെ ഖാദിയാൻ ഗ്രാമത്തിന്റെ ചെറിയൊരു മൂലയിൽ അജ്ഞാതനായി കഴിഞ്ഞിരുന്ന കാലത്താണത്.

തുടർന്ന്, ഹദ്റത്ത് അഹ്മദി(അ)ന് നിരന്തരം പല ദിവ്യവെളിപാടുകളും ആത്മദർശനങ്ങളും ലഭിച്ചുകൊണ്ടിരുന്നു. ഈ വെളിപാടുകളുടെയും ദർശനങ്ങളുടെയും വെളിച്ചത്തിൽ, സംഭവിക്കാൻ പോകുന്ന പല കാര്യങ്ങളെക്കുറിച്ചും അദ്ദേഹം തന്റെ ബന്ധുക്കളെയും സ്നേഹിതന്മാരെയും മുൻകൂട്ടി അറിയിച്ചുകൊണ്ടുമിരുന്നു. ഈ വെളിപാടുകൾ മുഴുവൻ പ്രവചനങ്ങളുടെ രൂപത്തിൽ പുലർന്നു കണ്ടപ്പോൾ, അവരെല്ലാം ആശ്ചര്യപരതന്ത്രരാവുകയായിരുന്നു. ഈ വെളിപാടുകളിൽ ചിലത് ഹിന്ദുക്കളും സിക്കുകാരുമായ അമുസ്ലിംകളെസ്സംബന്ധിക്കുന്നവയായിരുന്നു. പ്രശസ്തരായ പല ഹിന്ദുമാന്യന്മാരും ഇത്തരം അത്ഭുതാടയാളങ്ങൾക്ക് സാക്ഷ്യം വഹിക്കയും ചെയ്തു. ഹദ്റത്ത് അഹ്മദിന്റെ ധർമ്മതൽപരതയും സത്യസന്ധതയും നീതിനിഷ്ഠയും പരിസരപ്രദേശങ്ങളിലും അറിയപ്പെട്ടു തുടങ്ങിയതോടെ പലരും തങ്ങളുടെ തർക്കങ്ങളും, വ്യവഹാരങ്ങളും അദ്ദേഹത്തിനു മുമ്പാകെ സമർപ്പിക്കാൻ തുടങ്ങി. അദ്ദേഹം അവയ്ക്കൊക്കെ ന്യായമായ തീർപ്പ് കൽപ്പിക്കുകയും ചെയ്തു.

ഇക്കാലത്ത് ഹദ്റത്ത് അഹ്മദ്, തുടർച്ചയായി ഉപവാസം അനുഷ്ഠിക്കുകയുണ്ടായി. എന്നാൽ, വളരെ രഹസ്യമായാണ് അദ്ദേഹം വ്രതാനുഷ്ഠാനം നടത്തിപ്പോന്നത്. വീട്ടിൽ നിന്നും തനിക്കു കൊടുത്തയക്കുന്ന ഭക്ഷണം, അഗതികൾക്കും അനാഥക്കുട്ടികൾക്കും നൽകിയിട്ടാണ് അദ്ദേഹം വ്രതം നോറ്റത്. കുട്ടികൾ നിശ്ചിതസമയത്ത് റൊട്ടിക്കായി അദ്ദേഹത്തിന്റെയടുക്കൽ എത്തുകയും അദ്ദേഹം നൽകുന്ന ആഹാരത്തിൽ പങ്കുകൊള്ളുകയുമായിരുന്നു. വളരെക്കാലം ഈ വ്രതാനുഷ്ഠാനം മറ്റാരും അറിഞ്ഞിരുന്നുമില്ല.

സാധാരണ വ്രതാനുഷ്ഠാനം തുടർന്ന്, കുറച്ചുനാൾ കഴിഞ്ഞപ്പോൾ, കുറേക്കൂടി കഠിനമായ ഒരു പരീക്ഷക്ക് അദ്ദേഹം ഒരുങ്ങി. രാത്രി ഒരു നേരം ഒരൊറ്റ ചപ്പാത്തി മാത്രം കഴിച്ച് ദിവസങ്ങളോളം ഉപവാസമനുഷ്ഠിക്കുക. ഇതും ക്രമത്തിൽ കുറച്ചു കുറച്ചു കൊണ്ടുവരികയും ഒരു ചെറിയ കുട്ടിക്കു പോലും മതിയാകാത്തത്ര ആഹാരം കൊണ്ടു തൃപ്തിയടയുകയും ചെയ്തു. ഇങ്ങനെ എട്ടൊമ്പതു മാസങ്ങളോളം അദ്ദേഹം ഈ വ്രതാനുഷ്ഠാനത്തിലും ധ്യാനത്തിലും കഴിച്ചുകൂട്ടി. ഈ ആത്മീയപരീക്ഷ കാലത്ത് അദ്ദേഹത്തിന് 'കശ്ഫ്' അഥവാ 'ജാഗ്രതാവസ്ഥയിൽ അനുഭവപ്പെടുന്ന ദർശനം' ഉണ്ടായിത്തുടങ്ങി. ഈ ആത്മീയാനുഭൂതികളിലൂടെയുള്ള സംഭവങ്ങളിൽ, മുൻകഴിഞ്ഞ പല പ്രവാചകന്മാരുമായുള്ള ആത്മദർശനപരമായ കൂടിക്കാഴ്ചകളും ലഭ്യമായി. എന്നാൽ ഇത്തരം ആത്മപീഡനപരമായ തീവ്രോപാസനകൾക്ക് സാധാരണക്കാരാരും തുനിയരുതെന്നും, അത് അത്യന്തം അപകടകരമായ അനുഭവങ്ങൾക്കിടയാക്കുമെന്നും അദ്ദേഹം തന്നെ ഉപദേശിക്കുകയും, മുന്നറിയിപ്പു നൽകുകയും ചെയ്തിട്ടുണ്ട്.

ഹദ്റത്ത് അഹ്മദി(അ)ന്റെ ഒരു പ്രമുഖ ശിഷ്യനായ ഹദ്റത്ത് അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ), ഹുസൂർ ഇപ്രകാരം പ്രസ്താവിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്:

"മനുഷ്യന് വിശപ്പ് എത്രത്തോളം സഹിക്കാമെന്നറിയാൻ ഞാനൊരിക്കൽ ആഗ്രഹിച്ചു. ഇതു പരീക്ഷിച്ചു നോക്കുവാൻ ആറുമാസക്കാലം ഞാൻ പട്ടിണി കിടന്നു. എപ്പോഴെങ്കിലും ചെറിയ ഒരു കഷണം റൊട്ടിയോ മറ്റോ മാത്രം കഴിക്കും. ആറുമാസത്തിനുശേഷം ഞാൻ കണക്കാക്കി, ഇതേപോലെ ആറുകൊല്ലക്കാലം കഴിച്ചുകൂട്ടാമെന്ന്...."

യേശുക്രിസ്തു പറഞ്ഞതായി ഒരു വാക്യമുണ്ട്. 'മനുഷ്യൻ അപ്പത്താൽ മാത്രമല്ല ജീവിക്കുന്നത്' എന്ന്. ഈ കാലഘട്ടത്തിൽ പ്രത്യക്ഷനായ മിശിഹാ, അപ്പത്താൽ മാത്രമല്ല മനുഷ്യൻ ജീവിക്കുന്നതെന്ന്, വിശപ്പിന്റെ തത്വശാസ്ത്രം പ്രസംഗിക്കുന്ന ചെകുത്താനും തെളിയിച്ചു കാണിച്ചു കൊടുത്തിരിക്കുകയാണ്. വിശക്കുന്നവനു മുമ്പിൽ യാതൊരു ധർമ്മവും വിലപ്പോകുകയില്ല എന്ന 'ദജ്ജാലീ' സിദ്ധാന്തത്തെ തകർക്കാൻ വന്ന മിശിഹാ അഥവാ മസീഹ് മാസങ്ങളോളം വിശപ്പ് സഹിച്ചുകൊണ്ട് ലോകത്തിനു പ്രായോഗികപാഠം നൽകിക്കഴിഞ്ഞിരിക്കുന്നു, 'മനുഷ്യൻ അപ്പത്താൽ മാത്രമല്ല ജീവിക്കുന്നതെന്ന്'.

(തുടരും)

## ഹ്രസ്വഭാഷണവും ദീർഘമേറിയ പ്രാർത്ഥനയും

ഒരു മനുഷ്യന്റെ പ്രാർത്ഥനയുടെ ദൈർഘ്യവും പ്രഭാഷണത്തിന്റെ ഹ്രസ്വതയും അയാളുടെ അറിവിന്റെ ഉരക്കല്ലുകളാണ്. നിങ്ങൾ നിങ്ങളുടെ പ്രാർത്ഥനകളെ ദീർഘിപ്പിക്കുക പ്രഭാഷണം ചുരുക്കുക.

*(മുസ്ലിം)*

ലേഖനം

# ജാഹിലിയ്യാ മരണം വിധിക്കപ്പെട്ടവർ

**മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ**

"എല്ലാ പ്രതീക്ഷകളുടേയും കേന്ദ്രമെന്ന നിലയിൽ അഞ്ചു നൂറ്റാണ്ടിലധികമായി മുസൽമാന്മാർ പരമ പരിപാവനമെന്നു കരുതിപ്പോന്ന കോൺസ്റ്റാന്റിനോപ്പിൾ (ഉഥ്മാനിയ ഖിലാഫത്ത്) തകരാൻ പോകുകയാണെന്ന് കേട്ടപ്പോൾ ഞാൻ അത്യധികം ദുഃഖപരവശനായി. ഭാരിച്ച നിരാശ കാരണം അന്നു രാത്രി തന്നെ ഞാൻ എന്റെ ജീവിതത്തിനു പൂർണ്ണ വിരമാമമിടാൻ തുനിഞ്ഞെന്ന പരമാർത്ഥം ഇപ്പോൾ മാത്രമാണ് തുറന്നു പറയുന്നത്."

മൗലാനാ മുഹമ്മദലി സാഹിബിന്റെ വാക്കുകളാണിത്. ഇതിൽ നിന്ന് ഖിലാഫത്തിന്റെ പ്രാധാന്യം വ്യക്തമായും മനസ്സിലാക്കാം. ഖിലാഫത്ത് എന്ന മഹനീയ സ്ഥാപനം, നബി(സ) തിരുമേനി മുഖേന അല്ലാഹുത്തആല വിശുദ്ധ ഖുർആനിലൂടെ മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അതു പറയുന്നു:

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം സമാധാനം അവർക്ക് പകരം നല്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (24:56)

'ആയത്തെ ഇസ്തിഖിലാഫ്' എന്ന പേരിൽ വിഖ്യാതമായിട്ടുള്ള ഈ പരിശുദ്ധ വചനത്തിൽ രേഖപ്പെടുത്തിയ വാഗ്ദാന മനുസരിച്ചാണ് നബി(സ) തിരുമേനിയ്ക്കുശേഷം ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ഖലീഫ അഥവാ അമീറുൽ മുഅ്മിനീൽ ആയത്. ഈ ആത്മീയ നേതൃത്വം അധികകാലം അതിന്റെ പ്രൗഢിയോടെ നിൽക്കുകയില്ലെന്ന് നബി(സ) തിരുമേനി കാലേക്കൂട്ടി പറഞ്ഞിരുന്നു.

"അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം അവശേഷിക്കും. പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ പ്രവാചകത്വത്തെ ഉയർത്തിക്കളയും. തുടർന്ന് പ്രവാചകത്വ മാതൃകയിൽ ഖിലാഫത്ത് നിലവിൽ വരും. അല്ലാഹു ഉദ്ദേശിക്കുന്ന കാലം വരെ അതു നിങ്ങൾക്കിടയിൽ അവശേഷിക്കും. പിന്നീടവൻ ഉദ്ദേശിക്കുമ്പോൾ അതും നീക്കും. തുടർന്ന് തൽസ്ഥാനത്ത് സ്വേച്ഛാധിപത്യമർദ്ദക ഭരണകൂടം നിലവിൽ വരും. അല്ലാഹു നിങ്ങളിൽ നിന്ന് നീക്കിക്കളയാൻ ഉദ്ദേശിക്കുന്നതുവരെ അത് നിലനിൽക്കും. അതിനുശേഷം വീണ്ടും പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് നിലവിൽ വരും. ഇതു പറഞ്ഞശേഷം നബി(സ) തിരുമേനി മൗനം ദീക്ഷിച്ചു."

ഇതിനുപുറമെ മുസ്‌ലിംകൾക്കുണ്ടാകുന്ന അധഃപതനത്തെസ്സംബന്ധിച്ച് നബി(സ) തിരുമേനി പറഞ്ഞിട്ടുള്ള മറ്റു കാര്യങ്ങളും കൂട്ടിച്ചേർത്തു വായിക്കുമ്പോൾ, ഇസ്‌ലാം എന്നത് പേരിനുമാത്രമായിത്തീരുന്ന ഒരു കാലം ഉണ്ടാകുക തന്നെ ചെയ്യുമെന്ന് വ്യക്തമാകുന്നു. ആ നാമമാത്ര മുസ് ലിംകളിൽ, ഇസ്‌ലാമിന്റെ ആരംഭകാലത്തുണ്ടായിരുന്ന ചൈതന്യം വരുത്തുന്നതിനായി ഒരു മഹാപുരുഷൻ വരുമെന്നുള്ള പ്രവചനമാണ് ഉദ്യുക്ത ഹദീസിന്റെ അവസാനഭാഗത്ത്, 'വീണ്ടും പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് നിലവിൽ വരും' എന്നതിൽ പറഞ്ഞിട്ടുള്ളത്.

ഇതനുസരിച്ച് അല്ലാഹുത്തആല നബി(സ) തിരുമേനിയുടെ ദീനിന്റെ പുനരുദ്ധാരണത്തിനായി ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)നെ മഹദിയും മസീഹുമായി നിയോഗിച്ചു. മസീഹ് നബിയായിട്ടായിരിക്കും വരികയെന്ന് നബി (സ) തിരുമേനി അരുൾ ചെയ്തത് മുസ്‌ലിം എന്ന ഹദീസ് ഗ്രന്ഥത്തിൽ കാണാം. അദ്ദേഹം സ്വതന്ത്രനായ നബിയല്ല. പ്രത്യുത നുബുവ്വത്തിന്റെ പരിപൂർത്തീകരിക്കപ്പെട്ട മനോഹര സൗധത്തിനുള്ളിൽ വന്ന നബി(സ) തിരുമേനിയുടെ ശിഷ്യനായ നബിയാണ്. വ്യതിചലിച്ചു പോകുന്ന

ഖിലാഫത്ത് അദ്ദേഹം മുഖേന വീണ്ടും യഥാസ്ഥാനത്ത് സ്ഥാപിതമാകുമെന്ന് നബി(സ) പറഞ്ഞത് ഹദീസിൽ വ്യക്തമാണ്.

നബി(സ) തിരുമേനി തന്റെ ജീവിതകാലത്ത്, ഖിലാഫത്തു എന്ന ആത്മീയ നേതൃത്വം തന്റെ കാല ശേഷം അല്ലാഹു സ്ഥാപിക്കുമെന്ന് പറഞ്ഞതുപോലെ മഹ്ദി മസീഹായ മിർസാ ഗുലാം അഹ്മദും (അ) ഉം തന്റെ കാലശേഷം ഖിലാഫത്ത് ശാശ്വതമായി സ്ഥാപിതമാകുമെന്ന് പ്രവചിക്കുകയുണ്ടായി. അവിടന്ന് പറഞ്ഞു:

"രണ്ടാമതായി നബി(സ)യുടെ മരണശേഷം വിഷമങ്ങൾ നേരിടേണ്ടി വരികയും ശത്രു വളരെ ശക്തിപ്രാപിക്കുകയും നബിയുടെ ദൗത്യം ആകെ കുഴപ്പത്തിലായെന്നും ഈ ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്ന് ഉറപ്പിച്ചുകൊണ്ട് അതിലെ അംഗങ്ങൾ തന്നെ അതിന്റെ ഭാവിയെക്കുറിച്ച് സംശയാലുക്കളാവുകയും നിരാശപ്പെട്ട് തുടങ്ങുകയും അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധി പേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്തപ്പോൾ സർവശക്തനായ അല്ലാഹു രണ്ടാം തവണ തന്റെ പ്രബലമായ ദിവ്യശക്തി വെളിപ്പെടുത്തുകയും തകർച്ചയിലേക്കെത്തിയ ജമാഅത്തിനെ താങ്ങിയെടുത്ത് രക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, അന്ത്യം വരെ സഹനം കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു; ഹദ്റത്ത് അബൂബക്കർ സിദ്ദീഖി (റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ. നബി(സ) തിരുമേനിയുടെ മരണം ഒരു അകാലമരണമായി കരുതപ്പെടുകയും വിവേകശൂന്യരായ നിരവധി ബദ്‌വികൾ മൂർത്തദ്ദുകളായിപ്പോകുകയും സ്വഹാബിമാരും ദുഃഖഭാരത്താൽ ഭ്രാന്ത് പിടിച്ചവരെപ്പോലെയായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേല്പിച്ചുകൊണ്ട് രണ്ടാമത്തെ തന്റെ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കാണിക്കുകയും ഇസ്‌ലാമിനെ നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു 'വല യുമക്കിന ന്നലഹും ദീനഹുമുല്ലദിർത്തളാലഹും വല യുബദ്ദിലന്നഹും മിൻ ബഅ്ദി ഖൗഫിഹിം അംനാ' എന്ന് പറഞ്ഞ അവന്റെ വാഗ്ദാനം നിറവേറ്റുകയുണ്ടായി....

"അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തു കാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള ആ സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭാവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനിൽക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾ വരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പോയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്കയക്കും" (അൽവസിയ്യത്ത്)

ആത്മീയ നേതൃത്വത്തിൻ അനുസരണ പ്രതിജ്ഞ അഥവാ ബയ്അത്ത് ചെയ്യാത്തവരുടെ അന്ത്യം എങ്ങനെയാണെന്ന് നബി(സ) തിരുമേനി പറഞ്ഞതു കാണുക.

"ഹദ്റത്ത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു: ഏതൊരുത്തൻ ഖലീഫയോടുള്ള അനുസരണത്തിൽ നിന്ന് കൈവലിച്ചുകളയുന്നുവോ അതായത് അനുസരണക്കേട് കാണിക്കുന്നുവോ അവൻ ന്യായവിസ്താരനാളിൽ ദൈവസന്നിധിയിൽ ഹാജരാകുന്നത് ഒരു രക്ഷാമാർഗവുമില്ലാത്ത അവസ്ഥയിലായിരിക്കും. ഖലീഫയോടുള്ള ബയ്അത്തും അനുസരണമാകുന്ന ബന്ധവും കൂടാതെ ഏതൊരു മുസ്‌ലിം ഐഹികവാസം വെടിയുന്നുവോ അവൻ തീർച്ചയായും 'ജാഹിലിയ്യ'ത്തിന്റെ മരണം വരിക്കുന്നതാണ്. ഏതൊരുവൻ ജമാഅത്തിൽ നിന്നും പിന്തിരിഞ്ഞുനില്ക്കുന്നുവോ അവൻ ഇസ്‌ലാമികവൃത്തത്തിൽ നിന്നും പുറത്തായവനായിരിക്കും" (തിർമിദി). അതായത്, ഏതൊരുവൻ ഖലീഫയോടുള്ള അനുസരണത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നുവോ അവന്റെ സങ്കേതം നരകമായിരിക്കും.

ഇന്ന് അന്തർദേശീയതലത്തിൽ ഒരു ഖലീഫയുടെ കീഴിൽ അതിനോട് പരിപൂർണ്ണമായും അനുസരണം പുലർത്തിക്കൊണ്ട് ഇസ്‌ലാമിക സേവനരംഗം സജീവമാക്കുന്ന ജമാഅത്, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുമാത്രമാണ്. അതുകൊണ്ടുതന്നെ അതിന്റെ ബന്ധം നബി(സ) തിരുമേനിയും സ്വഹാബത്തുമായിട്ടാണ്. ഭൂരിപക്ഷ മുസ്‌ലിംകൾ, വെറും ആൾക്കൂട്ടം മാത്രമാണ്. അവരിൽ നിന്ന് ഖിലാഫത്ത് എന്ന ആത്മീയ നേതൃത്വം അല്ലാഹു എടുത്തുകളഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ അവർ അൽ-ജമാഅത്ത് എന്ന് പറയാൻ അർഹരല്ല. ആയിരം വട്ടം മുസ്‌ലിമെന്ന് പറഞ്ഞാലും യഥാർത്ഥ മുസ്‌ലിമാകുകയുമില്ല. യഥാർത്ഥ മുസ്‌ലിമാകണമെങ്കിൽ കാലത്തിന്റെ ഖലീഫയെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്തു ചെയ്തു അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതുപോലെ ജീവിക്കണം. ഇല്ലെങ്കിൽ മരണം ജാഹിലിയ്യത്തിന്റെതായിരിക്കുമെന്ന് നബി(സ) തിരുമേനി മുന്നറിയിപ്പു നല്കുന്നു.

●

ലേഖനം

# ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബ്

**മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്**

സയിദുനാ ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹി(അ)ന്റെ പൗത്രനും ഹദ്റത്ത് മുസ്ലിഹ് മൗഊദി(റ)ന്റെ പുത്രനും ഹദ്റത്ത് ഖലീഫത്തുൽ മസീഹി Vന്റെ അമ്മാവനും ആയ ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബ് ഏപ്രിൽ 29-ാം തിയതി രാത്രി 9-20ന് അമൃതസറിൽ ദിവംഗതനായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അദ്ദേഹം ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് അബ്നാ ഉൽ ഫാരിസിയിൽപ്പെട്ട ആളായിരുന്നു. അതായത് ഹ: റസൂൽ തിരുമേനി (സ) ഹ: ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ചു സൂചിപ്പിച്ചു അരുൾ ചെയ്യുന്നു:

ലൌകാനൽ ഈമാനു ഇൻദസ്സുരയ്യാ
ലനാലഹു റജുലുൽ അവ് രിജാലുൻ
മിൻ അബനായിൽ ഫാരിസി"

അതായത് ഈമാൻ കാർത്തികനക്ഷത്രത്തോളം ഉയർന്നുപോകുന്ന കാലം വന്നാൽ ഫാർസി വംശത്തിൽ നിന്നും ഒരാളോ ചിലരോ അതിനെ ഭൂമിയിലേക്ക് തിരിച്ചു കൊണ്ടുവരുന്നതാണ്. (ബുഖാരി വോ. 3. പേ. 131)

പ്രസ്തുത പ്രവചനമനുസരിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ വംശാവലിയിൽപെട്ട ഹദ്റത്ത് മിയാൻ സാഹിബ് എന്ന ഓമനപ്പേരിൽ വിളിക്കപ്പെടുന്ന ഹദ്റത്ത് സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബും



*ഹദ്റത്ത് മിയാൻസാഹിബും, ലേഖകനും*

തന്റെ ജീവിതം ഇസ്ലാം മതസേവനത്തിന്നായി ഉഴിഞ്ഞു വെച്ചിരുന്ന മാന്യദേഹമായിരുന്നു.

1948-ലെ ഇന്ത്യാ-പാക്ക് വിഭജനകാലത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദി(റ)ന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് വാഗ്ദത്ത മസീഹിന്റെ കുടുംബത്തിന്റെ പ്രതിനിധിയായി ഖാദിയാനിൽ വരികയും 60 വർഷക്കാലം തന്റെ കർത്തവ്യം സ്തുത്യർഹമായി നിർവഹിക്കുകയും ചെയ്തു. തന്റെ ഇരുപത്തൊന്നാമത്തെ വയസ്സിൽ വന്ദ്യരായ മാതാപിതാക്കളെയും ബന്ധുമിത്രാദികളെയും വിട്ടുപിരിഞ്ഞു ഏറ്റവും ദുരിതപൂർണ്ണവും അരിഷ്ടതകൾ നിറഞ്ഞതുമായ ജീവിതം നയിച്ചുകൊണ്ടിരുന്നു. ഈ വിനീതൻ ഖാദിയാനിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ മസ്ജിദു അഖ്സായിൽ ഹദ്റത്ത് മിയാൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഒരു യോഗത്തിൽ ഒരു പദ്യം ആലപിക്കപ്പെട്ടു. അതിന്റെ ഒരീരടി ഇപ്രകാരമായിരുന്നു:

ബാപ് ബേട്ടാ ഭി അഗർ ചാഹേ (ൻ)
തൊ മിൽ സക് ത്തേ നഹീ (ൻ)
ഇക് നദീകേ ദോ കിനാരേ
മിൽനേസേ മജ്ബൂർ ഹൈ (ൻ)

അതായത് പിതാവും പുത്രനും ആഗ്രഹിക്കുകയാണെങ്കിലും അവർക്ക് പരസ്പരം കണ്ടുമുട്ടുവാനാകുന്നില്ല.

ഒരേ നദിയുടെ രണ്ടുതീരങ്ങൾ പക്ഷേ, പരസ്പരം ഒന്നിക്കുവാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ.

ഈ പദ്യം ആലപിക്കപ്പെട്ടപ്പോൾ തന്റെ ഉറുമാൽ കൊണ്ടു മുഖം പൊത്തി പൊട്ടിക്കരയുന്ന മിയാൻ സാഹിബിന്റെ ദൃശ്യം ഒരിക്കലും മായാതെ എന്റെ ഹൃദയത്തിൽ ഇന്നും നിലനിൽക്കുകയാണ്.

ഈ വിനീതൻ മദ്രസ്സ അഹ്മദിയ്യയിൽ പഠിക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടി 1954ലെ ജൽസാ സാലാനയിൽ പങ്കെടുക്കാൻ ഖാദിയാനിൽ ചെന്നപ്പോൾ വിഭജനത്തിന്നു ശേഷം മദ്രസ അഹ്മദിയ്യാ സ്ഥാപിതമായി ഒരു വർഷം തികഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. എനിക്ക് അപ്പോൾ ഉർദു ഭാഷ വശമില്ലാത്തത് കൊണ്ട് മദ്രസയിൽ ചേരുന്ന കാര്യ

ത്തിൽ പല തടസ്സങ്ങളും നേരിടേണ്ടി വന്നു. പലരുടെയും അഭിപ്രായം കേരളത്തിൽ തിരിച്ചുചെന്നു ഉർദുപഠിച്ചതിന്നുശേഷം ഖാദിയാനിൽ വീണ്ടും വരേണമെന്നായിരുന്നു. എന്നാൽ അപ്പോഴത്തെ നാസിർ തഅ്ലിം വ തർബിയ്യത്ത് ഹദ്റത്ത് മൗലാന ഹക്കീം ഖലീൽ അഹ്മദു സാഹിബിന്റെയും ഹദ്റത്ത് മിയാൻ സാഹിബിന്റെയും (അപ്പോൾ അദ്ദേഹം നാസിർ ദഅ്വത്തൊ തബ്ലീഗ് ആയിരുന്നു) ശിപാർശ പ്രകാരമാണ് എനിക്ക് മദ്രസയിൽ പ്രവേശനം ലഭിച്ചത്. ഹദ്റത്ത് മൗലാനാ അബ്ദുർ റഹ്മാൻ സാഹിബാ (റ)യിരുന്നു അപ്പോൾ നാസിർ അഅ്ലാ, സദർ അഞ്ചുമൻ അഹ്മദിയ്യാ 1977ൽ അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഹദ്റത്ത് മിയാൻ സാഹിബിനെ നാസിർ അഅ്ലാ ആയി നിയമിച്ചു. അദ്ദേഹം തന്റെ ജീവിതാന്ത്യം വരെ ഈ കർത്തവ്യം അനുഗൃഹീതമായ നിലയിൽ നിർവഹിച്ചുകൊണ്ടിരുന്നു. തന്റെ 60 വർഷക്കാലയളവിൽ നാസിർ ദഅ്വത്തൊ തബ്ലീഗ്, നാസിർ തഅ്ലീമോ തർബിയ്യത്ത്, സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, വക്കീലെ അഅ്ലാ തഹ്‌രീക് ജദീദ്, നാസിം വഖ്ഫ് ജദീദു, സദർ ഖളാ ബോർഡ്, സദർ മജ്‌ലിസ് കാർപർദാസ് (വസിയത്ത് സംവിധാനം) സദർ ഇസ്‌ലാഹി കമ്മിറ്റി, സദർ ആബാദീ കമ്മിറ്റി, പ്രസിഡണ്ട് സദർ അഞ്ചുമാൻ അഹ്മദിയ്യാ, നാസിർ അഅ്ലാ, അമീർ ജമാഅത്തെ അഹ്മദിയ്യ ഖാദിയാൻ അഫ്സർ ജൽസാ സാലാന, ഡയരക്ടർ ഫസൽ ഉമർ ഫൗണ്ടേഷൻ & താഹിർ ഫൗണ്ടേഷൻ, ചെയർമേൻ വഖ്ഫ് കമ്മിറ്റി എന്നീ സുപ്രധാന പദവികൾ വളരെ വിജയകരമായി അലങ്കരിക്കുകയുണ്ടായി.

ഈ വിനീതൻ ഖാദിയാനിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴും അതിന്നുശേഷം 1962 മുതൽ 2007 വരെ സുദീർഘമായ 45 വർഷക്കാല തബ്ലീഗ് രംഗത്തും ഹദ്റത്ത് മിയാൻ സാഹിബ് നൽകിയ മാർഗ്ഗദർശനങ്ങളും ഔദാര്യങ്ങളും എന്നെ ന്നും അവിസ്മരണീയമാണ്. ഓരോ വിഷമഘട്ടത്തിലും സങ്കീർണ്ണാവസരത്തിലും സാന്ത്വനമാർന്ന കത്തുകൾ മുഖേന അദ്ദേഹം എനിക്കൊരത്താണിയും അഭയകേന്ദ്രവും ആയിരുന്നു. ഹദ്റത്ത് മിയാൻ സാഹിബ് ഈ വിനീതനെയും ഭാര്യാമക്കളെയും പിതൃതുല്യം സ്നേഹിച്ചിരുന്നു.

എനിക്ക് പല സുപ്രസിദ്ധ മുബല്ലിഗ്മാരോടുമൊപ്പം കന്യാകുമാരി മുതൽ കാശ്മീർ വരെ ധാരാളം ജമാഅത്തുകളിൽ പര്യടനം നടത്താനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ഹദ്റത്ത് മിയാൻ സാഹിബോടൊപ്പമുള്ള ബീഹാർ, ഒറീസ്സ, ആന്ധ്ര, കർണ്ണാടക, തമിഴ്നാട്, കേരളം, ലക്ഷദ്വീപുകൾ എന്നിവിടങ്ങളിലെ ഓരോ പര്യടനവും ഒരിക്കലും മറക്കാൻ സാധിക്കാത്ത ഓരോ അനുഭവമായിരുന്നു. അതൊന്നും ഇവിടെ വിവരിക്കാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല.

ഹദ്റത്ത് മിയാൻ സാഹിബ് ആദ്യമായി കേരളപര്യടനം നടത്തിയിരുന്നത് 1957ലായിരുന്നു. തന്റെ പര്യടനാന്തരം ഖാദിയാനിലെ മസ്ജിദു അഖ്സയിൽ വെച്ച് നടന്ന തന്റെ യാത്രാവിവരണപ്രസംഗത്തിൽ കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾ തന്നോടുകാണിച്ച നിസ്വാർത്ഥവും ആത്മാർത്ഥവും ആയ സ്നേഹപ്രകടനങ്ങളെക്കുറിച്ചു വളരെ ശ്ലാഘിച്ചു വിവരിക്കുകയുണ്ടായി. പ്രത്യേകിച്ചും തന്റെ ഉർദു പ്രസംഗം മലയാളഭാഷയിൽ അപ്പപ്പോൾ മലയാളത്തിൽ തർജ്ജമ ചെയ്തുകേൾപ്പിച്ചുകൊണ്ടിരുന്ന ജ: എൻ. അബ്ദുർ റഹിം സാഹിബിന്റെ പേരെടുത്തു പറഞ്ഞുകൊണ്ട് അത്ഭുതം പ്രകടിപ്പിക്കുകയുണ്ടായി. ഇത് തന്റെ പ്രഥമ അനുഭവമാണെന്നദ്ദേഹം എടുത്തുപറഞ്ഞു.

ഹദ്റത്ത് മിയാൻ സാഹിബും ഭാര്യ ഹദ്റത്ത് ആപ്പാജാനും അസുഖമായിക്കിടക്കുമ്പോഴൊക്കെ ഈ നിസ്സാരനോടു പല പ്രാവശ്യവും ദുആക്കുവേണ്ടി നിർദ്ദേശിക്കാറുള്ളത് ആ മഹാനുഭാവന്റെ വിശാലമനസ്കതയാണ് കാണിക്കുന്നത്.

അവസാനമിതാ, അല്ലാഹുവിന്റെ തഖ്ദീർ പ്രത്യക്ഷമായി. എല്ലാവരെയും അഗാധമായ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് അദ്ദേഹം തന്റെ യഥാർത്ഥ യജമാനനായ അല്ലാഹുവിങ്കലേക്കു ചെന്നുചേർന്നു.

ഹദ്റത്ത് മിയാൻ സാഹിബിന്റെ ജനാസാ നമസ്കാരത്തിലും കൂട്ടുപ്രാർത്ഥനയിലും പങ്കെടുക്കുവാൻ കേരളത്തിൽ നിന്നും ഖാദിയാനിലേക്കു പോയിരുന്ന 20 സഹോദരന്മാരിൽ ഈയുള്ളവന്നും ഭാഗ്യം ലഭിച്ചു.

പഞ്ചാബിൽ നിന്നും പുറപ്പെടുന്ന ഹിന്ദു സമാചാർ എന്ന ഉർദു പത്രം 1-5-2007ലെ പതിപ്പിൽ ഖാദിയാൻ നഭോമണ്ഡലത്തിലെ കത്തിജ്വലിച്ചുകൊണ്ടിരുന്ന സൂര്യൻ കാർമേഘങ്ങളിൽ മറഞ്ഞു എന്ന ശീർഷകത്തിൽ ഇപ്രകാരം വാർത്ത പ്രസിദ്ധീകരിച്ചു. ഉപശീർഷകങ്ങളിൽ എഴുതി:

ജമാഅത്തെ അഹ്മദിയ്യയുടെ തേജസ്സ് ഇന്നു കബറടക്കം ചെയ്യപ്പെടുകയാണ്.

പത്മശ്രീ വിജയചോപ്രയടക്കം പ്രശസ്ത വ്യക്തികളുടെ അനുശോചനം.

ഖാദിയാൻ ഏപ്രിൽ 30,

ജമാഅത്തെ അഹ്മദിയ്യാ ഭാരതിന്റെ ചീഫ് സിക്രട്ടറി സാഹിബ് സാദാ മിർസാ വസിം അഹ്മദിന്റെ ഭൗതികശരീരം കഴിഞ്ഞ രാത്രി അമൃതസറിൽ നിന്നും ഖാദിയാനിലേക്കു കൊണ്ടുവരപ്പെട്ടു.... പരേതൻ 1927 ആഗസ്ത് ഒന്നാം തിയതി ഖാദിയാനിൽ ഭൂജാതനായി. അദ്ദേഹത്തിന്ന് 1948 മുതൽ അന്ത്യശ്വാസം വരെ ഖാദിയാനിലെ പരിശുദ്ധകേന്ദ്രത്തിൽ വാഗ്ദത്ത മസീഹിന്റെ കുടുംബപ്രതിനിധിയെന്ന നിലയിൽ മതസേവനമനുഷ്ഠിക്കുവാനുള്ള സൗഭാഗ്യം ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വിവാഹം 1953ൽ ഹദ്റത്ത് ഡോക്ടർ മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ പുത്രി അമത്തുൽ ഖുദ്ദൂസ് ബേഗവു

മായി നടന്നു. ഇതിൽ അമത്തുൽ അലീം, അമത്തുൽ കരീം, അമത്തുൽ റഊഫ് എന്ന മൂന്നു പുത്രിമാരും സാഹിബ് സാദാ മിർസാ കലിം അഹ്മദു എന്ന പുത്രനും ഉണ്ട്....

സാഹിബ് സാദാ സാഹിബിന്റെ ചരമവാർത്തയറിഞ്ഞു ഖാദിയാനിലെ പല സ്കൂളുകളും കോളേജും കടകളും അടച്ചു ദുഃഖമാചരിക്കുകയുണ്ടായി. ഖാദിയാൻ മുൻസിപ്പാൽ കമ്മിറ്റി രണ്ടു ദിവസത്തെ അവധി പ്രഖ്യാപിച്ചുകൊണ്ട് അനുശോചനപ്രമേയം പാസ്സാക്കുകയും പരേതന്റെ ആത്മശാന്തിക്കായി രണ്ടു നിമിഷം നിന്നുകൊണ്ട് മൗനപ്രാർത്ഥന നടത്തുകയും ചെയ്തു. നഗര സേവക് സൻസ്ഥാ, ഖാദിയാനിലെ പ്രസ്സ് ക്ലബ്ബ് എന്നിവിടങ്ങളിൽ പ്രത്യേക അനുശോചനയോഗങ്ങൾ നടന്നു. ഹിന്ദുസമാചർ ഗ്രൂപ്പ് ഓഫ് പേപ്പർസിന്റെ ചീഫ് എഡിറ്റർ പത്മശ്രീ വിജയകുമാർ ചോപ്ര, സാഹിബ് സാദാ സാഹിബിന്റെ ചരമത്തിൽ അദ്ദേഹത്തിന്റെ പുത്രൻ മിർസാ കലിം അഹ്മദി നെക്കണ്ട് അനുശോചനം രേഖപ്പെടുത്തി. മുഖ്യമന്ത്രി പ്രകാശ് സിംഗ് ബാദൽ പഞ്ചാബ് ബി.ജെ.പി. പ്രധാൻ മുൻ കേബിനറ്റ് മന്ത്രി പ്രതാപ് സിംഗ് ബാജ്വ, മുഖ്യമന്ത്രിയുടെ രാഷ്ട്രീയോപദേശകൻ ഡോക്ടർ ദിൽജിത്ത് സിംഗ്, എന്നീ ധാരാളം പ്രമുഖർ നേരിട്ടും ഫോൺ മുഖേനയും ബന്ധപ്പെട്ടു തങ്ങളുടെ അനുശോചനം രേഖപ്പെടുത്തി... സാഹിബ് സാദാ സാഹിബിന്റെ അന്ത്യോപചാരത്തിൽ പങ്കെടുക്കുന്നതിന്നായി ലോകത്തെങ്ങു നിന്നും ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളിൽ നിന്നും വിശ്വാസികൾ ഖാദിയാനിൽ എത്തിക്കൊണ്ടിരിക്കുകയാണ്. (ഹിന്ദുസമാചാർ 1-5-2007)

മെയ് രണ്ടാം തിയ്യതിയത്തെ പ്രസ്തുത പത്രം എഴുതി: ജമാഅത്തെ അഹ്മദിയ്യാ ഭാരതിന്റെ നാസിം അഅ്ലാ (നാസിർ അഅ്ലാ) സാഹിബ് സാദാ മിർസാ വസിം അഹ്മദിന്റെ കബറടക്കം നിറഞ്ഞ കണ്ണീരോടുകൂടി. പരേതന്റെ അവസാനയാത്രയിൽ ഒമ്പത് വിദേശ നാടുകളിൽ നിന്നുള്ള സുപ്രധാന വ്യക്തികൾ പങ്കെടുത്തു. ഖാദിയാൻ വിരഹവേദനകളുടെ പിടിയിൽ. പല അങ്ങാടികളും ബന്ദാചരിച്ചു.

ഖാദിയാൻ മെയ് 1: ഇന്നു വൈകുന്നേരം ആറുമണിക്ക് ജമാഅത്തെ അഹ്മദിയ്യയുടെ ചീഫ് സിക്രട്ടറി, സാഹിബ് സാദാ മിർസാ വസിം അഹ്മദു സാഹിബ് ബിഹിശ്ത്തീ മഖ്ബറയിലുള്ള പ്രത്യേക ഭാഗത്ത് മറയടക്കം ചെയ്യപ്പെട്ടു. ഇന്ന് ഖാദിയാനിലെ മിക്ക ബസാറുകളും അടച്ചു ഹർത്താലചരിച്ചു. പരേതന്റെ ജനാസാ നമസ്കാരം മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് നിർവഹിക്കും. ഈ അവസരത്തിൽ ഭാരതത്തിലെ എല്ലാ സ്റ്റേറ്റുകളിൽ നിന്നും പാകിസ്താൻ, അമേരിക്ക, അബുദാബി, ജർമ്മനി, ലണ്ടൻ, കാനഡ, മോറീഷ്യസ്, ദുബൈ എന്നീ വിദേശ നാടുകളിൽ നിന്നു വിശ്വാസികൾ സാഹിബ് സാദാ സാഹിബിന്റെ അന്ത്യോപചാരത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്നിരുന്നു. വാഗ്ദത്ത മസീഹിന്റെ കുടുംബത്തിൽ നിന്നുള്ള നവാബ് മൻസൂർ അഹ്മദുഖാൻ, മാജിദു അഹ് മദു സാഹിബ്, മിർസാ അൻവർ അഹ്മദു, മിർസാ ഹനീഫ് അഹ്മദു എന്നിവരെക്കൂടാതെ ഇമാം മസ്ജിദു ലണ്ടൻ മൗലാനാ അത്താഉൽ മുജീബ് റാശിദു എന്നിവർ പങ്കെടുത്തു. അഹ്മദിയ്യാ ബാസാർ മുതൽ ബിഹിശ്ത്തി മഖ്ബറ വരെ ഹിന്ദുക്കളും ക്രിസ്ത്യാനികളും സിക്കുകളുമടക്കം വമ്പിച്ച ജനാവലി നീണ്ട ഇരുനിരകളിൽ നില്പുണ്ടായിരുന്നു. ജനാസാ നമസ്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ വിവിധ മതസ്ഥരായ നൂറുക്കണക്കിലുള്ള ജനങ്ങൾ കൈകെട്ടി വളരെ ഭയഭക്തിയോടെ നില്ക്കുന്നുണ്ടായിരുന്നു. അവരുടെ നിറഞ്ഞ കണ്ണുകൾ അവർക്ക് സാഹിബ് സാദാ സാഹിബിനോടുള്ള സ്നേഹവും വിശ്വാസവും പ്രകടമാക്കിക്കൊണ്ടിരുന്നു. ഓരോ ആളുടെയും വേദന നിറഞ്ഞ അവസ്ഥ അവരുടെ വളരെ അടുത്ത ബന്ധു ചരമമടഞ്ഞ പ്രതീതിയാണുണ്ടാക്കിയിരുന്നത്. സാഹിബ് സാദാസാഹിബ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകന്റെ പൌത്രനും അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയുടെ പുത്രനും ആയിരുന്നു. ഇന്ത്യാ-പാക്ക് വിഭജനകാലത്ത് അദ്ദേഹത്തെ പിതാവ്, ഖാദിയാനിലേക്കു അവിടെയുള്ള പരിശുദ്ധ സ്ഥാനങ്ങളുടെ സംരക്ഷകനായിട്ടയച്ചു. 1927 ആഗസ്ത് ഒന്നാം തിയതി ഖാദിയാനിൽ ഭൂജാതനായ സാഹിബ് സാദാ സാഹിബ് എല്ലാ മതവിഭാഗങ്ങളിൽപെട്ടവരെയും പിതൃതുല്യമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്തിരുന്നു. മതവർഗ്ഗ സമുദായ വ്യത്യാസമെന്യെ ഓരോ വിഭാഗത്തിൽ പെട്ടവരും അദ്ദേഹത്തെ വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്ന് ശ്രദ്ധാഞ്ജലി അർപ്പിക്കുവാനായി ഖാദിയാനിലും ചുറ്റുപാടിലുമുള്ള ജനങ്ങൾ തിങ്ങിക്കൂടിയിരുന്നത്.

ഗുരുദാസ്പൂർ ഡി.സി., ബട്ടാലയിലെ എസ്.എസ്.പി. ഖാദിയാൻ, നങ്കൽ എന്നീ പ്രദേശങ്ങളിലെ എം.എൽ.എ., മുൻ ക്യാബിനറ്റ് മന്ത്രി ഗുരുനാനക് ദേവ്ജി, ഡേരാ ബാബാനാനക് തന്ത്രി, സിക്ക് നാഷനൽ കോളേജു പ്രിൻസിപ്പാളും 150 വിദ്യാർത്ഥികളും, ബട്ടാല റോട്ടറി ക്ലബ് പ്രസിഡണ്ട്, സർപഞ്ച് മഹേന്ദർസിംഗ് ശിരോമണി ഗുരുദ്വാരാ പ്രബന്ധ് കമ്മിറ്റി ചെയർമേനും അംഗങ്ങളും അടക്കം നൂറുക്കണക്കിലുള്ള സുപ്രധാന വ്യക്തികൾ ജനാസാ ദർശനത്തിന്നായി സന്നിഹിതരാവുകയും പരേതന്റെ പുത്രൻ മിർസാ കലിം അഹ്മദു സാഹിബിനെയും അദ്ദേഹത്തിന്റെ മരുമക്കളെയും കണ്ടു അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു." (ഹിന്ദുസ്ഥാൻ 2-5-2007) ചുരുക്കത്തിൽ ഹദ്റത്ത് മിയാൻ സാഹിബിന്റെ വിയോഗം ഒരു തീരാനഷ്ടമാണ്. ആ മഹാനുഭാവന്റെ വിയോഗം മൂലമുണ്ടായ ശൂന്യത അല്ലാഹു നികത്തിത്തരുമാറാകട്ടെ. അദ്ദേഹത്തിന്റെ ആത്മാവിന്ന് അദ്ദേഹത്തിന്റെ പുണ്യാത്മാക്കളായ പൂർവ്വികന്മാരുടെ സാമീപ്യം കരഗതമാകുമാറാകട്ടെ.

അനുസ്മരണം

# ഓർമ്മകളിലെ മിയാൻ സാഹിബ്

കെ.എ. അബ്ദുൽകലാം, കൊച്ചി

മിയാൻസാഹിബിന്റെ മരണവാർത്ത കേരളത്തിലെ ഓരോ അഹ്മദിക്കും തന്റെ കുടുംബത്തിലെ ഒരംഗം നഷ്ടപ്പെട്ട പ്രതീതിയാണ് ഉണ്ടാക്കുക! പരിചയപ്പെടുന്ന ഓരോ വ്യക്തിയോടും വളരെ അടുപ്പം കാണിക്കുന്ന ആ മഹൽ വ്യക്തിത്വത്തെ ദൂരെ നിന്നു കണ്ടുള്ള ചില ഓർമ്മകളാണ് ഇവിടെ കുറിക്കുന്നത്.

1980ൽ മർഹും മൗലവി മുഹമ്മദ് അബുൽ വഫാ സാഹിബ് ജുമുഅ നമസ്ക്കാരം നിർവ്വഹിച്ചുകൊണ്ട് എറണാകുളം ജമാഅത്ത് ഉദ്ഘാടനം ചെയ്തതിന് ശേഷമാണ് മിയാൻ സാഹിബ് ആദ്യമായി എറണാകുളത്തെത്തുന്നത്. അന്ന് കൊച്ചിയിൽ നിന്നും അഹ്മദിയായി ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൊച്ചിയിൽ ജൂതപ്പള്ളി ഉണ്ടെന്നറിഞ്ഞപ്പോൾ അത് കാണണമെന്ന് അദ്ദേഹത്തിന് താത്പര്യമായി. ബോട്ടുയാത്ര വളരെ ഇഷ്ടമായതിനാൽ അദ്ദേഹത്തേയും പത്നിയേയും ബോട്ടുമാർഗ്ഗം കൊച്ചിയിലേക്ക് കൊണ്ടുപോകാനുള്ള ചുമതല അന്ന് എറണാകുളം ജമാഅത്ത് തബ് ലീഗ് സെക്രട്ടറിയായിരുന്ന എന്റെ മേൽ ആയി. മട്ടാഞ്ചേരി ജെട്ടിയിൽ ബോട്ടിറങ്ങി. കുറച്ച് നടക്കേണ്ടിയിരുന്നതിനാൽ സൈക്കിൾ റിക്ഷയിലാണ് ജൂതപ്പള്ളിയിലേക്ക് പോയത്. (അന്ന് ഓട്ടോറിക്ഷ പ്രചാരം നേടിയിരുന്നില്ല). അപ്പോഴും എന്റെ മനസ്സിൽ പ്രതീക്ഷയില്ലായിരുന്നു. അന്ന് ശനിയാഴ്ചയായിരുന്നു. ജൂതന്മാരുടെ സാബത്ത് ദിവസം അവരുടെ ജുമുഅ നടക്കുന്ന ദിവസം. അന്ന് ജൂതപ്പള്ളി ആർക്കും കാണാൻ തുറന്നു കൊടുക്കുകയില്ല. (ഇന്നും അങ്ങനെത്തന്നെയാണ്) മിയാൻ സാഹിബും കൂടെയുള്ളവരും പള്ളിവാതിൽക്കൽ നിന്നു. പള്ളി സൂക്ഷിപ്പുകാരനായ യഹൂദി, പള്ളി തുറന്നു കാണിക്കാൻ പറ്റില്ലെന്ന് പറഞ്ഞു. വളരെ ദൂരെ പഞ്ചാബിൽ നിന്നും വരുന്ന വിശിഷ്ട വ്യക്തിയാണെന്ന് അദ്ദേഹത്തോട് പറഞ്ഞു നോക്കി. അയാൾ മിയാൻസാഹിബിനെ അടിമുടി സൂക്ഷിച്ചുനോക്കി. അയാൾക്കൊരു മനം മാറ്റം വന്നത് പോലെ തോന്നി. ശരിയെന്ന് പറഞ്ഞുകൊണ്ട് അയാൾ പള്ളി തുറന്നു. അകത്ത് കയറിക്കൊള്ളാൻ പറഞ്ഞു. കൂടെയുള്ള അഹ്മദികൾക്കെല്ലാം വളരെ സന്തോഷമായി. മിയാൻ സാഹിബും പത്നിയും വളരെ നേരം പള്ളിക്കകത്ത് ചിലവഴിച്ചു. ജൂതന്മാരുടെ ഓരോ പ്രാർത്ഥനാപുസ്തകവും മറിച്ചുനോക്കി. വിവരങ്ങൾ ചോദിച്ചറിഞ്ഞു. സംതൃപ്തിയോടെ അദ്ദേഹം എറണാകുളത്തേക്ക് മടങ്ങി. അന്ന് എറണാകുളം ജമാഅത്തിൽ ഉണ്ടായിരുന്ന ഓരോ അംഗത്തിനും മിയാൻ സാഹിബിന്റെ കൂടെ പ്രത്യേകം പ്രത്യേകം ഫോട്ടോ എടുക്കാനുള്ള ഭാഗ്യം ഉണ്ടായി.

പിന്നീട് 1986ൽ കൊച്ചി അഹ്മദിയ്യാ മിഷൻ ഹൗസ് ഉദ്ഘാടനത്തിന് മിയാൻ സാഹിബ് എത്തിയപ്പോൾ വളരെ സന്തുഷ്ടമായ ഒരു ദിനം അദ്ദേഹത്തിന് നൽകാൻ കഴിഞ്ഞതിൽ ഇവിടെയുള്ളവർക്കെല്ലാം ചാരിതാർത്ഥ്യമുണ്ട്. കാരണം, മിഷൻ ഹൗസ് ഉദ്ഘാടനത്തിന് വമ്പിച്ച ജനാവലിയാണുണ്ടായിരുന്നത്. ഒരു ജൽസയുടെ ആൾ ഉണ്ടല്ലോ എന്ന് അദ്ദേഹം പറഞ്ഞു. ഭക്ഷണത്തിനായി അടുത്ത വീട്ടിലേക്ക് അദ്ദേഹത്തെ ആനയിച്ചെങ്കിലും, ഭക്ഷണത്തിന് ശേഷം വിശ്രമിക്കാതെ യോഗം നടക്കുന്ന മൈതാനത്തേക്ക് ആവേശഭരിതനായി തിരിച്ചുവരികയാണുണ്ടായത്. സർവ്വശക്തനായ റബ്ബ് ആ പുണ്യാത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ!

ആമീൻ.

# ഡോ: മുഫ്തി മുഹമ്മദ് സാദിഖ്

**അത്താഉൽ മുജീബ് റാശിദ്**
**ലണ്ടൻ പള്ളി ഇമാം**

## വാഗ്ദത്ത മസീഹിന്റെ പ്രഗത്ഭനായ ഒരു സഹാബിയുടെ സ്വഭാവവും ജീവിതവും

മനുഷ്യ കുലത്തിന്റെ പുനരുജ്ജീവനത്തിനും വികസനത്തിനും വേണ്ടി സർവ്വശക്തനായ അല്ലാഹു ഒരു പ്രവാചകനെ നിയമിക്കുമ്പോൾ അദ്ദേഹത്തിനു അസാധാരണമായ പിന്തുണയും ദൗത്യവിജയവും നൽകുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

അല്ലാഹു വിധിച്ചിരിക്കുന്നു: 'ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യും.' (വി.ഖുർആൻ). ഭൗതികദൃഷ്ടിയിൽ അല്ലാഹുവിന്റെ ദൂതൻ ദുർബലനായി കാണപ്പെട്ടാലും അന്തിമ വിജയം അദ്ദേഹത്തിനു തന്നെയായിരിക്കും. ദൈവ നിയുക്തൻ സ്ഥിരചിത്തനായി ദൈവിക സന്ദേശം പ്രഖ്യാപിക്കുമ്പോൾ വിളക്കിനു ചുറ്റുമുള്ള ഇയ്യാംപാറ്റകളെപ്പോലെ തങ്ങളുടെ ജീവൻ ത്യജിക്കാൻ സന്നദ്ധരായ സഹായികൾ അദ്ദേഹത്തിനു നൽകപ്പെടുന്നു.

സർവ്വശക്തനായ അല്ലാഹു വാഗ്ദത്ത മസീഹി (അ) ന് സ്നേഹമുള്ളവരും വിശ്വസ്തരുമായ നിരവധി അനുചരന്മാരെ നൽകുകയുണ്ടായി. അവർ ആ മഹാത്മാവിന്റെ യഥാർത്ഥ സഹായികളായിരുന്നു. അവർ അഹ്മദിയ്യത്തിന്റെ അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ തിളങ്ങുന്ന നക്ഷത്രങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഭക്തരായ അവരുടെ വിശിഷ്ട സ്വഭാവങ്ങൾ നമുക്കിന്ന് മാർഗ്ഗദർശകമായ പ്രകാശമാണ്. സൗഭാഗ്യവാന്മാരായ വരിഷ്ഠദാസന്മാരിൽ ഒരാളായിരുന്നു വാഗ്ദത്ത മസീഹിന്റെ മഹാനായ സ്വഹാബിയായിരുന്ന ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ). ഈ അതുല്യ വ്യക്തിത്വത്തിന്റെ ജീവിതത്തെയും സ്വഭാവത്തെയും കുറിച്ച് സംസാരിക്കുക എന്നത് ഞാൻ ഒരു വലിയ ബഹുമതിയായി കണക്കാക്കുന്നു (എന്നാൽ ഇക്കാര്യം ഒരു നിലയിലും സുഗമമല്ല തന്നെ). ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബി(റ) നെക്കുറിച്ച് ഒരവസരത്തിൽ വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: 'അദ്ദേഹം നമ്മുടെ ജമാഅത്തിലെ യുവഭക്തനായ, കഴിവുറ്റ, ബഹുമാന്യനായ ഒരംഗമാണ്. അദ്ദേഹത്തിന്റെ സൽഗുണങ്ങൾ വാക്കുകളിൽ പൂർണ്ണമായും പ്രകടിപ്പിക്കുക സാധ്യമല്ല. (ദിക്റെ ഹബീബ്, പേജ് 332, ഗ്രന്ഥകർത്താ : ഹദ്റത്ത് മുഫ്തി സാഹിബ്). വാഗ്ദത്ത മസീഹ്(അ) ഇങ്ങനെ പറഞ്ഞത് മുഫ്തി സാഹിബിന് ഏറ്റവും വലിയ ബഹുമതിയും സൗഭാഗ്യവുമായിരുന്നു. ഒരിക്കൽ മുഫ്തി സാഹിബ് രോഗിയായപ്പോൾ അദ്ദേഹത്തിന്റെ മാതാവ് വാഗ്ദത്ത മസീഹി(അ) നോട് ദുആക്കപേക്ഷിച്ചു. അപ്പോൾ വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: ഞാൻ അദ്ദേഹത്തിനു വേണ്ടി പതിവായി ദുആ ചെയ്യുന്നു. സാദിഖ് താങ്കളുടെ പുത്രനായതിനാൽ താങ്കൾക്ക് പ്രിയങ്കരനാണ്. എന്നാൽ അദ്ദേഹത്തോടുള്ള എന്റെ സ്നേഹം താങ്കളുടെ സ്നേഹത്തേക്കാൾ ഉപരിയാണ്. (ദിക്റെ ഹബീബ്, പേജ് 325)

വാഗ്ദത്ത മസീഹി(അ)ന്റെ ഈ പ്രിയ സഹാബിയുടെ ജീവിതകഥ വളരെ ചുരുക്കി അവതരിപ്പിക്കാൻ ഞാൻ ശ്രമിക്കാം.

### സംക്ഷിപ്ത ജീവിതരേഖ: ആദ്യകാലജീവിതം

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് 1872 ജനുവരി 11 -ാം തിയതി ഭേരയിൽ ഭൂജാതനായി. വാഗ്ദത്ത് മസീഹ് (അ) താൻ മസീഹാണെന്ന വാദം പുറപ്പെടുവിക്കുന്നതിനുമുമ്പ് തന്നെ മുഫ്തി സാഹിബിന്റെ പിതാവ് ചരമമടഞ്ഞിരുന്നു. എന്നിരിക്കിലും, അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഫൈസ് ബീബി സാഹിബയുടെ സാന്നിധ്യത്തിൽ 1897 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അവർ വീട്ടിലേക്ക് പോകാൻ അനുമതി ചോദിച്ചപ്പോൾ വാഗ്ദത്ത മസീഹ് കുതിരവണ്ടി വരെ അവരെ അനുഗമിക്കുകയും യാത്രയിൽ അവർക്കുള്ള ഭക്ഷണം കൊണ്ടുവരാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. കൊണ്ടുവന്ന ഭക്ഷണം വേണ്ടവിധം പൊതിഞ്ഞിട്ടില്ലെന്ന് കണ്ട വാഗ്ദത്ത മസീഹ് (അ)

ഒട്ടും ശങ്കിക്കാതെ താൻ ധരിച്ചിരുന്ന തലപ്പാവിൽ നിന്ന് ഒരു കഷണം കീറിയെടുത്ത് ഭക്ഷണം നന്നായി പൊതിഞ്ഞുകൊടുത്തു. വാഗ്ദത്ത മസീഹ് (അ) കാണിച്ച ഈ അതുല്യമായ സ്നേഹപ്രകടനവും ആദരവും മുഫ്തി സാഹിബിൽ എത്രത്തോളം പ്രഭാവം ചെലുത്തിയെന്നാൽ, അതിന്നുശേഷം ജീവിതകാലം മുഴുവൻ ഖാദിയാനിൽ കഴിച്ചുകൂട്ടാൻ അദ്ദേഹം തീരുമാനിച്ചു.

മുഹമ്മദ് സാദിഖ് ഭേരപട്ടണത്തിൽ ഈ പേരുള്ള ആദ്യത്തെ ശിശുവായിരുന്നു. അദ്ദേഹത്തെ വളർത്തിയതാകട്ടെ, ഭക്തരായ മാതാപിതാക്കളായിരുന്നു. മാതാവിന്റെ ഭക്തി കാരണത്താൽ ചെറുപ്പം മുതലേ പ്രാർത്ഥന സാദിഖ് സാഹിബിന്റെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരുന്നു. 1885ൽ തന്റെ 13-ാം വയസ്സിൽ ഹക്കീം അഹ്മദ് ജാൻ സാഹിബ് മുഖേന സാദിഖ് സാഹിബ് ആദ്യമായി വാഗ്ദത്ത മസീഹി(അ)ന്റെ നാമം കേട്ടു. സ്നേഹത്തിന്റെയും അർപ്പണബോധത്തിന്റെയും ഈ ബീജം പിന്നീട് ഫലദായകമായ വൻവൃക്ഷമായി വികസിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽത്തന്നെ ഹക്കീം മൗലാനാ നുറുദ്ദീൻ സാഹിബി (റ) നേയും സാദിഖ് സാഹിബ് കണ്ടുമുട്ടുകയുണ്ടായി. 1888ൽ പിതാവ് അദ്ദേഹത്തെ വിശുദ്ധ ഖുർആന്റെ പരിഭാഷ പഠിക്കാനായി ജമ്മുവിൽ ഹദ്റത്ത് മൗലാനാ ഹക്കീം നുറുദ്ദീൻ സാഹിബിന്റെയടുക്കലാക്കിയപ്പോൾ ആ ബന്ധം കൂടുതൽ ശക്തിപ്പെട്ടു. ഹദ്റത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബി(റ)ന്റെ വിശുദ്ധ സഹവാസത്തിൽ ആദ്യകാലത്ത് സിദ്ധിച്ച ഈ മതവിദ്യാഭ്യാസം മുഹമ്മദീ മസീഹിന്റെ ഗൃഹത്തിലെ തിളക്കമാർന്ന ഒരു വ്യക്തിയാക്കി അദ്ദേഹത്തെ മാറ്റുകയുണ്ടായി!

ഹദ്റത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബി(റ)ന്റെ രോഗവിവരം അന്വേഷിക്കാൻ വാഗ്ദത്ത മസീഹ് (അ) ഈ കാലഘട്ടത്തിൽ ജമ്മു സന്ദർശിക്കുകയുണ്ടായി. തന്റെ ഉദ്ദിഷ്ടസന്ദർശനത്തിനുശേഷം രോഗാവസ്ഥയിൽ മാറ്റമുണ്ടാകുമെന്ന് വാഗ്ദത്ത മസീഹ് (അ) ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബി(റ)നെ അറിയിച്ചിരുന്നു. സംഭവിച്ചതും അങ്ങനെത്തന്നെയായിരുന്നു. എന്തായാലും, വാഗ്ദത്ത മസീഹ് (അ) അവിടെ വിട്ട ശേഷമാണ് ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് ജമ്മുവിൽ എത്തിച്ചേർന്നത്. വാഗ്ദത്ത മസീഹി(അ)ന്റെ ദുആ സ്വീകാര്യതയുടെ ഈ അത്ഭുതാടയാളത്തിന് സാക്ഷ്യം വഹിച്ചശേഷം ആ മഹാത്മാവിനെ ദർശിക്കാൻ മുഫ്തി സാഹിബിന് ഉൽക്കടമായ ആഗ്രഹമുണ്ടായി. ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് തന്റെ സ്വപ്നങ്ങളിൽ ഒന്ന് വിവരിച്ചപ്പോൾ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ) നൽകിയ അതിന്റെ വ്യാഖ്യാനം ആ കാലഘട്ടത്തിലെ പരിഷ്കർത്താവിന്റെ ജനനം സൂചിപ്പിക്കുകയുണ്ടായി. വ്യക്തമായ ആ സ്വപ്നത്തെക്കുറിച്ച് മുഫ്തി സാഹിബ് വാഗ്ദത്ത മസീഹി(അ)ന് കത്തയച്ചു. എന്നാൽ വാഗ്ദത്ത മസീഹ് (അ) പെട്ടെന്നു തന്നെ അതിനു വ്യാഖ്യാനം നൽകാൻ മുതിർന്നില്ല. ഇത് മുഫ്തി സാഹിബിന്റെ വിശ്വാസവും വാഗ്ദത്ത മസീഹി(അ) നോടുള്ള അടുപ്പവും വർദ്ധിപ്പിച്ചു.

## 1891 ൽ ഖാദിയാനിൽ വെച്ച് ബൈഅത്ത്

വാഗ്ദത്ത മസീഹി(അ) നോടുള്ള അതിരറ്റ സ്നേഹം മുഫ്തി സാഹിബിനെ ഖാദിയാനിലെത്തിച്ചു. അങ്ങനെ 1890 ഡിസംബറിൽ അദ്ദേഹം ആദ്യമായി വാഗ്ദത്ത മസീഹിനെ (അ) കണ്ടുമുട്ടി. തന്നെ പരിചയപ്പെടുത്തിക്കൊണ്ട് തന്റെ ഗുരുനാഥനായ ഹദ്റത്ത് മൗലാനാ നുറുദ്ദീൻ സാഹിബി(റ)ന്റെ ഒരു കത്തുമായി മുഫ്തി സാഹിബ് ബട്ടാലയിൽ നിന്ന് ഖാദിയാനിൽ എത്തിയതായിരുന്നു. അദ്ദേഹം എത്തിയ സന്ദേശം കിട്ടിയ ഉടനെ വാഗ്ദത്ത് മസീഹ് (അ) സ്വഗൃഹത്തിൽ നിന്നു പുറത്തു വന്ന് അദ്ദേഹത്തെ സ്വീകരിച്ചു. വാഗദ്ത്ത മസീഹ് (അ) യാത്രയെക്കുറിച്ചന്വേഷിച്ചശേഷം അദ്ദേഹത്തിന് ഭക്ഷണം നൽകി. നിസ്ക്കാരത്തിനുശേഷം വീണ്ടും കൂടിക്കാഴ്ചയുണ്ടായി. പിറ്റേന്ന് രാവിലെ മുഫ്തി സാഹിബ് വാഗ്ദത്ത മസീഹി(അ)ന്റെ കൂടെ നടക്കാൻ പോയി.

ഈ ഹ്രസ്വമായ കൂടിക്കാഴ്ചകൾ ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന്റെ ജീവിതത്തെത്തന്നെ മാറ്റിമറിച്ചു. അദ്ദേഹത്തിന്റെ ഹൃദയം ഭക്തിപ്രകാശത്താൽ പൂരിതമായി. ഉടനെ ബൈഅത്ത് ചെയ്യാൻ അദ്ദേഹം തീരുമാനിച്ചു. വേറൊരു മുറിയിൽ ഒരേ കട്ടിലിൽ വാഗ്ദത്ത മസീഹി(അ)ന്റെ കൂടെ അദ്ദേഹം ഇരുന്നു. മുഫ്തി സാഹിബിന്റെ കരം വാഗ്ദത്ത മസീഹ് (അ) തന്റെ കയ്യിൽ വെച്ചു. മുഫ്തി സാഹിബ് ബൈഅത്തിന്റെ പത്തു നിബന്ധനകൾ ഏറ്റുപറഞ്ഞു ബൈഅത്ത് ചെയ്തു. അങ്ങനെ തിരുനബി(സ)യുടെ യഥാർത്ഥ ശിഷ്യനായ വാഗ്ദത്ത മസീഹിന്റെ സേവകരുടെ ഗണത്തിൽ ഭേര നിവാസിയായ 19 വയസ്സുള്ള മുഹമ്മദ് സാദിഖ് സാഹിബ് ചേർന്നു. 1891 ജനുവരി 31 അദ്ദേഹത്തിന്റെ ജീവിതത്തിലെ തിളക്കമാർന്ന ദിനമായിരുന്നു; അന്നാണ് അദ്ദേഹത്തിന് പുതുജീവൻ ലഭിച്ചത്. വാഗ്ദത്ത മസീഹി(അ)ന്റെ കൈകളിൽ അദ്ദേഹം ചെയ്ത വിശ്വസ്തതയുടേയും ഭക്തിയുടേയും സ്നേഹത്തിന്റേയും പ്രതിജ്ഞ അദ്ദേഹം അക്ഷരാർത്ഥത്തിൽ നിറവേറ്റി. എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ ജീവിതം അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സജീവദൃഷ്ടാന്തമായിത്തീർന്നു.

## 1891നും 1901നും ഇടയ്ക്കുള്ള ചില സുപ്രധാന സംഭവങ്ങൾ

1891-ൽ ബൈഅത്തിനുശേഷം പത്തുവർഷത്തോളം മുഫ്തി സാഹിബിന് ജമ്മുവിലും ലാഹോറിലും ജോലിചെയ്തു താമസിക്കേണ്ടി വന്നു. എന്നിരിക്കിലും, വാഗ്ദത്തമസീഹി(അ)ന്റെ സഹവാസത്തിൽ

തന്റെ രണ്ട് വാച്ചുകൾ മുഫ്തി സാഹിബിന്റെ ഉപയോഗത്തിനായി നൽകുകയും ചെയ്തു. യജമാനൻ ഉപാസകനോട് കാണിച്ച എന്തൊരു അനുകമ്പ!

ഒരിക്കൽ ഹദ്റത്ത് മുഫ്തി സാഹിബ് ഖാദിയാനിൽ മൂന്ന് ദിവസത്തെ ലീവിൽ വന്നു. ആ മൂന്ന് ദിവസം മൂന്ന് വർഷമായി മാറ്റിത്തരാൻ അദ്ദേഹം ഹൃദയംഗമമായി അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ആ മൂന്ന് ദിവസങ്ങളിൽ ഹദ്റത്ത് മുഫ്തി സാഹിബിന് വാഗ്ദത്ത മസീഹ് (അ) ഏല്പിച്ച ജോലി ബൈബിളിന്റെ ഒരു പുതിയ വ്യാഖ്യാനം വായിച്ചു കേൾപ്പിക്കലായിരുന്നു. ആ മൂന്ന് ദിവസങ്ങളിൽ വാഗ്ദത്ത മസീഹി(അ)നോടൊപ്പം ജോലി ചെയ്തും ദുആ ചെയ്തും ഭക്ഷണം കഴിച്ചും കഴിഞ്ഞുകൂടുവാനുള്ള മഹത്തായ ഭാഗ്യം ഹദ്റത്ത് മുഫ്തി സാഹിബിനുണ്ടായി. മൂന്ന് ദിനങ്ങൾ പെട്ടെന്ന് കഴിഞ്ഞുപോയി. പക്ഷേ, അദ്ദേഹത്തിന്റെ അർപ്പണബോധം എത്രത്തോളം ഉദ്ദീപിക്കപ്പെട്ടുവെന്നാൽ അവിടം വിട്ടുപോകുക അസാധ്യമായി. അദ്ദേഹം തന്റെ ജോലി രാജിവെക്കുകയും 1901ൽ സ്ഥിരതാമസത്തിനായി ഖാദിയാനിൽ വരികയും ചെയ്തു.

ഖാദിയാനിലേക്കുള്ള കുടിയേറ്റംതന്നെ അർപ്പണബോധത്തിന്റെ രസകരമായ കഥയാണ് നമുക്ക് കാഴ്ചവെയ്ക്കുന്നത്. ഹദ്റത്ത് മുഫ്തി സാഹിബിന് ലാഹോറിലെ അക്കൗണ്ടന്റ് ജനറൽ ആഫീസിൽ ബഹുമാന്യമായ ഒരു പദവിയുണ്ടായിരുന്നു.

1898ൽ ഹദ്റത്ത് മുഫ്തി സാഹിബ് ഖാദിയാനിലേക്ക് കുടിയേറിപ്പാർക്കാൻ തീരുമാനിക്കുകയും അതിന്നായി വാഗ്ദത്ത മസീഹി(അ)നോട് അനുമതി തേടുകയും ചെയ്തു. അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തിന് അല്ലാഹു പ്രതിഫലം നൽകുമെന്നും തൽക്കാലം ആ പദവിയിൽ തന്നെ നിൽക്കണമെന്നും വാഗ്ദത്ത മസീഹ് (അ) ഉപദേശിച്ചു. ഖാദിയാനിലെ ഹൈസ്കൂളിൽ ഒരു

ബൈഅത്തിനുശേഷം 1897ൽ അദ്ദേഹത്തിന്റെ മാതാവ് ഖാദിയാനിൽ നിന്ന് വിട ചോദിച്ച സംഭവം ഞാൻ പറഞ്ഞുകഴിഞ്ഞു. അതേവർഷം മുഫ്തി സാഹിബ് ഖാദിയാനിലുള്ളപ്പോൾ വാഗ്ദത്ത മസീഹ് (അ) തന്റെ ഒരു ഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതി പകർത്തെഴുതാൻ മുഫ്തി സാഹിബിനോടാവശ്യപ്പെട്ടു. വാഗ്ദത്ത മസീഹ് (അ) സാധാരണ കയ്യെഴുത്തിൽ എഴുതുകയും മുഫ്തി സാഹിബ് അത് മനോഹരമായി പകർത്തെഴുതുകയുമായിരുന്നു ചെയ്തിരുന്നത്. ഈ ജോലി ഇശാക്ക് ശേഷം ആരംഭിച്ച് പ്രഭാതം വരെ നീണ്ടുനിന്നു. ഇയ്യാമ്പാറ്റക്ക് പ്രദക്ഷിണം ചെയ്യാൻ മുഴുരാത്രിയും കത്തിച്ചുവെച്ച ഒരു മെഴുകുതിരി പോലെയായിരുന്നു അത്! ഈ ഭാഗ്യശാലിയായ ഇയ്യാമ്പാറ്റക്ക് ഓർമ്മിക്കാൻ പറ്റിയ എന്തൊരു അനുഗൃഹീതമായ രാത്രി! അല്ലാഹു ഇച്ഛിക്കുമ്പോൾ, വളരെ അപൂർവ്വം പേർക്കേ ഇത്തരം അനുഗ്രഹം നൽകുകയുള്ളൂ.

ഒരിക്കൽ വാഗ്ദത്ത മസീഹ്(അ) തന്റെ എല്ലാ സഹചരരോടും "ഒരു ഇമാമിന്റെയും പരിഷ്കർത്താവിന്റെയും ആവശ്യകത" എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധമെഴുതാൻ നിർദ്ദേശിച്ചു. മുഫ്തി സാഹിബും തന്റെ യജമാനന്റെ കല്പനയോട് പ്രതികരിച്ചു. എല്ലാ പ്രബന്ധങ്ങളും വാഗ്ദത്ത് മസീഹി(അ)ന് വായിച്ചു കേൾപ്പിച്ചു. മുഫ്തി സാഹിബിന്റെ പ്രബന്ധം വായിച്ചുകേട്ടപ്പോൾ വാഗ്ദത്ത മസീഹ് (അ) വളരെ സന്തുഷ്ടനായെന്ന് ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ്, കപൂർത്തലവി നിവേദനം ചെയ്തിട്ടുണ്ട്.

ഈ സേവകനും യജമാനനുമിടയിൽ അതുല്യമായ ഒരു സ്നേഹബന്ധം നിലനിന്നിരുന്നു! ഒരിക്കൽ ഹദ്റത്ത് മുഫ്തി സാഹിബ് തന്റെ പോക്കറ്റ് വാച്ച് വാഗ്ദത്ത മസീഹി(അ)ന് സമ്മാനിച്ചു. വാഗ്ദത്ത മസീഹ് (അ) വളരെ തുറന്ന മനസ്സോടെ സംസാരിക്കുകയും ദയാപുരസ്സരം

കഴിഞ്ഞു ഇസ്ലാമിന് സേവനം ചെയ്യാനുള്ള അത്യധികമായ ആഗ്രഹവും ആ മഹാത്മാവിനോടുള്ള ആത്മാർത്ഥമായ സ്നേഹവും കാരണമായി മുഫ്തി സാഹിബ് ഇടയ്ക്കിടെ ഖാദിയാൻ സന്ദർശിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഇടയ്ക്കിടെ ഖാദിയാനിൽ വന്നുവെങ്കിലും മടങ്ങിപ്പോവുമ്പോൾ അദ്ദേഹത്തിന് വളരെ വിഷമം തോന്നി. വാഗ്ദത്ത മസീഹി(അ)ന്റെ സഹവാസത്തിൽ കഴിഞ്ഞു പ്രയോജനം നേടാൻ മറ്റുള്ളവർക്ക് പ്രചോദനം നൽകിക്കൊണ്ട് ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് (റ) മുഫ്തി സാഹിബിന്റെ മഹത്തായ മാതൃക എടുത്തു പറയുകയുണ്ടായി:

"ജോലിയിൽ നിന്ന് ലീവ് കിട്ടുമ്പോഴെല്ലാം മുഫ്തി സാഹിബിനെ ഞാനിവിടെക്കാണുന്നു. തന്റെ സ്നേഹഭാജനത്തിന്റെ സഹവാസത്തിലാവാൻ കിട്ടുന്ന ഓരോ നിമിഷവും ശക്തമായ ഭൗതികശക്തികളിൽ നിന്നും കൈക്കലാക്കാൻ അദ്ദേഹം ഒരു ഗരുഡനെപ്പോലെ ചാടിവീഴുന്നു." (അൽ-ഹക്കം ജനുവരി 24, 1900). അദ്ദേഹം വീണ്ടും എഴുതി: അർപ്പണബോധത്തിന്റെ പൂർണ്ണമായ ഒരു ചിത്രമായിരുന്നില്ല മുഫ്തി സാഹിബ് എങ്കിൽ ബട്ടാലയിലെ ത്താൻ വേണ്ടി എല്ലാ ചങ്ങലകളും പൊട്ടിക്കാൻ അദ്ദേഹത്തിനെങ്ങനെ കഴിയും? അക്കാര്യത്തിൽ രാത്രിയാണെന്നോ പകലാണെന്നോ ഉഷ്ണകാലമാണെന്നോ ശൈത്യകാലമാണെന്നോ മഴയാണെന്നോ കൊടുങ്കാറ്റാണെന്നോ ഒന്നും അദ്ദേഹം നോക്കാറില്ല. ചിലപ്പോൾ രാത്രി നടന്നിട്ടായിരിക്കും അദ്ദേഹം ഇവിടെ എത്തുന്നത്. ഈ യുവഭക്തനിൽ നിന്നും ജമാഅത്ത് പാഠം പഠിക്കണം." (അൽ-ഹക്കം ജനുവരി 24, 1900).

വാഗ്ദത്ത മസീഹി (അ)ന്റെ ആത്മീയ സഹവാസത്തിൽ നിന്നും ഈ യുവഭക്തൻ അനുഭവിച്ച എല്ലാ നേട്ടങ്ങളെക്കുറിച്ചും ഇവിടെ വിശദീകരിക്കാൻ സാദ്ധ്യമല്ല. ചില ഉദാഹരണങ്ങൾ മാത്രം പറയാം.

അദ്ധ്യാപകന്റെ ഒഴിവുണ്ടായിരുന്നു. തന്റെ ആഫീസിൽ നിന്നു മൂന്നുമാസം ലീവെടുത്ത് മുഫ്തി സാഹിബ് ആ ഒഴിവിൽ ജോലി ചെയ്തു. വാഗ്ദത്ത മസീഹി(അ)ന്റെ നിർദ്ദേശപ്രകാരം മുഫ്തി സാഹിബ് ആറുമാസത്തെ അവധിക്ക് അപേക്ഷയയച്ചു. പക്ഷേ, മൂന്ന് മാസത്തെ അവധി മാത്രമേ അനുവദിച്ചുകിട്ടിയുള്ളൂ. ഇസ്തിഖാറ ദുആ (ദൈവേച്ഛയറിയാനുള്ള പ്രാർത്ഥന)ക്ക് ശേഷം മുഫ്തി സാഹിബിന് ആത്മ സംതൃപ്തി തോന്നുകയും വാഗ്ദത്ത മസീഹി(അ)ന്റെ അനുമതിയോടെ ലാഹോറിലെ അക്കൗണ്ടന്റ് ജനറൽ ആഫീസിലെ ജോലി രാജിവെയ്ക്കുകയും ചെയ്തു. അദ്ദേഹം ലാഹോറിൽ തന്നെ നിൽക്കണമെന്നാവശ്യപ്പെട്ട് മറ്റ് മുസ്‌ലിം ജീവനക്കാരുടെ ഒരു പ്രതിനിധി സംഘം വന്നെങ്കിലും വാഗ്ദത്ത മസീഹ് (അ) അവരുടെ അപേക്ഷ സ്വീകരിക്കുകയുണ്ടായില്ല.

രാജി സ്വീകരിച്ചശേഷം വാഗ്ദത്ത മസീഹി(അ)ന്റെ ഈ ഉത്തമഭക്തൻ എല്ലാ ഐഹികജീവിതാന്വേഷണങ്ങളും ഉപേക്ഷിക്കുകയും ഭൗതിക കാര്യങ്ങളേക്കാൾ മതപരമായ കാര്യങ്ങൾക്ക് മുൻഗണന നൽകുമെന്നുള്ള തന്റെ ഉദ്ദേശ്യം പ്രഖ്യാപിച്ചുകൊണ്ട്. ഖാദിയാനിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. ദാറുൽ അമാനിലെ, ഖാദിയാനിലെ ആത്മീയസാഗരത്തിൽ ലയിച്ചതോടുകൂടി അദ്ദേഹത്തിന്റെ ഹൃദയംഗമമായ അഭിലാഷങ്ങൾ യാഥാർത്ഥ്യമായിത്തീർന്നു. ഭേരയിൽ നിന്നുള്ള ഈ യുവഭക്തൻ ജമ്മുവിലും ലാഹോറിലും താമസിച്ച ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ, വാഗ്ദത്ത മസീഹി(അ)ന്റെ ആത്മീയ രത്നശേഖരത്തിലെ വിലമതിക്കാനാവാത്ത മുത്തായിക്കൊണ്ട് അർഹമായ പദവി നേടി.

(Review of Religion Feb. 2007)

**വിവ: കെ. വി. ഹസ്സൻകോയ**

കോഴിക്കോട്

(തുടരും)

●

*(13-ാം പേജിൽ നിന്ന് തുടർച്ച)*

വെളിച്ചം വീശുന്നു.

അദ്ദേഹം (മൂസനബി) പറഞ്ഞു: 'നിങ്ങൾ ആദ്യം എറിയുക, അപ്പോഴതാ അവരുടെ വശ്യവിദ്യാ പ്രയോഗ സ്വാധീനത്താൽ അവരുടെ കയറുകളും, വടികളും ഇഴഞ്ഞോടുകയാണെന്ന് അദ്ദേഹത്തിന് തോന്നുന്നു. അപ്പോൾ മൂസാ തന്റെ ഭയം ഉള്ളിൽ മറച്ചുവെച്ചു. നാം പറഞ്ഞു: 'ഭയപ്പെടേണ്ട. നീ തന്നെയാണ് വിജയം പ്രാപിക്കുന്നവൻ' (20:67, 69)

മൂസാ നബി(അ) സ്വയം തന്നെ, മാന്ത്രികരുടെ വശ്യമേധാശക്തിയുടെ സ്വാധീനത്തിൽപ്പെട്ടുപോയി എന്ന് ഈ ഖുർആൻ വചനം സൂചിപ്പിക്കുന്നു. മൂസാ നബി(അ) വടിയെറിയുമ്പോൾ അദ്ദേഹത്തിന് സ്വന്തമായി മാന്ത്രികരുടെ വശ്യമേധാശക്തിയെ അതിലംഘിക്കാൻ സാധിച്ചിട്ടില്ലായിരുന്നു എന്ന വസ്തുത ഇതിലടങ്ങിയിരിക്കുന്നു. ഒരു മാസ്മരികൻ തന്റെ മനോശക്തിക്ക് ഒരാളെ വിധേയനാക്കി കീഴ്പ്പെടുത്തുന്നതിൽ വിജയിച്ചാൽ മനശ്ശാസ്ത്രപരമായി അയാളുടെ മേധാശക്തിയെ തകർക്കാൻ വിധേയനായവന് കഴിയില്ല. മൂസാനബി(അ)ക്ക് തന്റെ ഇച്ഛാശക്തിക്കൊണ്ട് മാന്ത്രികരുടെ മനോമേധാശക്തിയെ അതിജയിക്കാൻ സാധ്യമായിരുന്നില്ല.

മുഴുവൻ സംഭവങ്ങളുടേയും ഈയൊരു വശമാണ് അതിനെ ഒരു ദിവ്യാത്ഭുതമാക്കി മാറ്റുന്നത്. ശക്തമായ ഇച്ഛാശക്തിയുള്ള ഒരാൾക്ക് നേരിട്ട് തന്നെ മാന്ത്രികരുടെ ശ്രമങ്ങളെ നിർവീര്യമാക്കാൻ സാധിക്കുന്നതാണ്. ഇത് സംബന്ധിച്ച് മറ്റാരേക്കാളും വിധി പറയാൻ യോഗ്യർ മാന്ത്രികർ തന്നെയാണ്. മൂസാനബി(അ)യുടെ പക്ഷത്ത് നിന്നുകൊണ്ട് ദൈവത്തിന്റെ കരങ്ങളാണ് പ്രവർത്തിച്ചതെന്ന യാഥാർത്ഥ്യത്തെപ്പറ്റി മറ്റാരേക്കാളും നന്നായി വിധി പറയാൻ യോഗ്യർ മാന്ത്രികർ തന്നെയാണ്. മറ്റെല്ലാ പ്രേക്ഷകരെയും പോലെ മൂസാനബി(അ)യും അവരുടെ മായാവശീകരണത്തിന് വിധേയനായി എന്ന വസ്തുത മാന്ത്രികർ സാക്ഷ്യം വഹിച്ചതാണ്. പിന്നെയെങ്ങനെ മൂസാനബി(അ) മനസ്സ് സ്വന്തമായും അപ്രകാരം കൂടിയിരുന്ന പ്രേക്ഷകരുടെ മനസ്സും മാന്ത്രികരുടെ വശ്യമേധാശക്തിയിൽ നിന്നും മോചിപ്പിക്കപ്പെട്ടു! സാന്ദർഭികമായി മാന്ത്രികവിദ്യയുടെ മായിക നിഗൂഢതയും ഇവിടെ മറനീക്കപ്പെടുകയാണ്. കയറിൽ നിന്നും വടിയിൽ നിന്നും മാന്ത്രികർ പടച്ചുവിട്ട സർപ്പങ്ങൾ യഥാർത്ഥ സർപ്പങ്ങളല്ലായിരുന്നു. അതെല്ലാം അവരുടെ മനശ്ശക്തിയാൽ സൃഷ്ടിക്കപ്പെട്ട മതിഭ്രമങ്ങളായിരുന്നു.

**(വിവ. ഏ.എം.)**

(തുടരും)

●

# സത്യം ചെയ്യരുത്

നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും (ഒന്നും) നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പുചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണമയനുമാകുന്നു. (24:23)

**അഭിമുഖം**

# മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായുള്ള അഭിമുഖം



**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഭാരതിന്റെ നാസിർ ഇസ്‌ലാഹോ ഇർശാദ് ആയി നിയമിതനായ മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായി 'സത്യദൂതൻ' പ്രതിനിധി നടത്തിയ അഭിമുഖം. ബഹുഭാഷാപണ്ഡിതനും ഖുർആൻ ഭാഷ്യകാരനും അദ്ധ്യാപകനും, എഴുത്തുകാരനും ദീർഘകാലം അഹ്മദിയ്യാ മിഷനറിയുമായി പ്രവർത്തിച്ച മൗലാനാ സാഹിബ് ഫലസ്തീൻ, ശ്രീലങ്ക മുതലായ വിദേശരാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്തിന് വേണ്ടി പ്രവർത്തിക്കുകയും നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. പരിണത പ്രജ്ഞനും ത്യാഗധനനുമായ മൗലവി സാഹിബ് തന്റെ വൈയക്തികവും മതപരവും സാമൂഹികവുമായ അനുഭവങ്ങളും വീക്ഷണങ്ങളും അഭിമുഖത്തിൽ വിവരിക്കുന്നു.**

***ചോദ്യം: കേരളത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഈറ്റില്ലമായ കണ്ണൂരിലാണല്ലോ താങ്കളുടെ ജനനം. താങ്കളുടെ കുടുംബപശ്ചാത്തലവും കുട്ടിക്കാലവും വിവരിക്കാമോ?***

= കേരളത്തിൽ അഹ്മദിയ്യത്ത് സ്വീകരിച്ച ഒരു കുടുംബത്തിന്റെ മൂന്നാം തലമുറയിലാണ് ഞാൻ ജനിച്ചത്. എന്റെ മാതൃപിതാവിന്നാണ് ആദ്യമായി അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള ഭാഗ്യം ലഭിച്ചത്. 1924ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ലണ്ടനിലേക്കുള്ള യാത്രമദ്ധ്യേ ബോംബയിൽ ചില ദിവസങ്ങൾ തങ്ങുകയുണ്ടായി. അപ്പോഴാണ് അദ്ദേഹം ഹുസൂർ തിരുമനസ്സിന്റെ കൈയ്യിൽ നേരിട്ടു ബൈഅത്ത് ചെയ്തത്.

1934 ഏപ്രിൽ 25നാണ് ഞാൻ ജനിച്ചത്. ബോംബെയിൽ വ്യാപാരിയായിരുന്നു എന്റെ പിതാവ് ഇബ്രാഹിം. മാതാവ് ഹലീമ. എന്റെ മൂത്തമ്മയുടെ മകൻ സൈനുൽ ആബ്ദീൻ സാഹിബിനും ചെറിയ അമ്മാവൻ പി. മുഹമ്മദ് സാഹിബിനും ഇന്തോ-പാക് വിഭജനാവസരത്തിൽ ഖാദിയാന്റെ സംരക്ഷണാർത്ഥം ചില മാസങ്ങൾ അവിടെ ചിലവഴിക്കാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. ഇതൊക്കെയാണ് എന്റെ അഹ്മദിയ്യാ പാരമ്പര്യവും പശ്ചാത്തലവും. എന്റെ ഭാര്യയുടെ പേർ അമത്തുൽ ഹഫീസ്. നാല് പെൺമക്കളാണ്. അമത്തുൽ വഹീദ്, അമത്തുൽ റശീദ്, അമത്തുൽ ബുശ്റ, അമത്തുൽ നയീം. നാലു പേരും വിവാഹിതരാണ്.

***താങ്കളുടെ ബാല്യകാലത്ത് കേരളത്തിലെ അഹ്മദിയ്യത്തിന്റെ അവസ്ഥയെന്തായിരുന്നു?***

= ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ് എന്റെ കുട്ടിക്കാലത്തുള്ള കേരളത്തിലെ മുസ്‌ലിം സാമൂഹികാവസ്ഥ അങ്ങേയറ്റം യാഥാസ്ഥിതികമായിരുന്നു. അതിന് നടുവിലായിരുന്നു അഹ്മദിയ്യാ ജമാഅത്ത് കഴിഞ്ഞുവന്നത്. മുസ്‌ലിം സമൂഹത്തിന്റെ ഒറ്റപ്പെടുത്തലും ബഹിഷ്കരണവും കാരണം മുഖ്യധാരയിൽ നിന്നും അകന്നുമാറിക്കൊണ്ടായി

രുന്നു അഹ്മദിയ്യാ ജമാഅത്ത് നിലകൊണ്ടിരുന്നത്. ഇന്നും സ്ഥിതി മാറിയിട്ടില്ല. എങ്കിലും കേരളത്തിലെ മുസ്‌ലിം ധൈഷണിക ലോകത്ത് സ്വാധീനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന അനിഷേധ്യമായൊരു ശക്തിയായി നിൽക്കാൻ അഹ്മദിയ്യത്തിന് കഴിഞ്ഞു. സാത്വികതയിൽ ഉയർന്ന വരും ത്യാഗികളും പ്രതിഭാശാലികളുമായ അഹ്മദീ പണ്ഡിതന്മാരെക്കൊണ്ട് സമ്പന്നമായിരുന്നു അക്കാലം. എന്റെ ബാല്യകാലത്ത് അഹ്മദികൾ സാമ്പത്തികമായി വളരെ അവശനിലയിലായിരുന്നു. ജീവിതത്തിന്റെ എളിമയിലും, ലാളിത്യത്തിലും കടുത്ത പ്രതികൂലാവസ്ഥയിലും അവർ പുലർത്തിയ ഉജ്ജ്വല ജീവിത മാതൃകയാണ് പിൽക്കാലത്ത് കേരളത്തിലെ അഹ്മദിയ്യത്തിന്റെ വളർച്ചക്ക് സഹായകമായതെന്ന് ഞാൻ കരുതുന്നു. കഷ്ടപ്പാടിന്റെയും അരിഷ്ടതയുടെയും അക്കാലത്ത് അഹ്മദികൾ തമ്മിലുള്ളിലുള്ള സ്നേഹം എനിക്കു മറക്കാൻ കഴിയാത്ത ഒരു ഗൃഹാതുര സ്മരണയാണ്.

***താങ്കളുടെ വിദ്യാർത്ഥി ജീവിതം വിവരിക്കാമോ?***

= അഹ്മദിയായ കാരണത്താൽ എവിടെയും അസ്പർശ്യതയുടെ അലിഖിതനിയമം എന്റെ ബാല്യകാല ജീവിതത്തെ ചൂഴ്ന്നുനിന്നിരുന്നു. അങ്ങനെ ഒരുതരം ഏകാന്തത എന്റെ ബാല്യകാലത്തെ വലയം ചെയ്തുനിന്നിരുന്നു. ചുരുക്കം ആത്മസുഹൃത്തുക്കളേ എനിക്കുണ്ടായിരുന്നുള്ളൂ. വിദ്യാർത്ഥിയായിരിക്കുമ്പോൾ പലപ്പോഴും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുള്ള വിവാദപ്പോരുകൾ എന്റെ സഹപാഠികളുമായി നടത്തേണ്ടി വന്നിട്ടുണ്ട്. കണ്ണൂർ സിറ്റിയിലും ചൊവ്വാ ഹൈസ്കൂളിലുമാണ് ഞാൻ പഠിച്ചത്. അവിടെ വെച്ച് എസ്.എസ്.എൽ.സി. പൂർത്തിയാക്കാൻ എനിക്ക് സാധിച്ചില്ല. പിന്നീട് ഖാദിയാനിൽ ചെന്ന് ഓണേഴ്സ് ഇൻ അറബിക് ഡിഗ്രിയോടൊപ്പമാണ് എസ്.എസ്.എൽ.സി. പ്രൈവറ്റായി എഴുതി പാസ്സായത്. വിദ്യാർത്ഥി ജീവിതകാലത്തെ സാഹിത്യപ്രവർത്തനങ്ങളെപ്പറ്റി ഞാനോർക്കുന്നു. 'മുനവ്വറുൽ ഇസ്‌ലാം സാഹിത്യസമാജം' എന്ന പേരിൽ ഒരു പ്രസംഗ പരിശീലന ക്ലാസ് ഞങ്ങൾ നടത്തിയിരുന്നു. എല്ലാ വെള്ളിയാഴ്ചയും അസറിന് ശേഷം മുസ്‌ലിം സ്റ്റുഡൻസ് ഫെഡറേഷന്റെ ഹാളിൽ ഈ സാഹിത്യസമ്മേളനം കൂടുമായിരുന്നു. 'വിജ്ഞാന കിരണം' എന്ന പേരിൽ ഒരു കയ്യെഴുത്തുമാസികയും ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഈ സമാജത്തിന്റെ പ്രസിഡണ്ട് ഒരു വിദ്യാർത്ഥി നേതാവായിരുന്ന ഇ. മുസ്തഫ സാഹിബും വൈസ് പ്രസിഡണ്ട് ഈ വിനീതനും ജനറൽ സെക്രട്ടറി ഇപ്പോഴത്തെ കേന്ദ്ര വിദേശ കാര്യ സഹമന്ത്രി ഇ. അഹ്മദ് സാഹിബുമായിരുന്നു. ജ. എൻ. അബ്ദുറഹിം സാഹിബിന്റെ സജീവസാന്നിദ്ധ്യവും സമാജത്തിനുണ്ടായിരുന്നു.

***മതപഠനം തിരഞ്ഞെടുക്കാനുണ്ടായ പ്രത്യേക കാരണം?***

= 1954ൽ എന്റെ അമ്മാവന്റെ കൂടെ കൽക്കത്തയിൽ ജോലിയാവശ്യാർത്ഥം പോയിരുന്നപ്പോൾ അവിടുത്തെ മുബല്ലിഗ് മൗലാനാ മുഹമ്മദ് സലിം സാഹിബിന്റെ സാമീപ്യം എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ പ്രഭാവിതനായ ഞാൻ ഒരു മുബല്ലിഗായിത്തീരണമെന്ന് നിശ്ചയിച്ചുറച്ചു. ഇതായിരുന്നു എന്റെ ഒരു പ്രചോദനം. 1954ലെ ജൽസാ സാലാനയിൽ മൗലാനാ സാഹിബിനോടൊപ്പം ഞാൻ ഖാദിയാനിലേക്ക് തിരിച്ചു.

***വിഭജനത്തിന്റെ തൊട്ടടുത്ത വർഷങ്ങളിലാണ് അതിർത്തി പ്രദേശമായ പഞ്ചാബിലെ ഖാദിയാനിൽ താങ്കൾ എത്തുന്നത്. ഖാദിയാനിലെ വിദ്യാർത്ഥി ജീവിതം ഒന്ന് വിവരിക്കാമോ?***

= വിഭജനത്തിന്റെ മുറിവുകൾ ഉണങ്ങി ഖാദിയാനും പരിസരപ്രദേശങ്ങളും പുതിയൊരു ജീവിതത്തിലേക്ക് പ്രയാണമാരംഭിച്ച കാലത്താണ് ഞാൻ അവിടെ വിദ്യാർത്ഥിയായെത്തുന്നത്. വിഭജനത്തിനു ശേഷം 1953 -ലാണ് മദ്രസ്സാ അഹ്മദിയ്യാ പുനഃസ്ഥാപിതമായത്. തൊട്ടടുത്ത വർഷത്തിലാണ് ഞാനവിടെയെത്തുന്നത്. എനിക്കാണെങ്കിൽ ഉർദു തീരെ വശമില്ലായിരുന്നു. അത് കാരണം മദ്രസാ പ്രവേശനത്തിന് വളരെ പ്രയാസപ്പെടേണ്ടി വന്നു. എന്റെ കൂടെ ഒരു ഒറീസ്സക്കാരനും ഹൈദരാബാദുകാരനും മാത്രമായിരുന്നു സഹപാഠികളായുണ്ടായിരുന്നത്. മദ്രസ്സാ അഹ്മദിയ്യയിൽ വിദ്യാർത്ഥികൾക്ക് താമസിക്കുവാൻ പ്രത്യേക ബോർഡിങ്ങ് ഹൗസ് ഉണ്ടായിരുന്നു. അന്ന് അവിടുത്തെ സൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. ഒരു ഹാളിൽ ഓരോ കട്ടിലും അലമാരയുമായിരുന്നു ഓരോ വിദ്യാർ ത്ഥിക്കും നൽകപ്പെട്ടിരുന്നത്. വറുതിയുടേയും അരിഷ്ടതയുടെയും മദ്ധ്യേ അക്കാലത്തെ വിദ്യാർത്ഥി ജീവിതം ഇന്നത്തേതിനെ അപേക്ഷിച്ച് ഊഹിക്കാൻപോലും പറ്റാത്തവിധം പ്രയാസമേറിയതായിരുന്നു. രാവിലെയും വൈകുന്നേരവും ഈരണ്ടു റൊട്ടിയും അല്പം ദാലുമായിരുന്നു ഭക്ഷണം. ഉച്ചക്ക് മുഴുപ്പട്ടിണിയും.

അക്കാലത്തുണ്ടായ രസകരമായ ഒരനുഭവം ഞാനോർക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് തികച്ചും ഒരു ആത്മീയ ജമാഅത്താണ്. രാഷ്ട്രീയമായി അതിന് പ്രത്യേകിച്ച് യാതൊരു താല്പര്യവുമില്ല. വിശ്വാസ സ്വാതന്ത്ര്യമനുവദിക്കുന്ന ഭരണകൂടത്തോട് അങ്ങേയറ്റത്തെ കൂറും വിശ്വസ്തതയും പുലർത്തും എന്നതാണ് അഹ്മദിയ്യത്തിന്റെ നയം. വിഭജനം കഴിഞ്ഞതിനുശേഷം കേന്ദ്രസംസ്ഥാന ജില്ലാ ഭരണകൂടങ്ങളുടെ രഹസ്യപ്പോലീസുകാർ അതിർത്തിപ്രദേശത്തെ ഖാദിയാനെയും അവരുടെ സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കിയിരുന്നു. ഖാദിയാനിലേക്ക് വരുന്ന ഓരോരുത്തരുടേയും തപ്പാൽഉരുപ്പടിയും അവർ പരിശോധിച്ചു. ഒരിക്കൽ പാകിസ്താനിലെ ഒരു ഇന്തോനേഷ്യൻ സുഹൃത്തിന് ഞാനയച്ച കത്തിൽ I have received your P.C. എന്നെഴുതിയിരുന്നു. കത്ത് പോസ്റ്റ് ചെയ്ത പിറ്റേന്ന് രണ്ട് സി.ഐ.ഡി. ഉദ്യോഗസ്ഥന്മാർ എന്നെ

തിരക്കി ബോർഡിങ്ങ് ഹൗസിൽ വന്നു. പി.സി. എന്ന കോഡ് വേർഡിന്റെ ഉദ്ദേശമെന്താണെന്ന് ആരാഞ്ഞു. താങ്കൾക്ക് ലഭിച്ച ആ പി.സി. എവിടെ എന്നും ചോദിച്ചു. 'Post Card' ന്റെ ചുരുക്കെഴുത്താണ് പി.സി. എന്ന് ഞാന വരെ അറിയിച്ചു. അവർക്ക് എന്റെ സുഹൃത്ത് അയച്ച ആ കത്ത് കാണിച്ചുകൊടുക്കുകയും ചെയ്തു. ഒരിക്കൽ അപരിചിതനായ സിക്കുകാരൻ വഴിയിൽ വെച്ച് എന്നെ കണ്ടു. നിങ്ങൾ കണ്ണൂർ സ്വദേശിയാണേല്ലോ. പിതാവിന്റെ പേര് ഇന്നതാണല്ലോ. മദ്രസാ അഹ്മദിയ്യയിൽ ഭാഷപരിചയമില്ലാത്തത് കൊണ്ട് വിഷമമുണ്ടോ എന്നെല്ലാം ചോദിക്കുകയുണ്ടായി. തീരെ അപരിചിതനായ ഒരന്യനാട്ടുകാരനിൽ നിന്ന് എന്റെ വ്യക്തിപരമായ സൂക്ഷ്മവിവരങ്ങളെപ്പറ്റിയുള്ള അന്വേഷണങ്ങൾ കേട്ട ഞാൻ അത്ഭുതപരതന്ത്രനായി നിന്നുപോയി. പിന്നീടാണ് ഞാനറിഞ്ഞത് അയാളൊരു രഹസ്യപോലീസുകാരനാണെന്ന്.

***താങ്കൾ ഖാദിയാനിലെത്തിയപ്പോൾ അവിടെ മസീഹ് മൗദിന്റെ (ഹദ്റത്ത് അഹ്മദ് (അ)) സഹാബിമാരും ദർവേശുകളും ഉണ്ടായിരുന്നുവല്ലോ. അവരെപ്പറ്റിയും അവരുമായുള്ള അനുഭവങ്ങളെക്കുറിച്ചും ചുരുക്കി വിവരിക്കാമോ?***

= ഞാൻ ഖാദിയാനിൽ പോയപ്പോൾ ഒരു സ്വർഗ്ഗീയ കാലഘട്ടത്തിലെ തിരുശേഷിപ്പുകൾപ്പോലെ മാലാഖമാരെപ്പോലെ പരിശുദ്ധരായ മഹാത്മാക്കൾ ഖാദിയാനിലുണ്ടായിരുന്നു. വാഗ്ദത്ത മഹ്ദിയുടെ സാന്നിദ്ധ്യമനുഭവിച്ച സഹാബിവര്യന്മാരുടെ ദർശനവും അവരുമായുള്ള ഇടപെടലുകളും എളിയവനായ എന്റെ ജീവിതത്തിലെ ഏറ്റവും അമൂല്യമായ ഒരനുഭവമായി ഞാൻ കരുതുന്നു. അവിസ്മരണീയനായ മൗലാന 'അബ്ദുറഹ്മാൻ സാഹിബ്' അമീർ, ജമാഅത്ത് ഖാദിയാൻ, ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനി എന്നിവരുടെ അനുഗൃഹീത കരസ്പർശനങ്ങളും സ്നേഹമൊഴികളും കൊണ്ടും ഞാൻ പലപ്പോഴും ധന്യനായിട്ടുണ്ട്. ഖാദിയാന്റെ അമീറായിരുന്ന മൗലാനാ അബ്ദുറഹ്മാൻ സാഹിബ് വളരെ പ്രൗഢിയും, ഗൗരവപ്രകൃതിയുമുള്ള ഒരനുഗൃഹീത വ്യക്തിത്വമായിരുന്നു. മദ്രസയിലെ കുട്ടികളെ പുത്രനിർവിശേഷം സ്നേഹിച്ചിരുന്നു. ഒരിക്കൽ ഖാദിയാനിലെ ജൽസാ സാലാനയിൽ ഞാൻ പ്രസംഗിച്ചു തീർന്നപ്പോൾ സ്റ്റേജിൽ വെച്ച് തന്നെ എന്നെ ആശ്ലേഷിച്ചു നിറുകയിൽ ചുംബിച്ച രംഗം ഞാനിപ്പോഴും ഓർക്കുന്നു. അന്ന് ഞാൻ ഹൈദരാബാദിൽ മുബല്ലിഗായിരുന്നു. അതുപോലെ വാഗ്ദത്ത മസീഹുമായി വളരെ അടുത്ത സഹാബിയായിരുന്നു ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി (റ). എന്നെ തന്റെ മകനായി ഗണിച്ച് വാത്സല്യപൂർവ്വം പെരുമാറിയിരുന്നു. ഒരിക്കൽ ഞാൻ മദ്രസ അഹ്മദിയ്യയിലെ ബോർഡിംഗിൽ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഹദ്റത്ത് ഭായിജി ബോർഡിംഗിന്നു പുറത്ത് കുറേനേരം നിന്നുകൊണ്ട് എന്റെ ഖുർആൻ പാരായണം ശ്രവിച്ചുകൊണ്ടിരുന്നു. പിന്നിടുബോർഡിങ്ങിന്ന കത്ത് വന്നു ആരാണിപ്പോൾ ഖുർആൻ ഓതിയിരുന്നതെന്നു ചോദിച്ചപ്പോൾ ഞാനാണ് എന്നു മറുപടി പറഞ്ഞു. അദ്ദേഹം എന്റെ കട്ടിലിൽ ഇരുന്നുകൊണ്ട്: 'എനിക്കു അബ്ദുൽ മാലിക് എന്ന ഒരു മകനുണ്ടായിരുന്നു. അവന്റെ തിലാവത്ത് നിന്റെ തിലാവത്ത് പോലെയുണ്ട്. നീ ദിവസവും രാവിലെ എന്റെ വീട്ടിൽ വന്നു കുറച്ചുനേരം ഖുർആൻ ഓതിക്കേൾപ്പിക്കണം. എന്റെ കണ്ണുകൾക്ക് തീരെ കാഴ്ചയില്ലാത്തതിനാൽ എനിക്ക് ഓതാൻ വിഷമമാണ്' എന്ന് പറഞ്ഞു. അദ്ദേഹവും വന്ദ്യരായ ഭാര്യയും എന്റെയടുക്കേ ഇരുന്ന് തിലാവത്ത് ശ്രദ്ധിച്ചുകൊണ്ടിരുന്നു. അതിന്നുശേഷം അവർ സ്വയം ചായയും റസ്ക്കും തയ്യാർ ചെയ്തുതന്നിരുന്നു. പലപ്പോഴും അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദുമായി ബന്ധപ്പെട്ട പല സംഭവങ്ങളും വിവരിച്ചുതരാറുണ്ടായിരുന്നു. 1961ൽ ജൽസയിൽ പങ്കെടുക്കാൻ പാകിസ്താനിൽ ഹദ്റത്ത് ഭായിജിയുടെ ആഗ്രഹമനുസരിച്ച് ഞാനും കൂടെ പോയിരുന്നു. ആ യാത്രയിലായിരുന്നു പാകിസ്താനിൽ വെച്ച് അദ്ദേഹത്തിന്റെ വഫാത്തുണ്ടായത്. അപ്രകാരം ഖലീഫത്തുൽ മസീഹ് രണ്ടാമനും മൂന്നാമനുമായി മുലാഖാത്ത് നടത്താൻ എനിക്കായിട്ടുണ്ട്. പാകിസ്താനിലെ റബ്വയിൽ പോയി അവരെ കാണാനും കരം ഗ്രഹിച്ച് ചുംബിക്കാനും എനിക്ക് ഭാഗ്യം ലഭിച്ചു.

***കേരളത്തിലെ യശ്ശഃശരീരനായ മുബല്ലിഗ് ഹദ്റത്ത് മൗലാനാ അബ്ദുല്ലാസാഹിബ് എച്ച്.എ.യുമായുള്ള താങ്കളുടെ ബന്ധം?***

= ഹദ്റത്ത് മൗലവി സാഹിബ് കേരളത്തിലെ അഹ്മദികളുടേയും അനഹ്മദികളുടേയും ആദരം പിടിച്ചുപറ്റിയ ഒരതുല്യപ്രതിഭാശാലിയായിരുന്നു. തന്റെ സാത്വികജീവിതവും വിജ്ഞാനവൈഭവവും കൊണ്ട് കേരളത്തിലെ മുസ്ലിം സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമായി അദ്ദേഹം മാറിയിരുന്നു. എന്റെ ചെറുപ്പകാലം തൊട്ടേ മൗലാനാ സാഹിബുമായി എനിക്ക് ബന്ധപ്പെടുവാൻ സാധിച്ചു. അദ്ദേഹം പുത്രനിർവിശേഷം എന്നെ സ്നേഹിച്ചിരുന്നു. 1954ൽ ഖാദിയാനിൽ ജൽസയിൽ പങ്കെടുക്കാൻ വന്ന അദ്ദേഹം ഞാൻ മദ്രസ്സയിൽ പഠിക്കാൻ വന്നതാണെന്നറിഞ്ഞപ്പോൾ അതിരറ്റു സന്തോഷിച്ചു. മുബല്ലിഗ് ആവാ ൻ വേണ്ടി പഠിക്കുന്ന എനിക്ക് അദ്ദേഹം വിലപ്പെട്ട പല ഉപദേശങ്ങളും നൽകി. ഇക്കാലത്തെ ഉലമാക്കന്മാരെക്കുറിച്ച് അവർ തഖ്വയില്ലാത്ത തന്ത്രശാലികളും കൗശലക്കാരും 'ബാൽകീ ഖാൽ ഉതാർനെ വാലെ' (മുടിയുടെ തോലുരിക്കുന്നവരും) ആണെന്നും പറഞ്ഞു. ഞാൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ മൗലാനാ സാഹിബുമായി കത്തിടപാടുകൾ നടത്തി എന്റെ പല സംശയങ്ങളും ദുരീകരിച്ചിരുന്നു.

***ജാമിഅ അഹ്മദിയ്യായിൽ അദ്ധ്യാപകനായി താങ്കൾ സേവനമനുഷ്ഠിച്ചിരുന്നുവല്ലോ? എങ്ങനെയായിരുന്നു അദ്ധ്യാപകജീവിതം?***

= ഞാൻ ഗ്രഹിച്ച വിജ്ഞാനങ്ങൾ പുതിയ തലമു

റക്ക് പഠിപ്പിച്ചുകൊടുക്കാൻ അല്ലാഹു അവസരം തന്നത് ഒരു ഭാഗ്യമായി കരുതുന്നു. എന്റെ ശിഷ്യന്മാരിൽ പലരും ദീനീരംഗത്ത് സേവനനിരതരാണ്. പലരും ജമാഅത്തിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ട്.

***ഖലീഫത്തുൽ മസീഹ് റാബിഅ് ഹദ്റത്ത് മിർസാത്വാഹിർ അഹ്മദ് (റഹ്)മായുള്ള താങ്കളുടെ ബന്ധം വിവരിക്കാമോ?***

= അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹ: ഖലീഫത്തുൽ മസീഹ് റാബിഉമായി ഈ വിനീതന്നു അടുത്ത ബന്ധമുണ്ടായിരുന്നു. 1989ലും 1999ലും ലണ്ടൻ സന്ദർശിച്ചപ്പോൾ വിനീതന്ന് ഹുസുറുമായി മുലാഖാത്തു ചെയ്യുവാനും പല മാർഗ്ഗനിർദ്ദേശങ്ങളും നേരിട്ടു ലഭിക്കുവാനും ഉള്ള ഭാഗ്യം ലഭിച്ചു. സുദീർഘകാലം ഹുസൂറുമായി കത്തിടപാടു നടത്താനുള്ള സൗഭാഗ്യം ലഭിച്ചു. എന്റെ കത്തു കിട്ടിയാൽ ഉടനെ മറുപടി അയക്കുവാൻ ഓഫീസിന്ന് താൻ നിർദ്ദേശം നൽകിയതായി ഹുസൂർ ഒരു കത്തിൽ വ്യക്തമാക്കുകയുണ്ടായി.

1970-ൽ ഞാൻ തമിഴ്നാടു മുബല്ലിഗ് ഇൻചാർജ്ജായി സ്ഥാനം ഏറ്റെടുത്തതു മുതൽ 1990ൽ കേരളത്തിൽ മുബല്ലിഗ് ഇൻ ചാർജ്ജായി വരുന്നതുവരെ സുദീർഘമായ 20 വർഷക്കാലം കാലത്തിന്റെ ഖലീഫയുടെ ഖുത്ബാ പ്രഭാഷണം തമിഴിൽ ഭാഷാന്തരം ചെയ്തു ജമാഅത്തുകളെ കേൾപ്പിച്ചുകൊണ്ടിരുന്നു. അതിന്നുശേഷം 1990 മുതൽ 2000 വരെ കേരളത്തിൽ ഹുസൂറിന്റെ ഖുത്വബ്യിൽ ഓരോ ആഴ്ചയും മലയാളത്തിൽ വിവർത്തനം ചെയ്തു സ്റ്റേറ്റു ഖുദ്ദാറുൽ അഹ്മദിയ്യ കേരളത്തിലെ എല്ലാ ജമാഅത്തുകളിലും എത്തിച്ചുകൊണ്ടിരുന്നു. ഇത് സംബന്ധിച്ചു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് IV 1991 സപ്തംബർ 6-ാം തിയതി നോർവേയിലെ ഓസ്‌ലോ ജമാഅത്തിൽ 'മസ്ജിദുനൂറിൽ' ചെയ്ത ഖുത്ബ, പ്രഭാഷണത്തിൽ പറയുന്നു.

'ചില ജമാഅത്തുകളുണ്ട്. അവിടെ ഒരേ ഒരാൾ എല്ലാ ഭാരങ്ങളും തനിച്ചു എടുക്കുകയും തർജ്ജമ ചെയ്തുകൊണ്ട് അധികമായി പ്രചരിപ്പിക്കുകയും ചെയ്യുന്നു. അത്തരം ജമാഅത്തുകളിലെ നിലവാരം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദൈനംദിനം പുരോഗതി പ്രാപിച്ചു വരുന്നു. സൗത്ത് ഇന്ത്യയിൽ ഉർദു അറിയാത്ത നമ്മുടെ ജമാഅത്തുകളുണ്ട്. അവിടെ നമ്മുടെ മൗലവി മുഹമ്മദ് ഉമർ സാഹിബ് മുബല്ലിഗിന്ന് അല്ലാഹു ഒരു ഉന്മാദം തന്നെ ഉണ്ടാക്കിയിരിക്കുകയാണ്. ഇവിടെ ശബ്ദം കാതിൽ പതിഞ്ഞതും ഉടനെ അതിന്റെ തർജ്ജമ ചെയ്തു മുഴുവൻ ജമാഅത്തുകളിലും എത്തിക്കുന്നു. അവിടുന്നു ജമാഅത്തുകളിൽ നിന്നു വരുന്ന കത്തുകളിൽ നിന്നും അവർ നമ്മോടൊപ്പമാണെന്നു മനസ്സിലാവുന്നു. അവർക്ക് ആഫ്രിക്കയെപ്പറ്റിയും അമേരിക്കയെപ്പറ്റിയും ചൈനയെപ്പറ്റിയും ജപ്പാനെപ്പറ്റിയും ജമാഅത്തിന്റെ എല്ലാ പ്രശ്നങ്ങളെപ്പറ്റിയുമുള്ള അറിവുണ്ട്. അവരുടെ കണ്ണുകളിൽ പ്രകാശമുണ്ട്. എന്നോടു മുഖാമുഖം സംസാരിക്കുന്ന പ്രതീതിയാണുള്ളത്. എന്നാൽ ഖുത്ബകൾ എത്താത്ത സ്ഥലങ്ങളിലുള്ള ചെറുപ്പക്കാരും കുട്ടികളും ജമാഅത്തിൽ നിന്നും വേർപെട്ട നിലയിലാണുള്ളത്? (ഖുത്ബ 6-9-1991).

***ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ താങ്കൾ മിഷനറിയായി സേവനമനുഷ്ഠിച്ചിരുന്നുവല്ലോ?***

= ഇന്ത്യയിൽ ആന്ധ്രപ്രദേശ്, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ മുബല്ലിഗായി പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. ജമാഅത്തിന്റെ പ്രത്യേകമായ ആത്മീയ സ്പർശമുള്ള സ്നേഹവും സഹകരണവും എനിക്ക് എല്ലായിടത്തുനിന്നും ലഭിച്ചിട്ടുണ്ട്. കന്യാകുമാരി മുതൽ കാശ്മീർ വരെ വ്യാപിച്ചുകിടക്കുന്ന ജമാഅത്തുകൾ സന്ദർശിക്കാനും അവിടങ്ങളിലെല്ലാം ജമാഅത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ എളിയ തോതിൽ ഭാഗഭാക്കാവാനും എനിക്കു ഭാഗ്യം ലഭിച്ചു എന്നത് എന്റെ ജീവിതസാഫല്യമായി ഞാൻ കാണുന്നു. അവിടങ്ങളിലെല്ലാമുള്ള അഹ്മദികളുമായി ഗാഢമായ ഹൃദയബന്ധം സ്ഥാപിക്കാനും കഴിഞ്ഞു എന്നത് അല്ലാഹു എനിക്കു നൽകിയ ഭാഗ്യമാണ്.

***ഫലസ്തീനിലും താങ്കൾ മിഷനറിയായി പ്രവർത്തിച്ചിരുന്നുവല്ലോ. അവിടുത്തെ അനുഭവം?***

= 1999-ലാണ് ഞാൻ ഫലസ്തീനിലെ കബാബീറിൽ മുബല്ലിഗായി നിയമിതനായത്. സെമിറ്റിക്ക് മതങ്ങളുടെ ചരിത്രഭൂമിയായ ഫലസ്തീനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വളരെ സജീവമാണ്. അറബികളെസ്സംബന്ധിച്ച് എനിക്ക് ചില മുൻധാരണകളുണ്ടായിരുന്നു. അനറബികളോട് വളരെ പുച്ഛവും അവജ്ഞയും കലർന്ന രീതിയിലാണ് അവരുടെ പെരുമാറ്റമെന്നും ഞാൻ കേട്ടിരുന്നു. അതുകൊണ്ട് ഫലസ്തീനിലെ പുതിയ ദൗത്യം എന്നിൽ ഒരുൾഭയം സൃഷ്ടിച്ചു. എങ്കിലും കാലത്തിന്റെ ഖലീഫയുടെ നിയമനത്തിന് ദൈവഹസ്തങ്ങളുടെ പിൻബലമുണ്ടെന്ന വിശ്വാസം എനിക്ക് ആത്മവിശ്വാസം പകർന്നു. ഇസ്രയേൽ സ്റ്റേറ്റിൽപെട്ട ഫലസ്തീൻ തലസ്ഥാനമായ ടെൽ അവീവിൽ വിമാനമിറങ്ങി. പുറത്ത് വന്നപ്പോൾ സ്റ്റേറ്റ് അമീറിന്റെയും ലജ്നാ പ്രസിഡണ്ടിന്റെയും നേതൃത്വത്തിൽ ധാരാളം പുരുഷന്മാരും സ്ത്രീകളും ഞങ്ങളെ സ്വീകരിക്കാനെത്തിയിരുന്നു. ആ അറബ് അഹ്മദി സഹോദരന്മാർ എന്റെയും സ്ത്രീകൾ ഭാര്യയുടെയും മുഖത്തും നെറ്റിയിലും ചുംബിച്ചു ഞങ്ങളെ ഹാർദ്ദമായി സ്വീകരിച്ചു. അഹ്മദി ഹൃദയങ്ങളെ കോർത്തിണക്കിയ ആത്മീയ സൗഭ്രാതൃത്വത്തിന്റെ കണ്ണി എത്ര ശക്തമാണ്! അഹ്മദിയ്യാ ഖിലാഫത്തിന്റെ ബർക്കത്ത് എത്ര അഗാധവും ശക്തവുമാണെന്ന് ഞാൻ അനുഭവിച്ചറിയുകയായിരുന്നു. ടെൽ അവീവിൽ നിന്നും 200 കി. മീ. അകലെ കബാബീറിലാണ് നമ്മുടെ ജമാഅത്തുള്ളത്. നമ്മുടെ അവിടുത്തെ പള്ളി വളരെ ഗംഭീരമാണ്. 2 മണിക്കൂർ യാത്രക്കിടയിൽ എന്റെ എല്ലാ വിവരങ്ങളും

അമീർ സാഹിബ് എന്നിൽ നിന്നും ചോദിച്ചറിഞ്ഞു. അവിടുത്തെ നമ്മുടെ പള്ളി വളരെ വിശാലവും പ്രൗഢഗംഭീരവുമാണ്. അഹ്മദികളുടെ സ്നേഹപ്രകടനങ്ങൾ എന്റെ ആശങ്കകളെയെല്ലാം അകറ്റി. അതോടെ ഹൃദയാത്മനാ ഞാൻ അവരിലൊരാളും അവരുടെ മുബല്ലിഗുമായി. അറബിയിലുള്ള എന്റെ ആദ്യത്തെ ഖുത്ബ കഴിഞ്ഞപ്പോൾ പള്ളിയിലുള്ളവർ മുബാറക്കാബാദ് പറയുവാൻ അരികിൽ വന്ന് ആശ്ലേഷിച്ചുകൊണ്ട് ജയ്യിദു-ജയ്യിദു എന്ന് ഉരുവിടുകയും ചെയ്തു. പിന്നീട് ഒരു വർഷക്കാലം അവിടുത്തെ ജമാഅത്തിന്റെ മുബല്ലിഗ് ആയി ഞാൻ പ്രവർത്തിച്ചു.

***കേരളത്തിലെ പ്രവർത്തനങ്ങളെപ്പറ്റി തിരിഞ്ഞുനോക്കുമ്പോൾ എന്ത് തോന്നുന്നു?***

= കേരളത്തിലെ അനഹ്മദി മുസ്‌ലിം സംഘടനാപ്രവർ ത്തനങ്ങൾ വളരെ ശക്തവും സംഘടിതവുമാണ്. ദീനി വിദ്യാഭ്യാസവും മറ്റു വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടത്തുന്നവരാണ് അവർ. അഹ്മദിയ്യത്തിനെ എതിർക്കുന്ന കാര്യത്തിൽ യാതൊരു തത്ത്വദീക്ഷയുമില്ലാതെ കളവിന്റേയും വ്യാജത്തിന്റെ ഏതറ്റം വരെ പോവാനും അവർക്ക് മടിയില്ല. ഈ മുസ്‌ലിം സംഘടനകൾ പരസ്പരം പോരടിക്കുന്നവരാണ്. പ്രബലമായ രണ്ട് മുസ്‌ലിം മതസംഘടനകൾ പിളർന്നു കഴിഞ്ഞു. പിളർന്നതിനുശേഷം തെരുവിലും പള്ളികളിലും പ്രസംഗവേദികളിലും അവരുടെ പടയൊരുക്കങ്ങളും ഏറ്റുമുട്ടലും കാണുമ്പോൾ സമുദായത്തിന് ഇത്തരമൊരു ഗതി വന്നുപെട്ടതിൽ വേദന തോന്നുന്നു. അഹ്മദിയ്യത്തിലൂടെ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം അവരിൽ എത്രയും വേഗം എത്തിക്കേണ്ടത് ജമാഅത്തിന്റെ കടമാണ്.

കഴിഞ്ഞ 17 വർഷക്കാലം തഅ്ലീം തർബിയത്ത് തബ്ലീഗ് രംഗങ്ങളിൽ എന്നെക്കൊണ്ടാവും വിധം സേവനം നടത്താൻ എനിക്കു കഴിഞ്ഞു. എന്റെ ഭാര്യയും അതുപോലെ 15 വർഷമായി ലജ്ന പ്രസിഡണ്ടായി പ്രവർത്തിച്ചു വരുന്നു. അവരുടെ പ്രവർത്തനങ്ങളേയും സഹായിക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേരളത്തിൽ അഹ്മദിയ്യാ ജമാഅത്ത് ഇന്ന് അവഗണിക്കാനാവാത്ത ശക്തിയായി വളർന്നിരിക്കുന്നു. കേരളത്തിലെ എല്ലാ അഹ്മദി സഹോദരീസഹോദരന്മാരും എന്നോടു ആത്മാർത്ഥമായ രീതിയിൽ സഹകരിച്ചിട്ടുണ്ട്.

***താങ്കൾ കേരളത്തിൽ അവസാനമായി പ്രവർത്തിച്ചത് കോഴിക്കോട്ടായിരുന്നല്ലോ. കോഴിക്കോട്ടെ അനുഭവങ്ങൾ?***

= ഞാൻ ജനിച്ചത് കണ്ണൂരിലാണെങ്കിലും 1954ൽ എന്റെ 20-ാമത്തെ വയസ്സിൽ സ്വദേശം വിട്ട് ഖാദിയാനിലേക്ക് പോകുകയും പഠനാനന്തരം ഇന്ത്യയിലെ വിവിധ സ്റ്റേറ്റുകളിൽ പ്രവർത്തിക്കുകയും 1990ൽ കേരളത്തിലേക്ക് മടങ്ങുകയുമാണല്ലോ ചെയ്തത്. പിന്നീട് എന്റെ തട്ടകം കോഴിക്കോട്ടാണ്. അവിടെ ഒരു വീടും വെച്ച് ഞാൻ സ്ഥിരതാമസക്കാരനാകുകയായിരുന്നു. കേരളത്തിലെ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞത് കോഴിക്കോട്ട് നിന്നാണ്. അഹ്മദിയ്യത്തിന്റേത് മാത്രമല്ല കേരളത്തിലെ മുസ്‌ലിം തലസ്ഥാനമാണ് കോഴിക്കോട്. സംസ്ഥാനത്തെ മുസ്‌ലിം സംഘടനകളുടെ നാടിമിടിപ്പുകൾ കോഴിക്കോട്ടു നിന്നും എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. അവിടെ വളരെ ഊർജ്ജസ്വലമായ ഒരു ജമാഅത്താണുള്ളത്. എല്ലാവരും ഞാനുമായി ആത്മാർത്ഥമായും സ്നേഹപൂർണ്ണമായും സഹകരിച്ചിട്ടുണ്ട്. അവർക്ക് അല്ലാഹു അതിനുള്ള പ്രതിഫലം നൽകുമാറാകട്ടെ.

***കേരളത്തിലെ പൊതുസമൂഹത്തെപ്പറ്റിയുള്ള അഭിപ്രായം?***

= ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മലയാളികൾ പ്രബുദ്ധരാണ്. ഒരു പുതിയ ആശയം പെട്ടെന്ന് സ്വീകരിക്കുന്ന പ്രകൃതമല്ല. പഠിച്ചും, പരീക്ഷിച്ചും, പരിശോധിച്ചും, ഗ്രന്ഥപാരായണം ചെയ്തും കൂലങ്കഷമായ യുക്തിവിചിന്തനങ്ങൾ നടത്തിയും ആശയസംവാദം നടത്തിയും ബുദ്ധിപരമായി ബോദ്ധ്യം വന്നതിന് ശേഷമാണ് അവർ ഒരു ആശയം സ്വീകരിക്കുന്നത്. അഹ്മദിയ്യത്തിലേക്ക് പ്രവേശിക്കുന്നവരിൽ മിക്ക പേരും ഈ രീതി അവലംബിക്കുന്നവരാണ്. എങ്കിലും ബുദ്ധിയെ മാത്രം ആശ്രയിക്കുന്നത് എപ്പോഴും അഭികാമ്യമല്ല. ഇശ്ഖ് (അനുരക്തി)യുടെ ആത്മീയ സ്പർശമില്ലാതെ സത്യം പൂർണമായും ഗ്രഹിക്കാൻ സാധ്യമല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

**അഖൽ അന്ധീഹൈ അഗർ നയ്യിറെ ഇൽഹാം നഹോ**

ദിവ്യവെളിപാടിന്റെ തെളിച്ചമില്ലെങ്കിൽ വെറും ബുദ്ധി അന്ധമാണ്. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞവരിൽ യുക്തിയുടേയും ഭക്തിയുടേയും ഭാവങ്ങൾ പ്രകടമാണ്. ഇത് അനുഗൃഹീതമായ ഒരു കാര്യം തന്നെയാണ്.

***കേരളത്തിലെ അഹ്മദിയ്യത്തിന്റെ ഭാവി?***

= കേരളത്തിൽ അഹ്മദിയ്യത്തിന് തീർച്ചയായും ഒരു ശോഭനമായ ഭാവിയുണ്ട്. പ്രബുദ്ധരായ മലയാളി സമൂഹം അഹ്മദിയ്യത്തിനെ നെഞ്ചിലേറ്റുന്ന ഒരു കാലം സമാഗതമാവുമെന്ന് ഞാൻ കരുതുന്നു. പണ്ഡിതന്മാർ നടത്തുന്ന വ്യാജപ്രചാരണങ്ങൾക്ക് അല്പായുസ്സ് മാത്രമേയുള്ളൂ. അവർ സൃഷ്ടിക്കുന്ന അസത്യത്തിന്റെ ഈ പുകമറ നീങ്ങിയാൽ യഥാർത്ഥ ഇസ്‌ലാം അഹ്മദിയ്യത്ത് ആണെന്ന സത്യം തീർച്ചയായും ആളുകൾക്ക് ബോദ്ധ്യമാവും.

***ലോകം മുഴുവൻ മുസ്‌ലിം തീവ്രവാദം വർദ്ധിച്ചുവരുന്നതായി കാണുന്നു. എന്താണ് ഇതിനുള്ള പരിഹാരം?***

= ശരിയാണ്. ലോകം മുഴുവനും മുസ്‌ലിം തീവ്രവാദം വർധിച്ചിരിക്കുന്നു. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു എന്ന ചിന്താഗതിയുള്ള ഭൗതികവിപ്ലവപ്രസ്ഥാനങ്ങളുടെ സ്വാധീനത്തിൽപ്പെട്ടുകൊണ്ടാണ് മുസ്‌ലിംകൾ തീവ്രവാദത്തിലേക്ക് ആകൃഷ്ടരാവുന്നത്. ഇസ്‌ലാമുമായി ഇതിന് യാതൊരു ബന്ധവുമില്ല. സഹനത്തിന്റേയും ആത്മനിയന്ത്രണത്തിന്റേയും ആത്മീയമാർഗ്ഗമാണ് ഇസ്‌ലാം ഉപദേശിക്കുന്നത്. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെപ്പറ്റിയുള്ള അജ്ഞതയും. തങ്ങൾ ചെയ്യുന്ന പാതകങ്ങൾക്ക് അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടി വരും എന്ന ചിന്തയില്ലായ്മയുമാണ് ഇതിന് കാരണം. ഇസ്‌ലാമിനേയും മുസ്‌ലിംകളേയും നശിപ്പിക്കാൻ കാത്തുനിൽ ക്കുന്ന ശക്തരായ പാശ്ചാത്യ ശക്തികൾക്ക് മുസ്‌ലിംകളെ ആഞ്ഞടിക്കാനുള്ള സന്ദർഭം സൃഷ്ടിച്ചുകൊടുക്കുക മാത്രമാണ് തീവ്രവാദം കൊണ്ടുള്ള നേട്ടം.

***ആഗോളതലത്തിൽ അഹ്മദിയ്യത്തിന്റെ ഭാവി?***

= അഹ്മദിയ്യത്ത് ഇന്ന് 185 രാജ്യങ്ങളിൽ സ്ഥാപിതമായിട്ടുണ്ട്. ആഗോളതലത്തിൽ അത് വിജയമുഹൂർത്തത്തിലേക്ക് അതിശീഘ്രം ഓടിയടുക്കുകയാണ്. എം.ടി.എ. എന്ന ആഗോള മുസ്‌ലിം സംപ്രേക്ഷണം ഈ ഉദ്യമത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. എം.ടി.എ.യുടെ അറബികൾക്കായുള്ള മൂന്നാമത്തെ മുഴുസമയ ചാനൽ ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. തീർച്ചയായും ഇതിന് അറബ് നാടുകളിൽ വമ്പിച്ച ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. മറ്റു നിരവധി ഭാഷകളിലും എം.ടി.എ.യിൽ ഇസ്‌ലാം മതപ്രചാരണം നടത്തിവരുന്നു. ആധുനിക ഡിജിറ്റൽ യുഗത്തിൽ ആഗോള വാർത്താവിനിമയത്തിന്റെ മുഴുവൻ സാധ്യതയും ഇസ്‌ലാമിക പ്രചാരണത്തിന് വേണ്ടി ഉപയോഗപ്പെടുത്താൻ ജമാഅത്ത് ഒരുങ്ങിക്കഴിഞ്ഞു. തീർച്ചയായും ലോകത്തിന്റെ നെറുകയിൽ ഇസ്‌ലാമിന്റെ വെന്നിക്കൊടി പറപ്പിക്കാമെന്ന ശുഭപ്രതീക്ഷയും അതിനനുസൃതമായ നേതൃത്വവും പ്രവർത്തനവും ഉള്ള ഒരേയൊരു മുസ്‌ലിം ജമാഅത്ത് അഹ്മദിയ്യത്ത് മാത്രമാണ്. ഇത് അല്ലാഹു ഏല്പിച്ചതും റസൂൽ തിരുമേനി മുഖേന പ്രവചിക്കപ്പെട്ടതുമായ ദൗത്യമാണ്. അത് വിജയിക്കുക തന്നെ ചെയ്യും.

***താങ്കളുടെ ജീവിതത്തിന്റെ ഏതെങ്കിലും അവിസ്മരണീയമായ സംഭവം?***

= ഹൈദരാബാദിൽ അഹ്മദിയ്യാ മുസ്‌ലിം മിഷൻ 3 നില കെട്ടിടത്തിലായിരുന്നു വർത്തിച്ചിരുന്നത്. അതിന്റെ മൂന്നാം നിലയിലായിരുന്നു ഞാൻ കുടുംബസമേതം താമസിച്ചിരുന്നത്. 1967 ജൂലായ് 21-ാം തീയതി പെട്ടെന്നു കെട്ടിടം പകുതിഭാഗം പൊളിഞ്ഞു വീണു. തദവസരത്തിൽ ഞാൻ സ്ഥലത്തുണ്ടായിരുന്നില്ല. ഞങ്ങൾ താമസിക്കുന്ന മൂന്നാം നിലയിൽ എന്റെ ഭാര്യയും മൂന്നു മാസം പ്രായമായ കൈക്കുഞ്ഞും മാത്രമാണപ്പോഴുണ്ടായിരുന്നത്. ബിൽഡിംഗ് വീണപ്പോൾ മൂന്നാം നിലയിൽ മുറിയുടെ ഒരു മൂലയിൽ രക്ഷപ്പെടാൻ ഒരു പഴുതുമില്ലാതെ കുഞ്ഞിനെയും പിടിച്ചു അന്ധാളിച്ചുനിൽക്കുകയായിരുന്നു. മുന്നിൽ നിലംപൊത്തിയ കെട്ടിടത്തിന്റെ അഗാധമായ കുഴി. പിടിച്ചുനിൽക്കാൻ ഒരു പഴുതുമുണ്ടായിരുന്നില്ല. ബാഹ്യമായി രക്ഷപ്പെടാൻ ഒരു വഴിയുമുണ്ടായിരുന്നില്ല. പെട്ടെന്നു സ്ഥലത്തെത്തിയ എനിക്ക് ഈ കാഴ്ച കണ്ട് എങ്ങനെ എന്റെ ഭാര്യയെയും കുഞ്ഞുങ്ങളെയും രക്ഷപ്പെടുത്താനാവും എന്നു അറിയാതെ ഇതികർത്തവ്യതാമൂഢനായി ഞാൻ നിൽക്കുകയായിരുന്നു. ഈ ഭായനകമായ അവസ്ഥയിൽ നൂറുക്കണക്കിൽ ജനം തടിച്ചുകൂടിയിരുന്നു. ഈ അവസരത്തിൽ ഫയർ സർവീസ് വാഹനം വന്ന് വലിയയൊരു ഏണി (സ്റ്റെയർകേയ്സ്) എന്റെ ഭാര്യയും കുഞ്ഞും നില്ക്കുന്ന സ്ഥലത്ത് തൊട്ടുതൊട്ടില്ല എന്ന നിലയിൽ വെച്ചു. എന്നാൽ ആർക്കും തന്നെ ഏണിയിൽ കയറാനുള്ള ധൈര്യമുണ്ടായില്ല. അവസാനം പ്രായമുള്ള ഒരു മുസ്‌ലിം ഫയർ സർവീസുകാരൻ ഏണിയിൽ പിടിച്ചു കയറി കുഞ്ഞിനെ കൈയിൽ വാങ്ങി ഭാര്യ ധൈര്യമവലംബിച്ചു ഏണിയിൽ ഇറങ്ങി താഴെ വന്നു. പിറ്റേന്നു പത്രങ്ങളിൽ ഈ രംഗം പടത്തോടുകൂടി ഒരമ്മയുടേയും കൈക്കുഞ്ഞിന്റേയും മുഅജ്ജിസത്തെന്നോണമുള്ള രക്ഷപ്പെടൽ എന്ന ശീർഷകത്തിൽ വാർത്ത വന്നിരുന്നു. അങ്ങനെ അല്ലാഹു അത്ഭുതകരമായ രീതിയിൽ തന്റെ അനുഗ്രഹവും കാരുണ്യവും പ്രകടിപ്പിച്ച സന്ദർഭം എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ സാധ്യമല്ല.

***സത്യദൂതന്റെ വായനക്കാരോട് താങ്കൾക്കുള്ള സന്ദേശമെന്താണ്?***

= 'സത്യദൂതൻ' കേരളത്തിലെ ഏറ്റവും പഴക്കമുള്ള മുസ്‌ലിം മാസികയാണ്. അല്ലാഹു അയച്ച ഒരു ദിവ്യാത്മാവിന്റെ സന്ദേശം മലയാളക്കരയിൽ പ്രചരിപ്പിക്കുന്ന ദിവ്യദൗത്യമേറ്റെടുത്ത ഒരു പ്രസിദ്ധീകരണമാണ് സത്യദൂതൻ. മറ്റുള്ള മാസികകളിൽ നിന്ന് തീർച്ചയായും സത്യദൂതൻ വേറിട്ടു നിൽക്കുന്നു. സത്യദൂതൻ ഇന്ന് വിപുലമായ വൃത്തത്തിൽ വളരെ ഗൗരവപൂർവ്വം വായിക്കപ്പെടുന്നുണ്ട്. ഇതിൽ വരുന്ന ലേഖനങ്ങളിൽ സ്ഫുരിക്കുന്ന ആത്മീയാംശവും സത്യത്തോടുള്ള നിഷ്ക്കളങ്കമായ സമർപ്പണവും വായനക്കാർക്ക് തീർച്ചയായും അനുഭവവേദ്യമായിട്ടുണ്ടാകും. സത്യദൂതൻ എളിയ നിലയിൽ പറയാൻ ശ്രമിക്കുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചറിയണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. മനുഷ്യജീവിതം ക്ഷണഭംഗുരമാണ്. സന്തോഷങ്ങളും ദുഃഖങ്ങളും നേട്ടങ്ങളും കോട്ടങ്ങളും സമ്മിശ്രമായി അതിവേഗം ജീവിച്ചു തീരുന്ന മനുഷ്യജീവിതത്തിൽ സഹനവും ക്ഷമയും കൈക്കൊള്ളുകയും പ്രാർത്ഥനയോടെ ദൈവത്തിലേക്ക് എപ്പോഴും തിരിഞ്ഞുകൊണ്ട് സത്യാന്വേഷിയായിരിക്കുകയും ചെയ്യണമെന്നാണ് എന്റെ അപേക്ഷ. ●

മുസാഫിർ

# കാലാവസ്ഥാ വ്യതിയാനവും മനുഷ്യന്റെ ജീവിതശൈലിയും

ഭൂമിയുടെ അന്തരീക്ഷം ക്രമേണ ചൂടായി വരികയാണ്. ആഗോളതാപനം (Global warming) എന്നറിയപ്പെടുന്ന ഈ പ്രതിഭാസം മനുഷ്യനടക്കമുള്ള ഭൂമിയിലെ ജീവജാലങ്ങളുടെ നിലനില്പിനെ അപകടപ്പെടുത്തുന്നവിധം ഒരു പാരിസ്ഥിതിക ദുരന്തമായി നമ്മുടെ മുന്നിൽ വന്നു നിൽക്കുന്നു. കൊടുംചൂട്, അതിശൈത്യം, പേമാരി, കൊടുങ്കാറ്റ്, അസ്ഥിരമായ കാലവർഷം, വരൾച്ച, എൽനിനോ, നാനിനോ മുതലായ പാരിസ്ഥിതിക പ്രശ്നങ്ങൾ ആഗോളതാപനത്തിന്റെ ഫലമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കാലാവസ്ഥാവ്യതിയാനത്തെസ്സംബന്ധിച്ച് പുറത്ത് വന്ന ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ചി(IPCC)ന്റെ നാലാമത് റിപ്പോർട്ട് ആഗോളതാപനത്തിന്റെ വിപത്തുകളെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നു. ലോകത്തെ വികസിത വ്യവസായിക രാജ്യങ്ങൾക്ക് മുഖ്യ പങ്കാളിത്വമുള്ള ഈ ആഗോള പാരിസ്ഥിതിക പ്രശ്നത്തിന് അവർ തന്നെ വില നൽകേണ്ടതുണ്ട്. ജർമ്മനിയിൽ ജൂൺ മാസത്തിൽ ചേരുന്ന അതിസമ്പന്നരാജ്യങ്ങളുടെ (G8) സമ്മേളനം ഇത് സംബന്ധിച്ച ഒരു ആക്ഷൻ പ്ലാൻ അംഗീകരിച്ച് നടപ്പാക്കുമെന്ന് ലോകത്തിലെ പരിസ്ഥിതിവാദികൾ പ്രതീക്ഷിക്കുന്നു.

ഭൂമിയുടെ അന്തരീക്ഷം സുതാര്യമാണ്. സൂര്യന്റെ ചൂട് ഭൂമിയിലെത്തിയാൽ ഊർജ്ജം ഇൻഫ്രാറെഡ് കിരണങ്ങളായി പുറത്തുപോകുമെങ്കിലും അവയെ അന്തരീക്ഷത്തിലെ ചില വാതകങ്ങൾ ഭൂമിയിൽ തന്നെ പുനർവിതരണം നടത്തുന്നു. ഈ വാതകങ്ങളിൽ പ്രധാനി കാർബൺ ഡയോക്സൈഡാണ്. അത് കൂടാതെ മീതൈൽ, നൈട്രിക് ഓക്സൈഡ്, ഹാലോ കാർബൺ, ഓസോൺ മുതലായ വാതകങ്ങളും ഈ ധർമ്മം നിർവ്വഹിക്കുന്നു. ഇതിനെയാണ് ഹരിതവാതകങ്ങൾ എന്ന് പറയുന്നത്. ഇങ്ങനെ ഭൗമാന്തരീക്ഷത്തിൽ ചൂട് സന്തുലിതമായി നിലനിർത്തുന്നതുകൊണ്ടാണ് ഭൂമിയിൽ ജീവികൾക്ക് ജീവിക്കാനനുയോജ്യമായ ഒരു ആവാസ വ്യവസ്ഥ രൂപംകൊള്ളുന്നത്. മനുഷ്യനടക്കം ജീവികൾ പുറത്തേക്ക് വിടുന്ന കാർബൺ ഡയോക്സൈഡ് ഭൂമിയിലേതന്നെ സസ്യജാലങ്ങൾ ആഗിരണം ചെയ്ത് അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അളവ് സമതുലിതമായി നിലനിർത്തുന്നു. അധികമായി വ്യവസായികവും മറ്റു ജീവിതപ്രവർത്തനങ്ങളിലുടെയും ഉല്പാദിപ്പിക്കപ്പെടുന്ന കാർ ബൺ വർദ്ധനവിനെ ആഗിരണം ചെയ്യാൻ ലക്ഷക്കണക്കിന് കിലോമീറ്റർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന കടലിലെ സൂക്ഷ്മമായ പ്ലവസസ്യങ്ങൾക്കും കഴിയുന്നു. അങ്ങനെ മനുഷ്യന്റെ കരങ്ങൾക്കതീതമായ ഭൂമിയിലെ തന്നെ നിരവധി സൂക്ഷ്മമായ ചാക്രിക സന്തുലനവ്യവസ്ഥകളുടേ യും ഗോളാന്തരീയമായ സംവിധാനങ്ങളുടേയും ആനുകൂല്യത്തിലാണ് ഭൂമിയിൽ ജീവിതോത്സവങ്ങൾ അരങ്ങേറുന്നതും വളർന്ന് വികസിക്കുന്നതും. കാർബൺ ഡയോക്സൈഡിന്റെ ഉത്പാദനം ഒരു പരിധി കവിഞ്ഞാൽ പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നു. ഇത്തരത്തിലുള്ള മനുഷ്യപ്രവർത്തനങ്ങളെ സംബന്ധിച്ചാണ് ഖുർആൻ നമ്മെ ഉണർത്തുന്നത്.

***'ലതകളും വൃക്ഷങ്ങളും അനുസരിക്കുന്നു. ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സന്തുലനത്തിന്റെ ക്രമം തെറ്റിക്കാതിരിക്കാൻ വേണ്ടി നിങ്ങൾ നീതിപൂർവ്വം സന്തുലനം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവ് വരുത്തുകയുമരുത്. ഭൂമിയെ അവൻ എല്ലാ സൃഷ്ടിജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു.*** (അർറഹ്മാൻ 55: 7–11)

ദൈവകാരുണ്യത്തിന്റെ കേദാരമായ ഭൂമി എല്ലാ സൃഷ്ടിജാലങ്ങൾക്കും വേണ്ടി ദൈവം സൃഷ്ടിച്ച പൊതുസ്വത്താണെന്നു പ്രഖ്യാപിക്കുന്ന ഖുർആൻ, അതിൽ ഒരു സന്തുലന വ്യവസ്ഥയുണ്ടെന്നും അതുകൊണ്ടാണ് അതിൽ വൃക്ഷലതാദികളും ജീവജാലങ്ങളും വസിക്കുന്നതെന്നും സൂചിപ്പിക്കുന്നു. ഈ വ്യവസ്ഥയിൽ അതിക്രമം പ്രവർത്തിച്ചുകൊണ്ട് അതിന്റെ പാരിസ്ഥിതിക സന്തുലനം അവതാളത്തിലാക്കി ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തരുതെന്ന ദൈവത്തിന്റെ താക്കീത് എത്ര അർത്ഥഗർഭമാണ്. ഇന്ന് ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിദുരന്തങ്ങൾക്ക് കാരണം ചൂഷണവ്യഗ്രതയോടെ മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന കൈയേറ്റങ്ങളുടെയും തത്ത്വദീക്ഷയി

ല്ലാത്ത ഇടപെടലുകളുടെയും ഫലമാണെന്ന് ഇത് സംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നു. ആധുനിക വ്യവസായയുഗം ആരംഭിച്ചതിനുശേഷം 1750 മുതൽ മനുഷ്യന്റെ പ്രവർത്തനങ്ങളാണ് പാരിസ്ഥിതിക ദുരന്തങ്ങൾക്ക് കാരണമെന്ന് പരിസ്ഥിതി ശാസ്ത്രം പറയുന്നു. ഇതിനെയാണ് മനുഷ്യകൃത (Anthroprogenic) ഘടകങ്ങൾ എന്ന് ശാസ്ത്രം പറയുന്നത്. ആധുനിക കാലമാവുമ്പോഴേക്കും അതിന്റെ തീവ്രത അസഹ്യമായ വിതാനത്തിലേക്കെത്തിയിരിക്കുന്നു. വിശുദ്ധ ഖുർആൻ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു:

***'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവൻ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു.'*** (അർറൂം 30:42)

സമ്പന്ന രാജ്യങ്ങളിലെ ജനങ്ങളുടെ അമിതമായ ഉപഭോഗസംസ്കാരമാണ് ഇത്തരത്തിലുള്ള പാരിസ്ഥിതിക ദുരന്തത്തിലേക്ക് ഭൂമിയെ കൊണ്ടെത്തിക്കുന്നത്. ഇതിനെ സംബന്ധിച്ച് ഇപ്പോൾ അന്തർദേശീയ സമൂഹം ബോധവാന്മാരാണ്. അതിരുകളില്ലാത്ത അന്തരീക്ഷത്തിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾക്ക് ഒരു രാജ്യത്തിന് മാത്രം ഒറ്റതിരിഞ്ഞ് പരിഹരിക്കാൻ സാധ്യമല്ല. അന്തർദ്ദേശീയ സഹകരണം ആവശ്യപ്പെടുന്ന ഈ പാരിസ്ഥിതിക പ്രശ്നത്തെസ്സംബന്ധിച്ച് ആലോചനകൾക്ക് തുടക്കം കുറിച്ചത് ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1992ൽ ചേർന്ന ബ്രസീലിലെ റിയോഡീ ജനിറോവിൽ 'യുണൈറ്റഡ് നേഷൻസ് ഫ്റൈയിം വർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്' (UFCCC) എന്ന ചർച്ചാവേദിയാണ്. തുടർന്ന് 1997ൽ ജപ്പാനിലെ ക്യോട്ടോവിൽ ചേർന്ന രാജ്യാന്തര സമ്മേളനം ഒരു ആക്ഷൻ പ്ലാൻ (Kyoto protocol) അംഗീകരിക്കുകയുണ്ടായി. 2005 ഫെബ്രുവരിയിലാണ് ഇത് പ്രാബല്യത്തിൽ വന്നത്. 130 രാജ്യങ്ങൾ ക്യോട്ടോ കരാറിൽ ഒപ്പ് വെച്ചിട്ടുണ്ട്. ക്യോട്ടോ പ്രോട്ടോകോളിൽ ലോകരാഷ്ട്രങ്ങളെ രണ്ടായി വിഭജിച്ചിരിക്കുന്നു. 'അനക്സ് I പാർട്ടി' എന്ന പേരിൽ 41 സമ്പന്ന വികസിത രാജ്യങ്ങളേയും ബാക്കി ദരിദ്രരാജ്യങ്ങളെ 'അനക്സ് II പാർട്ടി' എന്ന പേരിലുമാണ് വിഭജിച്ചത്. വികസിത രാജ്യങ്ങളിലെ, വ്യാവസായിക സാമ്പത്തിക മറ്റു ജീവിത പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന അധികം കാർബൺ ഡയോക്സൈഡ് ഉല്പാദനമാണ് പരിസ്ഥിതിയെ കൂടുതൽ ബാധിക്കുന്നത് എന്ന് വിലയിരുത്തിയ ക്യോട്ടോ പ്രോട്ടോകോൾ സമ്പന്നരാജ്യങ്ങൾ 2010നുള്ളിൽ കാർബൺ ഉൽസർജനം കുറക്കേണ്ടതിന്റെ അളവും, തോതും നിർണ്ണയിച്ച് പ്രഖ്യാപിക്കുകയും നിയമപരമായി അവരെ ബാദ്ധ്യതപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ദരിദ്രരാജ്യങ്ങളിലെ കാർബൺ ഉത്പാദന പ്രവർത്തനങ്ങൾ അവരുടെ ജീവിതത്തിന്റെ നിലനില്പിന്റെ പ്രഥമ പ്രശ്നമായതിനാൽ അവരുടെ മേൽ ക്യോട്ടോ കരാർ നിയമപരമായ നിർദ്ദിഷ്ട നിയന്ത്രണങ്ങളൊന്നും വച്ചിട്ടില്ല. ഈ കരാർ ഒരു ധാർമ്മികബാദ്ധ്യത മാത്രമാണ്. ഐക്യരാഷ്ട്രസഭയുടെ എല്ലാ പരിപാടിയും പോലെ ആരേയും നിർബന്ധിക്കാൻ പറ്റാത്ത അവസ്ഥ. പക്ഷേ പെട്രോൾ ഇന്ധനങ്ങൾ പോലെയുള്ള ഫോസിൻ വിഭവങ്ങൾ ലക്കും ലഗാനുമില്ലാതെ ഉപയോഗിക്കുന്ന അമേരിക്ക ക്യോട്ടോ കരാർ പരസ്യമായെതിർത്ത് കരാറിൽ നിന്നും പുറത്ത് പോയിരിക്കുകയാണ്. ധിക്കാരിയായ അവരുടെ പ്രസിഡണ്ട് കരാറിൽ പറയുന്നത് പ്രകാരം അമേരിക്കയിൽ നിയന്ത്രണം വരുത്താൻ സാധ്യമല്ല എന്ന് പരസ്യമായി പറഞ്ഞിരിക്കുകയാണ്. ഭൂമിയിലെ ആളോഹരി പ്രതിശീർഷ ഇന്ധന ഉപയോഗത്തിൽ, ദരിദ്രരാജ്യങ്ങളിലെ ആളുകളേക്കാൾ എത്രയോ ഇരട്ടി അധികമാണ് വികസിത രാജ്യങ്ങളിലെ ആളോഹരി ഇന്ധന ഉപയോഗം. അവരാണ് വമ്പിച്ചതോതിൽ ഭൂമിയുടെ പരിസ്ഥിതിക്ക് വിഘാതങ്ങൾ സൃഷ്ടിക്കുന്നത്.

ക്യോട്ടോ കരാർ അനുശാസിക്കുംവിധം സമ്പന്ന രാജ്യങ്ങളിൽ മിക്കവരും അവരുടെ ഇന്ധന ഉപയോഗത്തിൽ കുറവോ കാർബൺ ഉല്പാദനത്തിൽ നിയന്ത്രണമോ വരുത്തിയിട്ടില്ല. ജീവജാലങ്ങളുടെ പൊതുസ്വത്തായ ഭൂമിയുടെ ജീവന്റെ നിലനിൽപിനു തന്നെ ഇത് ഭീഷണിയായി മാറുകയാണ്. മനുഷ്യന്റെ ഈ അമിത ഭോഗാസക്തിയെ കടിഞ്ഞാണിടുന്ന യാതൊരു ആത്മീയ ധാർമ്മിക ജീവിതസംഹിതകളും പാശ്ചാത്യ സമ്പന്ന രാജ്യങ്ങളില്ല. അതുകൊണ്ട് മനുഷ്യൻ നിയന്ത്രണങ്ങളൊന്നുമില്ലാത്ത ഭൗതികാനുഭൂതികളുടെ ആസ്വാദനങ്ങളിലും അന്വേഷണങ്ങളിലും വ്യാപൃതനാവുന്നു. പ്രകൃതി വിരുദ്ധമായ ഈ ജീവിതശൈലിയാണ് പരിസ്ഥിതിനാശം വരുത്തിവെക്കുന്നത്. കൊടും ചൂടും അതിശൈത്യവും പേമാരിയും, കൊടുങ്കാറ്റും, വരൾച്ചയുമായി അത് ഭൂമിയിൽ താണ്ഡവനൃത്തം ചെയ്യുന്നു. ആത്മീയപ്രചോദിതമായ ഒരു സാമൂഹിക ജീവിതസംവിധാനം മനുഷ്യന്റെ പരലോകമോക്ഷത്തെപോലെത്തന്നെ ഭൗതികജീവിതക്ഷേമവും പരിസ്ഥിതി സൗഹർദ്ദവും കൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പരിസ്ഥിതിയെ രക്ഷിക്കാൻ മനുഷ്യൻ വിവേകപൂർണ്ണമായ ആത്മീയ ധാർമ്മിക ജീവിതത്തിലേക്ക് മടങ്ങുകയേ വഴിയുള്ളൂ. ഖുർആൻ വചനം വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു:

***'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവൻ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു.'*** (അർറൂം 30:42)

●

വാർത്തകൾ

# മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് കേരള ചീഫ് മിഷനറി

കോഴിക്കോട്: കേരളത്തിലെ ചീഫ് മുബല്ലിഗായി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബിനെ നിയമിച്ചതായി ഖാദിയാനിൽ നിന്നും അറിയിച്ചിരിക്കുന്നു. കേരളത്തിലെ ചീഫ് മിഷനറിയായിരുന്ന മൗലാനാ മുഹമ്മദ് ഉമർ സാഹിബ് നാസിർ ഇസ്‌ലാഹോ ഇർശാദ് ഭാരത് ആയി ചുമതലയേറ്റതിനെ ത്തുടർന്നാണ് ഈ നിയമനം. തമിഴ്നാട്ടിൽ മുബല്ലിഗായി പ്രവർത്തിച്ചുവരുന്ന മൗലവി അയ്യൂബ് സാഹിബ് വിദേശരാജ്യങ്ങളിലും അഹ്മദിയ്യാ മിഷനറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബഹുഭാഷാ പണ്ഡിതനും പ്രഗത്ഭനായ മുബല്ലിഗും കഴിവുറ്റ സംഘാടകനുമാണ്.

എറണാകുളം ജില്ലയിലെ ഐരാപുരം ജമാഅത്തിന്റെ ആദ്യകാല പ്രസിഡണ്ടും വില്ലേജ് ഓഫീസറുമായിരുന്ന എം.എ. ആലി സാഹിബിന്റേയും കുഞ്ഞാമ്മ സാഹിബയുടേയും പുത്രനാണ്. നാല്പത്തേഴുകാരനായ മൗലവി സാഹിബ് 1975ലാണ് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. ബൈഅത്ത് ചെയ്തയുടനെ മതപഠനത്തിനായി ഖാദിയാനിലേക്ക് തിരിക്കുകയാണുണ്ടായത്. 1983-ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും എച്ച്.എ. ബിരുദവും മദ്രസ്സാ അഹ്മദിയ്യായിൽ നിന്ന് മൗലവി ഫാസിലും പാസ്സായി. തമിഴ്നാട്ടിലായിരുന്നു ആദ്യം നിയമിതനായത്. അവിടെ ചെന്നൈ, മേലേപാളയം, കോയമ്പത്തൂർ എന്നിവിടങ്ങളിൽ മുബല്ലിഗായി പ്രവർത്തിച്ചിട്ടുണ്ട്. തമിഴ് ഭാഷയിലുള്ള ഖുർആൻ വിവർത്തനം അദ്ദേഹം കൂടി ഉൾപ്പെട്ട ഒരു സമിതിയാണ് നിർവ്വഹിച്ചത്. തമിഴ്ഭാഷയിലെ അഹ്മദിയ്യാ മുഖപത്രമായ 'സമാധാന വഴി'യുടെ എഡിറ്ററായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1994ൽ തമിഴ്നാട്ടിലെ മുസ്‌ലിം സമൂഹത്തിൽ വമ്പിച്ച ശ്രദ്ധ പിടിച്ചുപറ്റി കോയമ്പത്തൂർ സംവാദത്തിൽ വിവാദമർമ്മജ്ഞനായ മൗലവി അയ്യൂബ് സാഹിബ് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും തമിഴ്നാട്ടിലെ അഹ്‌ലെ ഖുർആൻ വൽ ഹദീസ് എന്ന സംഘടനയുമായിട്ടായിരുന്നു സംവാദം. തമിഴ്നാട്ടിലെ മുഴുവൻ അനഹ്മദി മുസ്‌ലിം മതസംഘടനകളുടെയും പിന്തുണ അവർക്കുണ്ടായിരുന്നു. അഹ്മദിയ്യാ പക്ഷത്തെ നയിച്ചിരുന്നത് മൗലാനാ മുഹമ്മദ് ഉമർ സാഹിബായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന സഹായിയായി പ്രവർത്തിച്ചത് മൗലവി അയ്യൂബ് സാഹിബ് ആയിരുന്നു. ഈ സംവാദത്തിന് ശേഷം തമിഴ്നാട്ടിൽ അഹ്മദിയ്യാ ജമാഅത്തിന് വളരെയേറെ വേരോട്ടമുണ്ടായിട്ടുണ്ട്.

മൗലാനാ ഉമർ സാഹിബിന്റെ മകൾ വഹീദാ സാഹിബയാണ് ഭാര്യ. മകൻ ഖാലിദ് സി.എ.ക്ക് പഠിക്കുന്നു.

**പുസ്തകാവലോകനം**

# ഇസ്‌ലാമിക ക്വിസ്

## ഡോ. മുബാറക്കാ മുഹമ്മദ്

ഒരു സർഗ്ഗാത്മക വൈജ്ഞാനിക വിനോദമാണ് ക്വിസ്. സദസ്സിൽ വെച്ച് വാചികമായി ആവിഷ്കരിക്കേണ്ട വിനോദപരിപാടിയാണിത്. ക്വിസ് മാസ്റ്ററും മത്സരാർത്ഥികളും മാത്രമല്ല സദസ്സുകളിലേക്കും ക്വിസ് മാസ്റ്ററുടെ ചോദ്യം നീളുന്നു. ഒറ്റവാക്കിലുള്ള ഉത്തരത്തിലൂടെ പൊതുവിജ്ഞാനം പരിശോധിക്കുന്ന ഒരു പരീക്ഷാസമ്പ്രദായമല്ല ക്വിസ്. ജനറൽനോളജ് എന്നതിനേക്കാൾ മത്സരാർത്ഥിയുടെ ജനറൽ അവേർനസ് (പൊതുവിജ്ഞാന ബോധം) ആണ് ക്വിസ്സിൽ പരിശോധിക്കപ്പെടുന്നത്. അതൊരു നിധിവേട്ട കളി (ട്രഷർഹണ്ട് ഗെയിം) പോലെയുള്ള ഒരു വിജ്ഞാന വിനോദമാണ്. മത്സരാർത്ഥിക്ക് ധാരാളം സൂചനകൾ നൽകി ജ്ഞാനത്തിന്റെ സമൃ

# എറണാകുളം സോൺ ഖിലാഫത്ത് ദിനം




*ഖാരി നവാബ് സാഹിബ് ഖാദിയാൻ മുഖ്യപ്രഭാഷണം നടത്തുന്നു. മൗലവി അൻസാർ സാഹിബ്, മൗലവി മൻസിൽ സാഹിബ്, മേഖലാ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ്, മൗലവി നാസിർ അഹ്മദ് സാഹിബ് എന്നിവർ സമീപം.*

എറണാകുളം മേഖലയുടെ കീഴിലുള്ള ജമാഅത്തുകളിൽ ഖിലാഫത്ത് ദിനാചരണം ബൈത്തുൽമാൽ നായിബ് നാസിർ ഖാരിനവാബ് അഹ്മദ് സാഹിബ് ഖാദിയാൻ ഉദ്ഘാടനം ചെയ്തു. വിവിധ ലോക ഭാഷകളിൽ ഖുർആൻ വിവർത്തനം ചെയ്തും ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടും, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയും അഹ്മദിയ്യാ ജമാഅത്ത് അതിന്റെ ജൂബിലിയാഘോഷങ്ങളിലേക്ക് പ്രവേശിക്കുകയാണെന്ന് ഖാരി സാഹിബ് പറഞ്ഞു. ദുആകളിലൂടെ അല്ലാഹുമായി നിരന്തര ബന്ധം പുലർത്തണമെന്നും അദ്ദേഹം ഉപദേശിച്ചു. യോഗത്തിൽ അധ്യക്ഷത വഹിച്ച എറണാകുളം മേഖല അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഖിലാഫത്തിനെ അനുസരിക്കുക എന്നത് ഖലീഫയുടെ കീഴിലുള്ള മുഴുവൻ സംവിധാനത്തേയും അധികാരസ്ഥരേയും അനുസരിക്കുക എന്നതാണെന്നും അത്തരത്തിലുള്ള സമർപ്പിത ജീവിതത്തിലൂടെ മാത്രമേ വിജയം വരിക്കാൻ സാധിക്കുകയുള്ളൂ എന്നും ഖുലഫാഉർറാശാദീങ്ങൾക്ക് ശേഷം ഇസ്‌ലാമിക ഖിലാഫത്തിലുണ്ടായ കുഴപ്പങ്ങളിൽ നിന്നും നാം പാഠം പഠിക്കണമെന്നും പറഞ്ഞു. യോഗത്തിൽ മൗലവി മൻസിൻ അഹ്മദ് സാഹിബ്, മൗലവി നാസിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

**ബി.ഒ. മുഹമ്മദ് നാഫി**

---

തിപഥങ്ങളെ ജാഗരം കൊള്ളിച്ച് ജ്ഞാനനിധി കണ്ടെടുക്കാൻ ക്വിസ് മാസ്റ്റർ ചോദ്യങ്ങൾ തൊടുത്തുവിടുന്നു. ചോദ്യങ്ങളിൽ നിന്നുള്ള വിജ്ഞാനപ്രസരണത്തിൽ നിന്നു തന്നെ ക്വിസ്സിൽ പങ്കെടുക്കുന്നവർക്ക് ഉത്തരത്തിനുള്ള ക്ലൂ ലഭിക്കുന്നു. അങ്ങനെ വിജ്ഞാനം വിനോദത്തിന്റെ അനുഭൂതിയുണ്ടാക്കുന്ന ഏറ്റവും അഭിലഷണീയമായ ഒരു മത്സരയിനമാണ് ക്വിസ്.

ഡോ. മുബാറക്കാ ബീവിയുടെ ഇസ്‌ലാമിക് ക്വിസ് എന്ന കൊച്ചു കൃതിയിലും പ്രസ്തുത രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇസ്‌ലാമിക് ക്വിസിന്ന് തയ്യാറെടുക്കുന്നവർക്ക് നല്ലൊരു കൈപുസ്തകമാണ് ഈ കൃതി. നമ്മുടെ ആത്മീയജീവിതവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക വൈജ്ഞാനിക ലോകം വളരെ വിപുലമായ ഒന്നാണ്. ഗ്രന്ഥകർത്രിയുടെ തിരഞ്ഞെടുപ്പും അവതരണരീതിയും വളരെ നിലവാരവും ഔചിത്യവും പുലർത്തുന്നുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ മഹിളാസംഘടനയാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചതെങ്കിലും പുരുഷന്മാരും യുവാക്കളും വായിച്ച് ഹൃദിസ്ഥമാക്കേണ്ട ഒരു കൃതിയാണിത്.

**എ. എം.**

**വില : 30 രൂപ**
**പ്രസാധകർ**
**ലജ്ന ഇമായില്ലാഹ്**
**പഴയങ്ങാടി**